1731
1561
ISLAM HIGH S



VOL. III.

Approved by the Text-Book Committee

FOR

FORM VI.

Date 15 61

A Survey of World History

ലോകചരിത്രവീക്ഷണം

VOL. III.

ഇരുപതാം ശതകം

Revised, Enlarged and Brought up-to-date.

BY

K. E. JOB M. A. L. T.

Published by
ASSISI BOOK HOUSE,
Changanacherry.

[Price Re. 1/4.

All Rights Reserved.

Printed at the
St. Joseph's Printing House,
Tiruvalla—1951.

FOREWORD.

World History is a very vast subject. It is a record of the various events that have happened from the appearance of Man on Earth to the day on which we live. Evidently a detailed study of the history of the world is beyond the reach of School Final candidates. It is an entirely new subject in Indian secondary schools. The Syllabus Committee has therefore defined its objective as follows:— "To develop a broad human interest in the progress of mankind by impressing upon the pupils the contributions of different races and peoples towards that progress. This knowledge should help pupils to understand the *basis* and *background* of current affairs." In a note the Committee further clarifies its objective: "A brief survey of the *main currents* and movements with an intelligent understanding of *personalities*, and the *part played by them*—this is to be aimed at rather than a chronological study of world events." It is with the above directions in mind that the three volumes of World History for Forms IV, V and VI have been prepared by the present author, following the main topics given in the prescribed syllabus.

Volume III covers the History of the Twentieth Century. The syllabus given overleaf is intended for the guidance of those who handle the subject in class. It is hoped that teachers and examiners will steer clear of two possible extremes, namely, that of being too detailed, and of being too meagre. If too many details are

attempted there is the danger of missing the wood for the trees; if the treatment is too meagre, on the other hand, there is the other danger of missing the main currents, movements and outstanding the personalities.

There are now several text books in the market approved and otherwise, claiming to be prepared according to the existing syllabus, but differing from each other in the selection and rejection of details. Hence there is a danger of the examiners choosing questions from their favourite authors. It is expected in fairness that public examination questions will be based on the spirit of the prescribed syllabus as explained in their declared objective.

SYLLABUS IN WORLD HISORY FOR FORM VI

1. Further developments in Industrial and Scientific Progress.

   (a) Discovery of new sources of Power—Steam—Gas—Electricity.

   (b) Rapid development of communications—steamships—railways—telegraphs—telephones—wireless—radio—cars—planes and submarines.

   (c) Advancement of medical science—vaccination—pasteurisation—anaesthetics-radium—X-rays-discovery of new drugs like penicillin.

   (d) Increase of comforts—Invention of various labour saving machines—Cinema as entertainment and education.

1561

2. Growth of democracy:

(a) Conflict with monarchic traditions and extension of political rights.
(b) Development of representative institutions.
(c) Growth of national feelings.

3. The first world war.

(a) Causes.
(b) Main treatees.
(c) Results-the treaty of Versailles— League of Nations.

4. Rise of new dictators and Totalitarian States.

(a) Drawbacks of the treaty of Versailles.
(b) Kemal Ata Turk builds up Modern Turkey.
(c) Mussolini raises a Fascist dictatorship in Italy.
(d) Hitler and the Nazi Regime.

5. Rise of Soviet Russia.

(a) The misrule of the Czars and the misery and backwardness of Russia.
(b) Karl Marx—spread of Marxian ideas—Socialism and Communism.
(c) The Russian Bolshevik Revolution—Establishment of the Soviet Government—Lenin and Stalin.
(d) Progress of Russia under Soviet Government—the idea of National Planning.
(e) The comintern and the world communist revolution.

6. A brief sketch of the modern history of China and Japan.

A. (a) The Revolution and birth of the Chinese Republic; Sun-yat-Sen.

(b) European and American interest in China.

(c) The Chinese Civil War.

B. (a) How Japan developed into a modern State on Western lines.

(b) The Russo Japanese War, and its effect on Japan.

(c) Alliance with England in the First World War—rapid growth of her industries and commerce.

(d) The Sino-Japanese War.

(e) Japan's share in the 2nd world war—her defeat and downfall.

7. The 2nd World War.

(a) Causes, main theatres of war—chief personalities.

(b) Reasons for the early success and the final fall of the Axis powers.

(c) Why peace is delayed—The conflict of ideologies between Communists and Democrats.

(d) The U. N. O. and the idea of one World—Growth of National Consciousness in Asia.

EUROPE IN 1950 AD.
ICELAND
BRITISH ISLES
SCOTLAND
EIRE
ENGLAND
LONDON
ATLANTIC OCEAN
NORWAY
OSLO
SWEDEN
STOCKHOLM
BALTIC SEA
FINLAND
LENINGRAD
MOSCOW
U S S R
STALINGRAD
ARAL SEA
CASPIAN SEA
BERLIN
GERMANY
POLAND
WARSAW
PRAGUE
CZECHO SLOVAKIA
PARIS
FRANCE
SWITZERLAND
AUSTRIA
HUNGARY
ROMANIA
BUCHAREST
BLACK SEA
JUGOSLAVIA
BELGRADE
BULGARIA
SOFIA
ISTANBUL
TURKEY
ANKARA
GREECE
ITALY
ROME
Corsica
Sardinia
LISBON
PORTUGAL
MADRID
SPAIN
MEDITERRANEAN SEA
AFRICA

1561

ലോകചരിത്ര വീക്ഷണം.

മൂന്നാം വാല്യം

അദ്ധ്യായം 1.

ആധുനികലോകത്തിലെ ശാസ്ത്രാഭിവൃദ്ധി

ലോകചരിത്രത്തിലെ പ്രതിപാദ്യവിഷയം മനുഷ്യരാശിയുടെ സമസ്തപ്രവൎത്തനങ്ങളുമാണ്. രാഷ്ട്രങ്ങളുടെ ഉത്ഭവം, വളൎച്ച, അവയുടെ സാമ്പത്തികാഭിവൃദ്ധി അവ തമ്മിലുള്ള മത്സരങ്ങൾ, ഉടമ്പടികൾ മുതലായവ മാത്രമല്ല മനുഷ്യരാശിയുടെ പ്രവൎത്തനങ്ങൾ, മനുഷ്യന്റെ മാനസികപരിശ്രമങ്ങളുടെ ഫലമായി അഭിവൃദ്ധി പ്രാപിച്ചുവരുന്ന പ്രാപഞ്ചികശാസ്ത്രങ്ങൾ, മതം, തത്വം, മുതലായവയെപ്പററിയെല്ലാം ചരിത്രത്തിൽ പ്രതിപാദിക്കേണ്ടതാണ്. 19-ം 20-ം ശതാബ്ദങ്ങളിൽ നടന്നിട്ടുള്ള ശാസ്ത്രീയ ഗവേഷണങ്ങളുടെ ഫലമായി ആധുനിക ലോകത്തിനുണ്ടായ നാനാമുഖമായ പുരോഗതിയെപ്പററിയാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നതു്. രാഷ്ട്രീയവും സാമ്പത്തികവും സാമുദായികവുമായ ചരിത്രസംഭവങ്ങളെ ബുദ്ധിപൂൎവ്വം ഗ്രഹിക്കുന്നതിനു പ്രസ്തുത കണ്ടുപിടുത്തങ്ങളെപ്പററിയുള്ള സാമാന്യജ്ഞാനം അനുപേക്ഷണീയമത്രെ.

A. പ്രകൃതിശക്തികളുടെ കണ്ടുപിടുത്തവും വ്യവസായ പുരോഗതിയും

ആധുനികലോകത്തിലെ മിക്ക വ്യവസായങ്ങളും ഗതാഗതങ്ങളും ആശയവിനിമയവും പ്രധാനമായി നടന്നുകൊണ്ടിരിക്കുന്നതു് യന്ത്രസാമഗ്രികളുടെ ഉപയോഗം മൂല

മാണല്ലൊ. ഈ യന്ത്രങ്ങൾക്ക് ചലനം കൊടുക്കുന്നതു് നീരാവി, ഗ്യാസ്, ഇലക്ട്രിസിററി തുടങ്ങിയ പ്രാപഞ്ചികശക്തികളത്രെ. ഇപ്പോൾ നിലവിലിരിക്കുന്ന ചില നീരാവിയന്ത്രങ്ങൾക്കു് ഒരു ലക്ഷത്തിനും രണ്ടുലക്ഷത്തിനും ഇടയ്ക്കുള്ള കുതിരശക്തിയുണ്ടുപോലും. ഒരു കുതിരയ്ക്കു് ഇരുപതു മനുഷ്യരുടെ ശക്തിയുള്ള സ്ഥിതിക്കു് രണ്ടുലക്ഷം കുതിരശക്തിയുള്ള ഒരു യന്ത്രംമൂലം വ്യവസായനേതാക്കന്മാൎക്കു് പ്രകൃതിയിൽനിന്നു ലഭിക്കുന്ന സഹായം 40 ലക്ഷം തൊഴിലാളികളുടെ കരബലത്തോടു സമമത്രെ. ഈ നീരാവിയന്ത്രത്തിന്റെ ഉപയോഗം ആദ്യമായി കണ്ടുപിടിച്ചു നടപ്പിലാക്കിയതു് 1774-ൽ ജെയിംസ്‌വാട്ടു് എന്ന ബ്രിട്ടീഷുകാരനാണു്. 1825-ൽ ജോർജ്ജ്സ്റ്റീഫൻസൺ എന്നൊരു ബ്രിട്ടീഷുകാരൻ അതുപയോഗിച്ചു് ആദ്യമായി ഒരു റയിൽവേ നടപ്പിലാക്കി. കാലാന്തരത്തിൽ നീരാവി ഉപയോഗിച്ചുള്ള വൻതര ബോട്ടുകളും ഇരുമ്പു കപ്പലുകളും ഉപയോഗത്തിൽവന്നു. ഇന്നത്തെ വ്യവസായപരിവൎത്തനങ്ങൾക്കും, രാഷ്ട്രീയ വികസനങ്ങൾക്കും മററും അടിസ്ഥാനം ഈ കണ്ടുപിടുത്തങ്ങളത്രെ. 1812-ൽ (Fulton) ഫുൾട്ടൺ എന്നു പേരായ ഒരമേരിക്കനാണു് ആദ്യമായി സ്റ്റീംബോട്ടു് നിൎമ്മിച്ചതു്. ഇതോടുകൂടി തടികൊണ്ടുള്ള പഴയ പാ കപ്പലുകൾക്കു പകരം ഇരുമ്പുകൊണ്ടുള്ള ആവിക്കപ്പലുകളും ആവിർഭവിച്ചു. 1340-ൽ കുനാർഡു് എന്ന മഹാൻ ഇംഗ്ലണ്ടും അമേരിക്കയും തമ്മിലുള്ള കപ്പൽ സൎവ്വീസു തുടങ്ങിയതു് ഇത്തരം ഇരുമ്പുകപ്പലുകളുപയോഗിച്ചായിരുന്നു. 1856-ൽ ബെസ്സീമർ എന്ന ഇംഗ്ലീഷുകാരൻ ഇരുമ്പിൽനിന്നും നിഷ്പ്രയാസം ഉരുക്കുണ്ടാക്കുന്നതിനുള്ള വിദ്യ കണ്ടുപിടിച്ചതിനോടുകൂടി ഉരുക്കുകൊണ്ടുണ്ടാക്കിയ ബലവത്തായ ആവിക്കപ്പലുകൾ പ്രചരിച്ചുതുടങ്ങി. തന്മൂലം ലോകമാസകലമുള്ള വിദേശഗതാഗതവും വാണിജ്യവും വളരെ അഭിവൃദ്ധിപ്പെട്ടു. ബ്രിട്ടൻ, അമേരിക്കാ, ഫ്റാൻസ്, ജെൎമ്മനി തുടങ്ങിയ പാശ്ചാത്യദേശങ്ങളുടെ രാഷ്ട്രീയവും സാമ്രാജ്യപരവും സാമ്പത്തികവുമായ വികസനത്തിനു കാരണം ഈ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളത്രെ.

നീരാവിപോലെതന്നെ യന്ത്രങ്ങൾക്കു ചലനം കൊടുക്കുന്ന മറെറാരു പ്രകൃതിശക്തിയത്രെ പെട്രോൾഗ്യാസു കൊണ്ടുണ്ടാകുന്ന മോട്ടോർശക്തി. ഇതിൻെറ ശക്തി കൊണ്ടാണു മോട്ടോർ സൈക്കിളുകളും മോട്ടോർകാറുകളും ബസ്സുകളും ലോറികളും വിമാനങ്ങളും ചിലപ്പോൾ കപ്പലുകളും ഓടിക്കൊണ്ടിരിക്കുന്നതു്. 1886-ാമാണ്ടിടയ്ക്കു ഡെയ്മ്ലർ എന്ന ജർമ്മൻകാരനാണു് പെട്രോൾ എൻജിൻ കണ്ടുപിടിച്ചതു്. മോട്ടോർശക്തി ഉപയോഗിച്ചു സമാധാനകാലങ്ങളിൽ പല വ്യവസായയന്ത്രങ്ങൾ നടത്തുകയും കപ്പലുകളും വിമാനങ്ങളും ഓടിക്കുകയും ചെയ്യുന്നുണ്ടു്. മോട്ടോർ വാഹനങ്ങൾ രാജ്യങ്ങൾ തമ്മിലുള്ള ദൂരത്തെ വെട്ടിക്കുറയ്ക്കുകയും ഗതാഗതത്തേയും വ്യാപാരഗതിയേയും അത്യധികം അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നു.

ഇന്നു മോട്ടോർ വ്യവസായത്തിൽ മുന്നിട്ടുനിൽക്കുന്ന രാജ്യം അമേരിക്കൻ ഐക്യനാടുകളത്രെ. ഹെൻറി ഫോർഡു് എന്ന കോടീശ്വരനായിരുന്നു ഈ വ്യവസായത്തിൽ പ്രമുഖൻ. അദ്ദേഹം 1902-ൽ ഡെട്രോയിററു് എന്ന സ്ഥലത്തു തുടങ്ങിയ വ്യവസായശാലയിൽനിന്നും വിലകുറവുള്ള ധാരാളം മോട്ടോർ കാറുകൾ ലോകമാസകലം പ്രചരിപ്പിച്ചു. ഇപ്പോൾ അമേരിക്കയിലുള്ള വൻപിച്ചജനസംഖ്യയിൽ നാലിൽഒന്നു ഭാഗത്തിനു സ്വന്തമായി ഓരോ വാഹനംവീതമുണ്ടു്. ഇൻഡ്യയിൽ 5000 ജനങ്ങളിൽ ഓരോന്നുവീതമെങ്കിലും മോട്ടോർവാഹനങ്ങൾ ഉണ്ടത്രെ. മോട്ടോർവ്യവസായംപോലെതന്നെ വിമാനയാനവും ഇന്നു വളരെ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടു്. അമേരിക്കയിൽ റൈററു് കുടുംബത്തിൽപ്പെട്ട ഓർവിൽ എന്നും വിൽബർ എന്നും പേരുള്ള രണ്ടു സഹോദരന്മാരാണു് 1903-ൽ ആദ്യമായി വിമാനത്തിൽക്കൂടി ആകാശസഞ്ചാരം ചെയ്തതു്. അക്കാലത്തു് വിമാനയാനം വളരെ അപകടകരവും അപൂർണ്ണനിലയിലുമായിരുന്നു. അതു പൂർണ്ണാവസ്ഥയെ പ്രാപിക്കുകയാൽ ഇപ്പോൾ എത്ര ദീർഘമായ യാത്രകളും വിമാനംവഴി ചെയ്യാവുന്നതാണു്. തുടരെത്തുടരെയുള്ള ശാസ്ത്രീയ ഗവേഷണങ്ങളുടെ ഫലമായിട്ടാണു് വ്യോമയാ

നം വളരെ അധികം അഭിവൃദ്ധിപ്പെട്ടിട്ടുള്ളതു്. 1927-ൽ ചാൾസ് ലിൻഡ് ബർഗ്ഗ് എന്ന അമേരിക്കൻ വൈമാനികൻ ന്യൂയോർക്കിൽ നിന്നും 3600 മൈൽ ഇടയ്ക്കു നിറുത്താതെ പറന്നു് പാരീസിലെത്തി. 1945-ൽ പസഫിക്കസമുദ്രത്തിലുള്ള ഗ്വാംദ്വീപിൽ നിന്നും വടക്കെ അമേരിക്കയിലെ വാഷിങ്ടൺ പട്ടണത്തിലേക്കു് വേറൊരു അമേരിക്കൻ ൪000 മൈൽ ദൂരം നിറുത്താതെ പറക്കുകയുണ്ടായി. ഇപ്പോൾ വിവിധരാജ്യങ്ങൾ തമ്മിൽ ശീഘ്രഗതിയിലുള്ള എയാർമെയിൽ സർവീസുകൾ നടന്നുവരുന്നുണ്ടു്. ഉത്തരദക്ഷിണധ്രുവദേശങ്ങൾ, എവറസ്റ്റ് കൊടുമുടി ഇവയെ കണ്ടുപിടിക്കുന്നതിനും വിമാനങ്ങൾ വളരെ സഹായിച്ചിട്ടുണ്ടു്.

ഒന്നാംലോകമഹായുദ്ധകാലത്തു കേവലം ശൈശവദശയിലായിരുന്ന വിമാനയാനം രണ്ടാംലോകമഹായുദ്ധകാലമായപ്പോഴേക്കും യൗവനദശ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. സമാധാനകാലങ്ങളിൽ ലോകനേതാക്കന്മാരുടെ കൂടെക്കൂടെയുള്ള സമ്മേളനങ്ങൾ നടക്കുന്നതിനു് വിമാനയാത്ര വളരെ സഹായിച്ചിട്ടുണ്ടു്. ദ്വിതീയ ലോകമഹാസമരത്തിൽപലവിധത്തിലുള്ള ബോംബാക്രമണങ്ങൾ നടത്തി ശത്രുസംഹാരം നടത്തുന്നതിനുള്ള പൈശാചിക സൗകര്യങ്ങൾ ലോകത്തിനു നൽകിയതും മോട്ടോർ ശക്തിയുടെ ഉപയോഗമത്രെ.

വ്യവസായം, ഗതാഗതം, ആശയവിനിമയം, ജീവിതസൗകര്യസജ്ജീകരണം ഇവയേയെല്ലാം വളരെ സഹായിക്കുന്ന വേറൊരു പ്രകൃതിശക്തിയത്രെ ഇലക്ട്രിസിററി അഥവാ വിദ്യുച്ഛക്തി. ജലപതനത്തിൽ നിന്നോ കൽക്കരിദഹനത്തിൽനിന്നോ ആണു് ഈ ശക്തി സാധാരണ ഉല്പാദിക്കപ്പെടുന്നതു്. വിദ്യുച്ഛക്തിയുടെ ഉപയോഗംമൂലം ആധുനികലോകത്തിനു് സാമ്പത്തികവും സാംസ്കാരികവുമായി ഒട്ടുവളരെ അഭിവൃദ്ധി ഉണ്ടായിട്ടുണ്ടു്. ഇലക്ട്രിസിററിയുടെ ഉപയോഗം മൂലമാണു് ഇപ്പോൾ ടെലഗ്രാഫ്, ടെലഫോൺ, ടെലിവിഷൻ, ടെലിപ്രിൻറർ, റേഡിയോ, സിനിമാ, ടോക്കി മുതലായ

ആശയവിനിമയ പദ്ധതികൾ ലോകത്തിനു സിദ്ധിച്ചിട്ടുള്ളതു്. വിദ്യുച്ഛക്തിക്കു നീരാവിയേയും പെട്രോൾഗ്യാസിനെയുംകാൾ ഒരു മെച്ചമുണ്ടു്. അതായതു് അതുല്പാദിപ്പിക്കുന്ന സ്ഥലത്തുനിന്നും എത്രദൂരം വേണമെങ്കിലും കമ്പിമൂലം കൊണ്ടുപോയി പ്രവൎത്തനം നടത്താം.

വിദ്യുച്ഛക്തിമൂലം കമ്പിയുടെ സഹായത്തോടുകൂടി ദൂരദേശങ്ങളിലേക്കു സന്ദേശങ്ങളറിയിക്കുന്ന പദ്ധതി കാൎയ്യക്ഷമമായി പരിഷ്കരിച്ചു പ്രചരിപ്പിച്ചതു് 1847-ൽ യു. എസ്. എയിൽ ജനിച്ച എഡിസൺ എന്ന ശാസ്ത്രജ്ഞനാണു്. 14-ാമത്തെ വയസ്സിൽ തീവണ്ടിയിൽ പത്രവില്പന നടത്തുന്ന ഒരു പെറുപയ്യനായി ജീവിതമാരംഭിച്ച ഈ മഹാന്റെ അക്ഷീണപരിശ്രമംമൂലമാണു് ടെലഫോൺ പദ്ധതിയും ലോകവ്യാപകമായിത്തീൎന്നിട്ടുള്ളതു്. തന്മൂലം പരിഷ്കൃതലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള ജനങ്ങൾ തമ്മിൽ പരസ്പരം സംഭാഷണങ്ങൾ നടത്തുന്നതിനു സാധിക്കുന്നു. പ്രസംഗങ്ങൾ, സംഗീതം മുതലായവയെ ആവൎത്തിക്കുന്നതിനു ശക്തിയുള്ള ഫോണോഗ്രാഫ് എന്ന യന്ത്രവും എഡിസൻതന്നെയാണു് കണ്ടുപിടിച്ചതു്. ഈ കണ്ടുപിടുത്തത്തിൽ നിന്നാണു ഗ്രാമഫോൺ വ്യവസായം അഭിവൃദ്ധിപ്പെട്ടതു്. ഈ മഹാന്റെ പരിശ്രമംമൂലമത്രെ, ഇന്നത്തെ രീതിയിൽ, വിദ്യുച്ഛക്തി, ഉല്പാദനകേന്ദ്രത്തിൽനിന്നും വിദൂരദേശങ്ങളിലേക്കു സൗകൎയ്യമായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതു്.

ഇദ്ദേഹംതന്നെയാണു് ഇന്നത്തെ സിനിമായുടെ പൂരോഗാമിയായ കിനിയോടോസ്കോപ്പു് (Kineotoscope) എന്ന യന്ത്രവും കണ്ടുപിടിച്ചതു്. 1912-ാമാണ്ടിൽ അദ്ദേഹം കിനിയോടോഫോൺ (Kineotophone) എന്ന വേറൊരു യന്ത്രം കണ്ടുപിടിക്കയും, തൻമൂലം ഇന്നത്തെ ടോക്കി സിനിമാ പ്രചരിപ്പിക്കുകയും ചെയ്തു. ഇന്നു ലോകമാസകലമുള്ള അനേകകോടി ജനങ്ങൾക്കു വിനോദവും വിജ്ഞാനവും നൽകിക്കൊണ്ടിരിക്കുന്ന സംസാരിക്കുന്ന ചിത്രങ്ങളുടെ ആരംഭകൎത്താവു് ലോകോപകാരിയും വൈദ്യുതശാസ്ത്രജ്ഞനുമായ ഈ എഡിസനത്രെ.

പക്ഷേ എഡിസനു മുൻപും വിദ്യുച്ഛക്തിയെപ്പററി അറിവുള്ള ശാസ്ത്രജ്ഞന്മാരുണ്ടായിരുന്നു. (Volta) വോൾട്ടാ എന്ന ഇററാലിയൻ ശാസ്ത്രജ്ഞനും, (Amper) ആംപേർ എന്ന ഫ്രഞ്ചുശാസ്ത്രജ്ഞനും 19—ാം ശതകത്തിൽ ഇലക്ട്രിസിററിയെപ്പററി പലതും കണ്ടുപിടിച്ചിരുന്നു. എന്നാൽ അതിന്റെ പ്രയോഗികവശങ്ങൾ ഗ്രഹിച്ചതും ആദ്യമായി ഒരു ഇലക്ട്രിക്ക് ഡൈനാമോ ഉണ്ടാക്കിയതും, മൈക്കൾ ഫാറഡെ എന്ന ബ്രിട്ടീഷുകാരനത്രെ. തദനന്തരം വിദ്യുച്ഛക്തി ഉപയോഗിച്ച് കമ്പിസന്ദേശങ്ങൾ അയച്ചുതുടങ്ങിയതു്, മോഴ്സ് എന്ന അമേരിക്കൻ ശാസ്ത്രജ്ഞനാണ്. 1876—ൽ അലക്സാണ്ഡർ ഗ്രഹാം ബെൽ എന്ന മഹാൻ വിദ്യുച്ഛക്തിമൂലം ടെലഫോൺ സന്ദേശങ്ങൾ അയക്കാമെന്നു കണ്ടുപിടിച്ചു. ഈ കണ്ടുപിടുത്തങ്ങൾ മുന്നറിവായി ഉപയോഗിച്ചുകൊണ്ടാണ് എഡിസൺ മേൽപ്പറഞ്ഞ ലോകോപകാരപ്രദമായ പദ്ധതികൾ ഏർപ്പെടുത്തിയിട്ടുള്ളതു്.

വൈദ്യുതശക്തിയുടെ ഉപയോഗംമൂലം അടുത്തകാലങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള വേറൊരു യന്ത്രവിശേഷമാണു റേഡിയോ. ഈ പ്രസ്ഥാനത്തെ ഇന്നത്തെനിലയിൽ പ്രചരിപ്പിച്ചിട്ടുള്ളതു് 1927—ൽ ചരമമടഞ്ഞ മാർക്കോണി എന്ന ഇററാലിയൻശാസ്ത്രജ്ഞനാണ്. പ്രഥമലോകമഹാസമരത്തിനിടയിലത്രെ ഈ കണ്ടുപിടുത്തം അഭിവൃദ്ധിപ്പെട്ടതു്. ആദ്യമായി ഒരു പ്രക്ഷേപണകേന്ദ്രം സ്ഥാപിതമായതു്, 1918-ൽ ഇംഗ്ലണ്ടിലുള്ള ചെസ്റ്റർ നഗരത്തിലായിരുന്നു. ഇപ്പോൾ ഇതു ലോകത്തിലാകെ വ്യാപിച്ചിട്ടുണ്ടു്. അന്നന്നുള്ള വ്യാപാരനിലവാരങ്ങൾ പ്രസിദ്ധം ചെയ്യുന്നതിനും, പൊതുജനങ്ങൾക്കു വിജ്ഞാനവും വിനോദവും ലഭിക്കുന്നതിനും, രാഷ്ട്രീയനേതാക്കൾക്കു തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും, സംഗീതസാഹിത്യകലകളെ പ്രചരിപ്പിക്കുന്നതിനും മററും, ഇന്നു റേഡിയോ യന്ത്രംമൂലം ലഭിച്ചുവരുന്ന സഹായങ്ങൾ ബഹുമുഖങ്ങളത്രെ.

ഇന്നു് വിദ്യുച്ഛക്തിമൂലം ലോകത്തിനു വേറെയും പല ജീവിതസൌകര്യങ്ങൾ അനുഭവപ്പെട്ടുവരുന്നുണ്ടല്ലോ. ഇ

ലക്ട്രിക്ക പങ്കകൾ ഉഷ്ണാധിക്യത്തിൽനിന്നു നമ്മെ രക്ഷിക്കുകയും, വൈദ്യുത വിളക്കുകൾ നമുക്കു വെളിച്ചം തരികയും ചെയ്യുന്നു. റഫ്രിജറേറ്റർ യന്ത്രംമൂലം ഭക്ഷ്യപാനീയങ്ങളെ തണുപ്പിച്ചു വയ്ക്കുന്നതും, കോൾഡ് സ്റ്റോറേജ്മൂലം മത്സ്യം മാംസം, പഴങ്ങൾ ഇവ ദീർഘനാൾ കേടുകൂടാതെ സംരക്ഷിച്ചു വയ്ക്കുന്നതുമെല്ലാം, ഈ ഇലക്ട്രിസിറ്റി എന്ന പ്രകൃതിശക്തിയുടെ പ്രവർത്തനം മൂലമത്രെ.

B. ശത്രുസംഹാരത്തിനുള്ള കണ്ടുപിടുത്തങ്ങൾ

അടുത്തകാലത്തു നടന്നിട്ടുള്ള രണ്ടു ലോകമഹാസമരങ്ങളിൽ ശത്രുസംഹാരത്തിനുവേണ്ടിയുള്ള പല ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ നടത്തിയിട്ടുണ്ട്. അതിൽ വളരെ പ്രാധാന്യമർഹിക്കുന്നവയാണ് ബോംബുകൾ. ഇരുമ്പ്, കോൺക്രീറ്റ മുതലായ സാധനങ്ങൾകൊണ്ടു വളരെ ബലത്തിൽ പണികഴിച്ചിട്ടുള്ള കെട്ടിടങ്ങളെപ്പോലും തവിടുപൊടിയാക്കുന്നതിനു പററിയ പലതരം ബോംബുകൾ രണ്ടാം ലോകമഹായുദ്ധത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

പൊട്ടിത്തെറിക്കുന്നതു്, കത്തിക്കാളുന്നതു്, സ്വയം പറക്കുന്നതു്, എന്നീ പേരുള്ള ധാരാളം ബോംബുകൾ രണ്ടാം ലോകമഹായുദ്ധത്തിൽ ഇരുകക്ഷികളും ഉപയോഗിച്ചിരുന്നു. ആ വിധത്തിലാണ് അനേക കോടിപ്പവൻ വിലയ്ക്കുള്ള വസ്തുവകകൾ ചുരുങ്ങിയ കാലയളവിനുള്ളിൽ നശിപ്പിക്കുന്നതിനും അനേകകോടി മനുഷ്യരെ വളരെ വേഗത്തിൽ കൊന്നൊടുക്കുന്നതിനും, ഇരുകക്ഷികൾക്കും സാധിച്ചതു്. പക്ഷെ മേൽപറഞ്ഞവയെ ഒക്കെക്കാൾ വിനാശകരമായ ഒരു നശീകരായുധമാണ് അമേരിക്കർ 1945-ൽ ജപ്പാനിലെ ഹിരോഷിമാ, നാഗയസ്ക്കി എന്നീ പട്ടണങ്ങളിൽ ആദ്യമായി വർഷിച്ച ആററംബോംബ്. ഒററ ആററംബോംബുമൂലം രണ്ടരലക്ഷം ജനങ്ങൾ വസിച്ചിരുന്ന ഹിരോഷിമാ പട്ടണത്തിൽ 6000 ആളുകൾ മാത്രമേ ശേഷിച്ചുള്ളു. എന്നാൽ ഇതിനേക്കാൾ ഭയാനകമായ ഒരു നവീന കണ്ടുപിടുത്തമത്രെ ഹൈഡ്റ

ജൻ ബോംബ്. ഇതിൻെറ നശീകരണശക്തി ഇതുവരെ പരീക്ഷിച്ചു നോക്കിയിട്ടില്ലെങ്കിലും അതു് ആററംബോംബിനെ അനേകമടങ്ങായി അതിശയിക്കുമെന്നു പറയപ്പെടുന്നു.

Cosmic Rays അഥവാ പ്രപഞ്ചരശ്മികൾ എന്നൊരു പ്രകൃതിശക്തിയെപ്പററിയും ഈയിടെ ശാസ്ത്രകാരന്മാർ ഗവേഷണം ചെയ്തുവരുന്നു. അതും ശത്രുസംഹാരത്തിനുള്ള ഒരായുധമായി ഉപയോഗിക്കുവാൻ സാദ്ധ്യതയുള്ളതാണു്. ആററംശക്തിയും പ്രപഞ്ചരശ്മിയും ശത്രുസംഹാരത്തിനെന്നപോലെ ലോകോപകാരത്തിനും ഉപയോഗിക്കുന്നതിനു നിസ്സീമ കഴിവുള്ളതത്രെ.

C. ആരോഗ്യസംരക്ഷണത്തിനുള്ള കണ്ടുപിടുത്തങ്ങൾ

ഈ നൂററാണ്ടിൽ വൈദ്യസംബന്ധമായി പല പ്രധാന കണ്ടുപിടുത്തങ്ങൾ നടത്തിയിട്ടുണ്ടു്. അതിലൊന്നാണു് (Inoculation) ഇനാക്യുലേഷൻ അഥവാ കുത്തിവയ്പു സമ്പ്രദായം. ഗോവസൂരിയുടെ അണുക്കൾ മനുഷ്യശരീരത്തിൽ കുത്തിവയ്ക്കുന്നതുമൂലം മസൂരിരോഗബാധമൂലമുള്ള ദുർമ്മരണങ്ങൾ തുലോം കുറഞ്ഞുകിട്ടിയിട്ടുണ്ടു്. ഗോവസൂരിപ്രയോഗം കണ്ടുപിടിച്ചതു്. ഡാക്ടർ ജെന്നർ എന്ന മഹാനാണു്. 1853 മുതൽ ഇതു നടപ്പിലാക്കപ്പെട്ടു. അതുപോലെ പേപ്പട്ടിവിഷംമൂലമുള്ള ദുർമ്മരണത്തെ കുറയ്ക്കുന്നതിനു് ലൂയി പാസ്ററവർ (Louis Pasteur) നടപ്പിലാക്കിയിട്ടുള്ള കുത്തിവയ്പു സമ്പ്രദായവും വളരെ ഉപകരിച്ചുവരുന്നു. വിവിധതരത്തിലുള്ള ഔഷധങ്ങളുടെ കുത്തിവയ്പുമൂലം, ക്ഷയം, വിഷൂചിക, വിഷമജ്വരം, പ്ലേഗ് മുതലായ മററനേകം പകച്ചവ്യാധികൾ ഇന്നു നിവാരണം ചെയ്യപ്പെടുന്നുണ്ടു്. ക്ഷയരോഗാണുക്കൾ കണ്ടുപിടിച്ചു് അതിനുള്ള കുത്തിവയ്പു സമ്പ്രദായം 1871-ൽ നടപ്പിലാക്കിയതു് ഒരു ജെമ്മൻ ഡാക്ടറായ കോച്ച് (Dr Koch) എന്ന മഹാനാണു്. കൊതുകുകളിൽ നിന്നും മലേറിയാ രോഗം പകരുന്നു എന്നും, അതിനുള്ള നിവാര

ണമാറ്റുങ്ങൾ ഇന്നതെന്നും കണ്ടുപിടിച്ചതു് സർ റൊണാൾഡ് റോസ് എന്ന ആംഗ്ലേയ ഡോക്ടറത്രെ. ഇതിനേക്കാൾ ഭയാനകമായ പ്ലേഗുരോഗത്തിന്റെ നിദാനം എലിയീച്ചകളാണെന്നു കണ്ടുപിടിക്കുകയാൽ അവയ്ക്കുള്ള നിവാരണ പദ്ധതികളും വിദഗ്ദ്ധന്മാർ ഇതിനിടെ കണ്ടുപിടിച്ചു. മുറിവുകളിൽ കൂടി രക്തത്തിൽ വിഷം വ്യാപിക്കുകമൂലം ധാരാളം മരണം മുൻകാലങ്ങളിൽ സംഭവിച്ചിരുന്നു. ഇതിന്റെ രഹസ്യം കണ്ടുപിടിച്ചതും പ്രതിവിധികൾ നിർദ്ദേശിച്ചതും (Lord Lister) ലിസ്റ്റർപ്രഭു എന്ന ബ്രിട്ടീഷ് സർജ്ജനായിരുന്നു. കാർബോലിക്ക് എന്ന ഔഷധം ഉപയോഗിച്ചു് മുറിവുകൾ വച്ചുകെട്ടുന്ന രീതി ഇദ്ദേഹം പ്രചരിപ്പിച്ചിട്ടുള്ളതാണു്. തന്മൂലം രക്തവിഷംമൂലമുള്ള മരണങ്ങൾക്കു തുലോം കുറവുണ്ടായിട്ടുണ്ടു്. ശസ്ത്രക്രിയകൾ നടത്തുന്ന അവസരത്തിൽ രോഗികളെ ബോധംകെടുത്തുന്നതിനുള്ള ക്ലോറോഫോറം എന്ന ഔഷധം കണ്ടുപിടിച്ചതു് 1847_ൽ സർ ജെയിംസ് സിംസൻ എന്ന മഹാനാണു്.

ഇരുപതാം നൂറ്റാണ്ടിലെ വൈദ്യശാസ്ത്ര ഗവേഷകന്മാരിൽ രണ്ടുപേരാണു് പീയർക്യൂറിയും അദ്ദേഹത്തിന്റെ ഭാര്യയായ മാഡംക്യൂറിയും. റേഡിയം എന്ന ലോഹം കണ്ടുപിടിച്ചതു് ഈ വൈദ്യശാസ്ത്ര ശിരോമണികളത്രെ. അർബ്ബുദം എന്ന മഹാരോഗചികിത്സയ്ക്കു വേണ്ടി ഇന്നു ലോകമാസകലം റേഡിയം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിച്ചിട്ടുണ്ടു്. ഉപകാരികളായ ഈ ദമ്പതികൾ മരണം പ്രാപിച്ചിട്ടു വളരെക്കാലമായില്ല.

ശസ്ത്രക്രിയകൾ നടത്തുന്നതിനു മുൻപിൽ ശരീരത്തിനുള്ളിലുള്ള അസ്ഥികൾ മുതലായവയുടെ സ്ഥിതി കണ്ടുപിടിക്കുന്നതിനുവേണ്ടി, ഇപ്പോൾ എക്സ്റെയ് ഉപയോഗിച്ചുവരുന്നു. ഇതു കണ്ടുപിടിച്ചതുമൂലം മനുഷ്യരാശിക്കുണ്ടായിട്ടുള്ള ഗുണങ്ങൾ നിരവധിയത്രെ. 1895_ൽ (Rontgen) റോൺട്ട്ജെൻ എന്ന ജർമ്മൻ ശാസ്ത്രജ്ഞനത്രെ ഈ വിലയേറിയ കണ്ടുപിടുത്തം നടത്തിയിട്ടുള്ളതു്. പെൻസിലിൻ മുതലായ വിലയേറിയ ചില പുതിയ ഔ

ഷധങ്ങളുടെ കണ്ടുപിടുത്തംമൂലവും വൈദ്യശാസ്ത്രം ഈയിടെ വളരെ അധികം അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ട്. 1929-ൽ പെൻസിലിൻ എന്ന ദിവ്യ ഔഷധം കണ്ടുപിടിച്ചതു് അലക്സാണ്ടർ ഫ്ളെമിങ്ങ് എന്ന ഇംഗ്ലീഷ് ഡാക്ടറാണ്. ഇതിന്റെ ഉപയോഗംമൂലം വ്രണങ്ങൾ വേഗത്തിൽ ഉണങ്ങി സുഖപ്പെടുന്നതാണ്. 1940 ൽ പ്രഫസർഫ്ളോറി എന്ന മഹാന്റെ കീഴിൽ സംഘടിപ്പിച്ചിട്ടുള്ള ബ്രിട്ടീഷ് ശാസ്ത്രജ്ഞന്മാരുടെ സംഘമാണ് ഇതേസംബന്ധിച്ച് കൂടുതൽ ഗവേഷണങ്ങൾ നടത്തിയിട്ടുള്ളതു്.

രോഗികളെ വിജയകരമായി പരിചരിക്കുന്നതിനും അവരുടെ ശാരീരികവും മാനസികവുമായ വേദനകളെ കുറയ്ക്കുന്നതിനും വേണ്ടി പ്രത്യേകം പരിശീലനം സിദ്ധിച്ചിട്ടുള്ള സ്ത്രീകളെയും പുരുഷന്മാരെയും ഇപ്പോൾ പരിഷ്കൃതരാജ്യങ്ങളിലെ ആശുപത്രികളിലെല്ലാം നിയമിച്ചുവരുന്നുണ്ട്. ഈ സമ്പ്രദായം പ്രചരിപ്പിച്ചതു് ഫ്ളോറൻസ് നൈററിംഗേയിൽ എന്ന ഒരു ബ്രിട്ടീഷ്മഹതിയത്രെ.

വിററാമിൻസ് അഥവാ ജീവകങ്ങൾ പലതരമുണ്ടെന്നും അവയുടെ ഉപയോഗംമൂലം പല രോഗങ്ങൾ തടയാമെന്നും ഇതിനകം കണ്ടുപിടിക്കപ്പെട്ടു.

ചോദ്യങ്ങൾ

1. നീരാവി, ഇലക്ട്രിസിററി, ഗ്യാസ് ഇവയുടെ ഉപയോഗംമൂലം മനുഷ്യരാശിക്ക് എന്തെല്ലാം സാമ്പത്തിക പ്രയോജനങ്ങൾ ഉണ്ടായിട്ടുണ്ട്?
2. ആധുനികകാലത്തു വൈദ്യശാസ്ത്രസംബന്ധമായി ഉണ്ടായിട്ടുള്ള കണ്ടുപിടുത്തങ്ങളേവ? അതുകൊണ്ടുണ്ടായിട്ടുള്ള പ്രയോജനങ്ങളെ വിവരിക്കുക.
3. സിനിമാകണ്ടുപിടിച്ചതാര്? അതുമൂലം ലോകത്തിനുണ്ടായിട്ടുള്ള ഗുണങ്ങളേവ?

ഒന്നാമദ്ധ്യായം

കുറിപ്പുകൾ

ഫുൾട്ടൻ	സ്റ്റീംബോട്ടു കണ്ടുപിടിച്ച ആൾ.
ബെസ്സ്ീമാർ.	ഉരുക്കുണ്ടാക്കുന്നതിനുള്ള പുതിയവിദ്യ കണ്ടുപിടിച്ചു.
ഡെയ്മ്ലർ.	Internal Combustion engine (മോട്ടോർ യന്ത്രം കണ്ടുപിടിച്ചു.)
ഫോർഡ്.	അമേരിക്കൻ മോട്ടോർ വ്യവസായി വിലകുറഞ്ഞ കാറുകൾ പ്രചരിപ്പിച്ചു.
മാർക്കോണി.	കമ്പിയില്ലാത്തപാൽ കണ്ടുപിടിച്ചു.
എഡിസൺ.	സിനിമാ, ഗ്രാമഫോൺ, ഇവയുടെ കണ്ടുപിടുത്തം നടത്തിയ മഹാൻ.
ലൂയീപാസ്റ്റർ.	പേപ്പട്ടി വിഷത്തിനും മററും (Inoculation) കുത്തുവയ്പു കണ്ടുപിടിച്ചു.
ജെന്നർ.	ഗോവസൂരി പ്രയോഗ കർത്താവ്
കോച്ച്.	ക്ഷയരോഗാണുക്കൾ കണ്ടുപിടിച്ചു.
ലിസ്റ്റർ.	രക്തവിഷത്തിന് പരിഹാരം കണ്ടുപിടിച്ചു.
സിംപ്സൻ.	ക്ലോറോഫോം കണ്ടുപിടിച്ചു.
റോൺററ്ജൻ.	എക്സ്റേ കണ്ടുപിടിച്ചു.
മാഡംക്യൂറി.	അർബുദചികിത്സ. റേഡിയം.
അലക്സാണ്ടർ ഫ്ളെമിംഗ്.	പെൻസിലിൻ കണ്ടുപിടിച്ചു.
ഫ്ളോറൻസ്. നൈററിങ്ങേയിൽ.	രോഗശുശ്രൂഷയുടെ പ്രചാരക.

അദ്ധ്യായം 2.

ജനകീയഭരണത്തിൻെറ പുരോഗതി

A

പ്രാരംഭം

ഇരുപതാം ശതകത്തിൻെറ ആരംഭംമുതൽ ലോകചരിത്രത്തിൽ നാം ദർശിക്കുന്ന ഒരു പ്രത്യക്ഷ വ്യതിയാനം, അതുവരെ രാജകീയാധികാരം നിലവിലിരുന്ന പല രാജ്യങ്ങളും, പുതുതായി ഭരണക്രമം (Democracy) സ്വീകരിച്ചതാണു്. എന്നാൽ ഈ ജനകീയ ഭരണക്രമത്തിൻെറ ഉദയത്തോടുകൂടി മിക്ക രാഷ്ട്രങ്ങളിലും ദേശീയബോധവും (Nationalism) അഭിവൃദ്ധിപ്പെട്ടുവന്നു. ഈ രണ്ടു ശക്തികളും സാക്ഷാൽ ഒരേ മൊട്ടിൽനിന്നും വികസിക്കുന്ന രണ്ടു പുഷ്പങ്ങളത്രെ. അതിനാൽ രാജാക്കന്മാരും ചക്രവത്തികളും അതുവരെ ഭരണം നടത്തിവന്നിരുന്ന പല ഭൂഭാഗങ്ങളിൽ ജനകീയവും ദേശീയവുമായ രാഷ്ട്രങ്ങൾ, രൂപമെടുത്തു വരുന്നതായി നാം കാണുന്നു. തൽഫലമായി ചില സാമ്രാജ്യങ്ങൾ ഛിന്നഭിന്നമാകുകയും ചില ചെറുരാഷ്ട്രങ്ങൾ ദേശീയസംയോജനംമൂലം വലുതാകുകയും ചെയ്തു. ഇങ്ങനെ ഉത്ഭവിച്ചിട്ടുള്ള നവീന ദേശരാഷ്ട്രങ്ങൾ ഇന്നു ലോകത്തിൻെറ പല ഭാഗങ്ങളിലും നമുക്കു കാണുവാൻ സാധിക്കും. അവിടെയെല്ലാം ജനങ്ങളുടെ പ്രതിനിധികൾ ഭരണം നടത്തുകയും തൽഫലമായി രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ പുരോഗതി അവിടെ ദൃശ്യമാകുകയും ചെയ്യുന്നു. പക്ഷെ ജനകീയഭരണക്രമം എല്ലാ ദേശങ്ങളിലും കാലങ്ങളിലും ഒന്നുപോലെ ശുദ്ധമായില്ലെന്നും പറയാം. സാമാന്യമായ വിദ്യാഭ്യാസവും സാമ്പത്തിക സുസ്ഥിതിയും രാഷ്ട്രീയ സമാധാനവുമില്ലാത്ത സ്ഥലങ്ങളിലും സന്ദർഭങ്ങളിലും ജനകീയഭരണവും ദേശീയബോധവും സ്ഥിരമായി നിലനിന്നു എന്നു വരുന്നതല്ല.

അങ്ങനെയുള്ള സ്ഥലങ്ങളിലും സന്ദർഭങ്ങളിലും ജനകീയത ആകുന്ന ചവിട്ടുപടികളിൽക്കൂടി രാഷ്ട്രീയാധികാരത്തിലേക്കു കയറിപ്പററിയ അധികാരികൾ കാലാന്തരത്തിൽ സർവ്വാധിപതികളായി പ്രവർത്തിക്കുകയും പതിവായി. ഇങ്ങനെയുള്ള സർവ്വാധിപതികൾ മതിമറന്നു, ലോകാധിപത്യത്തിനുവേണ്ടി, പരിശ്രമിക്കുകയും അന്യരുടെ ദേശീയബോധത്തിൽ കൈവയ്ക്കുകയും ചെയ്തു. അപ്പോൾ ഇതരലോക മഹാശക്തികൾ, ശാസ്ത്രാഭിവൃദ്ധിയുടെ സഹായത്തോടുകൂടി, അവരെ യുദ്ധംചെയ്തു തോല്പിക്കുകയും പിന്നെയും ജനകീയാടിസ്ഥാനത്തിന്മേൽ ദേശീയരാഷ്ട്രങ്ങൾ കെട്ടിപ്പടുക്കുകയും പതിവായി. ഇരുപതാംശതകത്തിൽ നാം ഇതേവരെ കണ്ടിട്ടുള്ള രാഷ്ട്രീയ ചരിത്രത്തിന്റെ സാരാംശം ഇതത്രെ.

B

ബ്രിട്ടീഷ് സാമ്രാജ്യഘടകങ്ങൾ

ഇരുപതാം ശതകാരംഭത്തിനു മുൻപുതന്നെ ഗ്രേററ് ബ്രിട്ടനിൽ രാജാവിന്റെ പ്രത്യേകാധികാരങ്ങൾ അസ്തമിച്ചിരുന്നു. എന്നുതന്നെയുമല്ല 1832, 1867, 1884, 1918 എന്നീ സംവത്സരങ്ങളിൽ നടന്ന പാർലമെന്റു പരിഷ്കാരങ്ങൾ മൂലം ആ രാജ്യങ്ങളിൽ പ്രായപൂർത്തിയായ എല്ലാ പൗരന്മാർക്കും സ്ത്രീപുരുഷഭേദമെന്യേ വോട്ടവകാശം ലഭിക്കുകയും ചെയ്തു. തൽഫലമായി ബ്രിട്ടീഷ് പാർല്യമെന്റിലേക്കുള്ള തെരഞ്ഞെടുപ്പിലും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിലും എല്ലാ ബ്രിട്ടീഷുപൗരനും അവകാശം സിദ്ധിച്ചു. ബ്രിട്ടീഷ്പാർലമെന്റിൽ ഭൂരിപക്ഷമുള്ള രാഷ്ട്രീയ കക്ഷിയുടെ നേതാവിനെയാണ് രാജാവു തന്റെ പ്രധാനമന്ത്രിയായി തെരഞ്ഞെടുക്കുക പതിവു്. ഈ പതിവിൽനിന്നു വ്യതിചലിക്കുവാൻ രാജാവിനവകാശമുണ്ടായിരുന്നില്ല. പ്രധാനമന്ത്രി തന്റെ കക്ഷിയിൽനിന്നും ഇതര മന്ത്രിമാരെ തെരഞ്ഞെടുത്തു് അവിടെ ഭരണം നടത്തുന്നു. പ്രതിപക്ഷക

ക്ഷിയുടെ ചുമതല, പാർലമെന്റു സമ്മേളിക്കുന്ന അവസരങ്ങളിൽ മന്ത്രിസഭയുടെ പ്രവർത്തനങ്ങളെ സൂക്ഷ്മിപരമായി വിമർശിക്കുകയാണു്. തന്മൂലം അധികാരം വഹിക്കുന്ന മന്ത്രിസഭയുടെ പ്രവർത്തനങ്ങളിൽ ന്യൂനതകളില്ലാതെ കഴിക്കുവാൻ സാധിക്കുന്നു. ഇങ്ങനെയുള്ള ജനകീയഭരണക്രമം ഇപ്പോൾ ബ്രിട്ടീഷ് കോമൺവെൽത്തു മുഴുവനിലും നിലവിലിരിക്കുന്നു. ക്യാനഡാ, ആസ്ത്രേലിയാ, ന്യൂസിലണ്ടു്, പൂർവ്വദക്ഷിണാഫ്റിക്കാ, ഇൻഡ്യാ, പാക്കിസ്ഥാൻ ഇവയെല്ലാം കോമൺവെൽത്തിലുള്ള അംഗരാജ്യങ്ങളത്രെ.

C

അമേരിക്കാ

വടക്കേ അമേരിക്കൻ ഐക്യനാടുകൾ 1788-ലും, ദക്ഷിണാമേരിക്കൻ രാജ്യങ്ങൾ 1830-ലും ഓരോ ജനകീയ റിപ്പബ്ളിക്കുകളായി തീർന്നിരുന്നതായി നാം മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ബ്രിട്ടനിലെപ്പോലെയുള്ള രാജകീയ ഭരണം അവിടെ നടപ്പില്ലായിരുന്നു. അതിൻപകരം പ്രസ്തുത റിപ്പബ്ളിക്കുകളിൽ ഭരണകൂടത്തിന്റെ തലവനായി ഭരണം നടത്തിയിരുന്നതു്, "പ്രസിഡണ്ടു്" എന്ന ഉദ്യോഗസ്ഥനാണു്. ആ ഉദ്യോഗസ്ഥനെ ജനങ്ങളാണു തെരഞ്ഞെടുത്തുവരുന്നതു്. അദ്ദേഹവും അദ്ദേഹം തെരഞ്ഞെടുക്കുന്ന സെക്രട്ടറിമാരും കൂടിയാണു് അവിടുത്തെ ഭരണം നടത്തിക്കൊണ്ടിരിക്കുന്നതു്. ഈ ഭരണസമിതിയുടെ പ്രവർത്തനങ്ങളെ ജനങ്ങളുടെ പ്രതിനിധികൾ സൂക്ഷിച്ചു പഠിക്കുകയും, അവയെപ്പറ്റി ജനപ്രതിനിധിസഭകളിൽ വിമർശനങ്ങൾ നടത്തുകയും പതിവാണു്. വടക്കേ അമേരിക്കയിലെ ചെറു"നാടു"കൾ എല്ലാംകൂടി യോജിച്ചാണു് അമേരിക്കൻ ഐക്യനാടുകൾ സൃഷ്ടിച്ചിരിക്കുന്നതു്. പ്രസിഡണ്ടു്, ഈ ഫെഡറൽ അഥവാ സംയുക്ത ഗവൺമെന്റിന്റെ തലവനത്രെ. അദ്ദേഹത്തെ തെരഞ്ഞെടുക്കുന്നതു് ഐക്യനാടുകളിലെ എല്ലാ പൗരന്മാരും കൂടിയാണു്.

അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി നാലു കൊല്ലത്തേക്കാണ്- അത്രയും കാലത്തേക്ക് അദ്ദേഹത്തിന്റെ ഉദ്യോഗം സ്ഥിരമത്രെ. ഇതര റിപ്പബ്ളിക്കുകളിലെ ഭരണഘടനയും മിക്കവാറും ഇതുപോലെതന്നെയാണ്. ഏതാണ്ട് അമേരിക്കയിലെപ്പോലെയുള്ള ഒരു റിപ്പബ്ളിക്കാണ് ഇൻഡ്യയിലും നമുക്കുള്ളത്.

D

ജർമ്മനി

എന്നാൽ മദ്ധ്യയൂറോപ്പിൽ ദേശീയവും ജനകീയവുമായ രാഷ്ട്രങ്ങൾ ആവിർഭവിച്ചുതുടങ്ങിയിട്ട് വളരെക്കാലമായില്ല. 1870-ാമാണ്ടിൽ ജർമ്മനിയുടെ ദേശീയസംയോജനം നടന്നതായി നാം മുൻപു വിവരിച്ചിട്ടുണ്ടല്ലോ. ആ സംഭവം നടന്നതുതന്നെ ദേശീയബോധത്തിന്റെ ആവിർഭാവംകൊണ്ടത്രെ. പക്ഷേ അക്കാലത്തു ആ ദേശത്തിൽ ജനകീയ ഭരണരീതി അത്രകണ്ടു പ്രബലപ്പെട്ടില്ല. പ്രഷ്യയിലെ പ്രഭുവായ വില്യം പ്രഥമന്റെ നേതൃത്വത്തിൽ സംയുക്ത ജർമ്മനി 1870-ൽ ഫ്റാൻസിനെ തോല്പിച്ചതു. ദേശീയപ്രബുദ്ധതയുടെ ഉത്തേജനം കൊണ്ടായിരുന്നു. തന്മൂലം 1871-ാമാണ്ടു മുതൽ അദ്ദേഹത്തെ അവർ ജർമ്മൻ ചക്രവർത്തിയായി അവരോധിച്ചു. എന്നു തന്നെയുമല്ല അവർ ഒരു സംയുക്ത ജർമ്മൻ ഭരണഘടന രൂപവൽക്കരിക്കുകയും, അതനുസരിച്ചു് റീച്ച്സ്റ്റാഗ് (Reichstag) എന്നപേരിൽ ഒരു സമസ്തജർമ്മൻ പ്രതിനിധിസഭയും(Bundesrath) ബുൻഡസ്റാത്ത് എന്ന പേരിൽ ഒരു ഉപരിമണ്ഡലവും സൃഷ്ടിക്കുകയും ചെയ്തു. ഈ ഭരണഘടനയനുസരിച്ചു് ജനപ്രതിനിധികൾക്കു ബ്രിട്ടനിലെപ്പോലെ വിപുലമായ ഭരണാധികാരമില്ലായിരുന്നു. എങ്കിലും അതിന്റെ പ്രാരംഭലക്ഷണങ്ങൾ അവിടെയും ദൃശ്യമായിരുന്നു. എന്നാൽ പ്രഥമ ലോകമഹായുദ്ധത്തിൽ ജർമ്മനി പരാജയമടഞ്ഞതോടുകൂടി കെയിസർവില്യം ദ്വിതീയൻ സ്ഥാനത്യാഗം ചെയ്തു. ജീവരക്ഷാർത്ഥം ഹോളണ്ടിലേക്കു പലായനംചെ

യ്ക്ക അവസരത്തിൽ അവിടെ 1919-ൽ ഒരു ജനകീയ റിപ്പബ്ലിക്ക് സ്ഥാപിതമായി. അതിന്റെ പ്രസിഡണ്ട് ജനറൽ ഹിൻഡൻബർഗ്ഗ് എന്ന സുപ്രസിദ്ധ ജർമ്മൻ സേനാനായകനായിരുന്നു. 1933-ൽ ഇദ്ദേഹം നിര്യാതനായപ്പോൾ, അന്നു റിപ്പബ്ലിക്കിലെ അടുത്ത ഉദ്യോഗസ്ഥനായിരുന്ന അഡോൾഫ് ഹിറ്റ്ലർ പ്രസിഡണ്ടു സ്ഥാനം കൂടി സ്വയം സ്വീകരിക്കുകയും, 1945 വരെ ജർമ്മനിയിലെ സർവ്വാധിപതിയായി വാഴുകയും, ദ്വിതീയ ലോകമഹാസമരം അഴിച്ചുവിട്ടു ലോകസമാധാനത്തെ ഭഞ്ജിക്കുകയും ചെയ്തു. തൽഫലമായി ബ്രിട്ടീഷ് ഫ്രഞ്ചമേരിക്കൻ ശക്തികൾ കൂടി അദ്ദേഹത്തോടെതിർക്കുകയും 1945-ൽ വധിക്കുകയും ചെയ്തു. യുദ്ധാനന്തരം ജർമ്മനിയുടെ ഭരണക്രമം എന്തായിരിക്കണമെന്നുള്ളതിനെപ്പററി ഇപ്പോൾ തീരുമാനമൊന്നുമുണ്ടായിട്ടില്ല. എങ്കിലും അതു ജനകീയതയേയും ദേശീയതയേയും ഉൾക്കൊള്ളുന്നതായിരിക്കുമെന്നുള്ളതിനു സംശയമില്ല.

E

ഇററലി

മദ്ധ്യയൂറോപ്പിലെ മറെറാരു രാജ്യമായ ഇററലിയുടെ ദേശീയ സംയോജനം നടന്നതും 1871-ാമാണ്ടിലാണ്. അന്നുവരെ ദേശീയമായ ഐക്യമോ, ജനകീയഭരണമോ ഇററലിയിൽ അറിയപ്പെട്ടിരുന്നില്ല. ദേശീയസംയോജനം നടന്നതോടുകൂടി വിക്ടർ ഇമ്മാനുവേൽ എന്ന രാജാവിന്റെ കീഴിൽ അവിടെ ഒരു ജനകീയ ഭരണക്കൂടം സ്ഥാപിക്കപ്പെട്ടു. ഈ ഭരണക്കൂടം പ്രഥമലോക മഹായുദ്ധാനന്തരം 1922 ഒക്ടോബർമാസംവരെ നിലനിന്നു. പക്ഷേ ഈ കാലയളവിൽ മുസ്സോലിനി എന്ന ഒരു വിമുക്തഭടൻ ഒരു സന്നദ്ധഭടസമൂഹത്തിന്റെ ആഭിമുഖ്യത്തിൽ അധികാരം പിടിച്ചെടുക്കുകയുണ്ടായി. അയാൾ രാജാവിന്റെ അധികാരത്തേയും ജനപ്രതിനിധികളുടെ അധികാരത്തേയും ഇല്ലായ്മ ചെയ്യുകയും, തൽസ്ഥാനത്തു സ്വന്തം നേതൃത്വത്തി

ലുള്ള ഫാസിസ്റ്റ് കക്ഷിയുടെ ഭരണത്തെ രാജ്യത്തിൽ സ്ഥാപിക്കുകയും ചെയ്തു. യുദ്ധാനന്തരകാലത്തിലുണ്ടായ രാഷ്ട്രീയമായ അസ്വാസ്ഥതകളെയും സാമ്പത്തിക കുഴപ്പങ്ങളെയും, അദ്ദേഹം ഏറെക്കുറെ ശമിപ്പിച്ചിരുന്നു എന്നുള്ളതു വാസ്തവമത്രെ. പക്ഷേ ജനകീയസ്വാതന്ത്ര്യത്തെയും ദേശീയൈക്യത്തെയും അവഗണിച്ചുള്ള സർവ്വാധിപത്യഭരണംമൂലവും, ജർമ്മൻ സർവ്വാധിപതിയായ ഹിററ്ലരുടെ കൂട്ടുകെട്ടുമൂലവും അയാളുടെ ഭരണം 1945—ൽ അതർഹിച്ചവിധം പരാജയമടഞ്ഞുപോയി. തദനന്തരം ഇപ്പോൾ ഇററാലിയിൽ നിലവിലിരിക്കുന്ന ഭരണം ഒരു ജനകീയ ഭരണമാണ്.

F

ആസ്ട്രിയൻ സാമ്രാജ്യം

1914-ൽ പ്രഥമ ലോകമഹായുദ്ധം ആരംഭിക്കുന്ന അവസരത്തിൽ വൃദ്ധനായ ഫ്രാൻസിസ് ജോസഫ് ചക്രവർത്തി ആയിരുന്നു ആസ്ട്രിയൻസാമ്രാജ്യം ഭരിച്ചിരുന്നതു്. ആ സാമ്രാജ്യത്തിൽ ജർമ്മൻ വംശജർ ആസ്ട്രിയാദേശത്തും മാഗയർ വംശജർ ഹംഗറിദേശത്തും, സ്ളാവു വർഗ്ഗക്കാർ സേർബിയാദേശത്തും അദ്ദേഹത്തിൻെറ പ്രജകളായി വസിച്ചിരുന്നു. അവരിൽ ആസ്ട്രിയാക്കാർക്കും ഹംഗറിക്കാർക്കും തങ്ങളുടെ ദേശീയാഭിലാഷമനുസരിച്ചുള്ള പ്രത്യേക രാഷ്ട്രഘടകങ്ങൾ അദ്ദേഹം അനുവദിച്ചിരുന്നു. എന്നാൽ സ്ളാവുവർഗ്ഗക്കാർക്ക് ഈ ആനുകൂല്യം അദ്ദേഹം അനുവദിച്ചിരുന്നില്ല. അതിനു കാരണം റഷ്യൻ ചക്രവർത്തി സ്ളാവുവംശജനായിരുന്നതുകൊണ്ടു് അവരുടെ രാജഭക്തിയിൽ ആസ്ട്രിയൻ ചക്രവർത്തിക്കു വിശ്വാസമില്ലാതിരുന്നതാണ്. ഈ അവിശ്വാസത്തിൻെറ ഫലമായിട്ടാണ് പ്രഥമ ലോകമഹായുദ്ധം തന്നെ സംഭവിക്കുവാനിടയായതെന്നു പിന്നാലെ വെളിപ്പെടുന്നതാണ്. ഏതായാലും ആ മഹായുദ്ധം കഴിഞ്ഞശേഷം ആസ്ട്രിയാസാമ്രാജ്യം വർഗ്ഗീയാടിസ്ഥാനത്തിന്മേൽ വിഭജിക്കപ്പെടുവാനിടയായി. ഇങ്ങനെയാണ് യുദ്ധാനന്തരം, ആസ്ട്രിയായും, ഹംഗറിയും, ചെ

ക്കോസ്ലോവ്യാക്യായും, യൂഗോസ്ലേവിയായും രൂപമെടുക്കുവാനിടയായതും, ആ പ്രദേശങ്ങളിൽ ജനകീയഭരണം ഏർപ്പെടുത്തപ്പെട്ടതും.

G

റഷ്യാസാമ്രാജ്യം

ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചകാലത്തു് റഷ്യാസാമ്രാജ്യത്തിലും ജനകീയഭരണമുണ്ടായിരുന്നില്ല. നിക്ക്ലസ് ദ്വിതീയൻ എന്ന ചക്രവർത്തിയുടെ കീഴിൽ അന്നു പോളണ്ടു് മുതലായ വിഭിന്നവർഗ്ഗതാല്പര്യമുള്ള പല ദേശങ്ങളുണ്ടായിരുന്നു. ചക്രവർത്തി ജനകീയഭരണത്തിന്റെ ബദ്ധശത്രുവും ആയിരുന്നു. അക്കാരണങ്ങളാൽ 1918ൽ ആ സാമ്രാജ്യത്തിൽ അതൃപ്തി വർദ്ധിക്കുകയും, ജനങ്ങൾ രാജാവിന്റെ അധികാരത്തെ വെറുത്തു വിപ്ലവം നടത്തുകയും ചെയ്തു. അങ്ങനെയാണു റഷ്യൻ ചക്രവർത്തിവംശം അസ്തമിച്ചുപോയതും, പോളണ്ടു തുടങ്ങിയ രാജ്യങ്ങൾ ദേശീയാടിസ്ഥാനത്തിന്മേൽ സ്വാതന്ത്ര്യം പ്രാപിച്ചതും.

H

ടർക്കിസാമ്രാജ്യം

പ്രഥമ ലോകയുദ്ധത്തിൽ കോൺസ്റ്റാൻറിനോപ്പിൾ പട്ടണം തലസ്ഥാനമാക്കി തുർക്കിസുൽത്താൻ വിപുലമായ ഒരു സാമ്രാജ്യം ഭരിച്ചിരുന്നു. അദ്ദേഹവും റഷ്യയിലെയും ആസ്ത്രിയായിലെയും ചക്രവർത്തികളെപ്പോലെ ജനകീയവും ദേശീയവുമായ അഭിലാഷങ്ങളെ വിഗണിച്ചുകൊണ്ടാണു് രാജ്യഭാരം നടത്തിവന്നതു്. തന്മൂലം അദ്ദേഹത്തിനു പ്രജകളുടെ ആത്മാർത്ഥസഹകരണം സിദ്ധിച്ചിരുന്നില്ല. തൽഫലമായി അദ്ദേഹത്തിന്റെ ക്രിസ്ത്യൻ പ്രജകളായ ഗ്രീക്കുകാർ മുതലായവർ അദ്ദേഹത്തോടെതിർത്തു് സ്വാതന്ത്ര്യം പ്രാപിച്ചു. മുസ്ലീം പ്രജകളിൽ തന്നെ ഉല്പതിഷ്ണുക്കളായ യുവതുർക്കികൾ രാജാധിപത്യത്തോടെതിർക്കുകയും ഒടുവിൽ ദേശീയാടിസ്ഥാനത്തിന്മേൽ ഒരു റിപ്പബ്ലിക്കു സ്ഥാപിക്കുകയും ചെയ്തു.

I

ഏഷ്യാററിക്ക് രാജ്യങ്ങൾ

ജനകീയതയുടെയും ദേശീയതയുടെയും തിരതള്ളൽ ഇരുപതാംശതകത്തിൽ വിദൂരപൂർവ്വദേശമായ ചൈനയിലും പ്രത്യക്ഷപ്പെട്ടു. 1925-ാമാണ്ടിൽ സൺയാററ്സെൻ എന്ന ചൈനീസ് നേതാവിൻെറ നേതൃത്വത്തിൽ പ്രാചീന സാമ്രാജ്യം തിരോഭവിക്കുന്നതിനും അവിടെ ഒരു ജനകീയ റിപ്പബ്ളിക്കു സ്ഥാപിക്കപ്പെടുന്നതിനും ഇടയായി. അതിൻെറ ചരിത്രഗതിയിൽ വളരെ വിഷമഘട്ടങ്ങൾ നാം ദർശിക്കുന്നുണ്ടെങ്കിലും ചക്രവത്തിമാരുടെ തന്നിഷ്ടഭരണം ഇങ്ങിനി വരാതവണ്ണം അസ്തമിച്ചിരിക്കുകയത്രെ. ജപ്പാൻ സാമ്രാജ്യവും ഇപ്പോൾ അസ്തംഗതമായിരിക്കുകയാണ്. ദ്വിതീയ ലോകമഹായുദ്ധാവസരത്തിൽപോലും ജപ്പാനിൽ ചക്രവർത്തി ഭരണമുണ്ടായിരുന്നെങ്കിലും, ജനപ്രതിനിധി സഭകൾക്കും അവിടെ സ്ഥാനമുണ്ടായിരുന്നു. ജപ്പാൻെറ ഭാവിഭരണത്തെപ്പററി ഇപ്പോൾ തീർച്ചപ്പെടുത്തുവാൻ പാടില്ലെങ്കിലും അവിടെയും മേലിൽ രാജ്യാധിപത്യസ്ഥാപനത്തിനല്ല, ജനകീയ ഭരണക്രമത്തിനാണ് കൂടുതൽ പ്രസക്തി കാണുന്നതു്. ഇൻഡ്യയും പാക്കിസ്ഥാനും പരിപൂർണ്ണ ജനകീയ റിപ്പബ്ളിക്കുകളാണല്ലോ. പശ്ചിമേഷ്യായിലെ ഇസ്ലാമിക്കു രാഷ്ട്രങ്ങളായ അഫ്ഗാനിസ്ഥാൻ, ഇറാൻ, ഇറാക്ക്, അറേബ്യാ മുതലായ രാജ്യങ്ങളിലെ സ്ഥിതിയും ഏതാണ്ട് ഇതുപോലെതന്നെയാണ്.

അദ്ധ്യായം 3

പ്രഥമലോക മഹായുദ്ധം

A

അതിന്റെ കാരണങ്ങൾ

(1) പ്രഥമ ലോകമഹായുദ്ധത്തിന്റെ പ്രധാന കാരണം ജർമ്മനിയുടെ സാമ്രാജ്യമോഹമായിരുന്നു. ജർമ്മനിയെ മദ്ധ്യയൂറോപ്പിലെ ഒരു പ്രബല മഹാശക്തിയാക്കണമെന്നും, ഫ്റാൻസിന്റെ ശത്രുതയിൽനിന്നും അതിനെ സുരക്ഷിതമാക്കണമെന്നും മാത്രമായിരുന്നു ബിസ്മാക്കിന്റെ മോഹം. പക്ഷെ കൈസർവില്ല്യം ദ്വിതീയന്റെ അഭിലാഷം ജർമ്മനിയുടെ കരസൈന്യത്തെയും കടൽസൈന്യത്തെയും ഒന്നുപോലെ അഭിവൃദ്ധിപ്പെടുത്തണമെന്നും, ഉപനിവേശസ്ഥാനങ്ങൾ കഴിവുള്ള സ്ഥലങ്ങളിലെല്ലാം സ്ഥാപിച്ചു പ്രബലമായ ഒരു ജർമ്മൻ സാമ്രാജ്യം രൂപവൽക്കരിക്കണമെന്നും ആയിരുന്നു. ഈ കാര്യസാദ്ധ്യത്തിനുവേണ്ടി അദ്ദേഹം ഹെലിഗോലാൻണ്ട് എന്ന സ്ഥലത്ത് ഒരു നാവികസങ്കേതം സ്ഥാപിക്കുകയും, കീൽ കനാലെന്ന പേരിൽ നോത്ത്സീയോടു ഘടിപ്പിച്ച് ഒരു വലിയ കപ്പൽച്ചാൽ കുഴിപ്പിച്ചുണ്ടാക്കുകയും, ഒട്ടധികം പണം ചെലവഴിച്ച് ഒരു വമ്പിച്ച കപ്പൽപ്പടയെ സജ്ജീകരിക്കുകയുംചെയ്തു. ബ്രിട്ടീഷ് സാമ്രാജ്യത്തെയും ഫ്റഞ്ചു സാമ്രാജ്യത്തെയും തോല്പിക്കാതെ ജർമ്മൻ ജനാവലിക്കു കുടിയേറിപ്പാക്കുന്നതിനുവേണ്ട കോളനികളും, ജമ്മൻവ്യവസായങ്ങൾക്കുവേണ്ട വിപണികളും ലഭിക്കുവാൻ സാദ്ധ്യമല്ലെന്നു കൈസർ പരസ്യമായി പ്രസ്താവിച്ചുതുടങ്ങി. ജർമ്മനിയുടെ ഈ സാമ്രാജ്യമോഹമാണു പ്രഥമ ലോകമഹായുദ്ധത്തിന്റെ ഒരു പ്രധാനകാരണം.

(2) ഒന്നാംലോകമഹായുദ്ധത്തിന്റെ മറ്റൊരു കാരണം ബാൾക്കൻ ഉപദ്വീപിലെ വഗ്ഗീയ മത്സരമായിരുന്നു.

ആ ഉപദ്വീപിൽ വസിച്ചിരുന്ന ജൎമ്മൻകാരും മാഗയർമാരും സ്ലാവുവൎഗ്ഗക്കാരും അന്നു പരസ്പരം സ്വൈര്യമില്ലാതെ കഴിഞ്ഞുകൂടിയിരുന്നു. അവരിൽ സ്ലാവു വൎഗ്ഗീയരുടെ ഒരു ചെറുരാജ്യമാണു സെർബിയ. റഷ്യൻ ചക്രവൎത്തി ഈ സ്ലാവു വംശജനും, ആസ്ത്രിയൻ ചക്രവൎത്തി ജൎമ്മൻ വംശജനുമായിരുന്നു. അന്നത്തെ രാഷ്ട്രീയമണ്ഡലത്തിലും ആസ്ത്രിയായും റഷ്യയും പരസ്പരം വിരുദ്ധശക്തികളായിരുന്നു. ആകയാൽ സ്ലാവുരാജ്യമായ സേർബിയായുടെ അഭിവൃദ്ധിയെ തടയുന്നതിനുവേണ്ട സകല മുൻകരുതലുകളും ആസ്ത്രിയാ ചെയ്തുകൊണ്ടാണിരുന്നതു്. ബാൾക്കൻ ഉപദ്വീപിൽ ജ്വലിച്ചുകൊണ്ടിരുന്ന ഈ വൎഗ്ഗീയമാത്സൎയ്യവും, ആസ്ത്രിയായും റഷ്യയും തമ്മിലുണ്ടായിരുന്ന തീരാപ്പകയും ഒന്നാം ലോകമഹായുദ്ധത്തിന്റെ മറ്റൊരു കാരണമായിത്തീർന്നിരിക്കുന്നു.

3) അങ്ങനെ ഇരിക്കെ ആസ്ത്രിയായിലെ അടുത്ത കിരീടാവകാശിയായ ആർച്ചുഡ്യൂക്കു് ഫെർഡിനാണ്ഡ് സേർബിയായുടെ അയൽവക്കത്തുള്ള ബോസ്നിയാ രാജ്യത്തിന്റെ തലസ്ഥാനവീഥിയിൽക്കൂടി ഭാൎയ്യാസമേതം സ്വൈരമായി സഞ്ചരിക്കവേ ഒരജ്ഞാതഘാതകൻ 1914 ജൂൺ 28-ാംനു- അദ്ദേഹത്തെ വെടിവച്ചുകൊല്ലുകയുണ്ടായി. ആസ്ത്രിയായിലെ വൃദ്ധനായ ഫ്രാൻസിസ് ജോസഫ് ചക്രവൎത്തിക്കു്, ഈ വാൎത്ത ദുസ്സഹമായിത്തോന്നി. ആസ്ത്രിയൻരാജകുടുംബത്തിന്റെ ജന്മശത്രുക്കളായ സേർബിയന്മാരുടെ മനഃപൂർവപ്രേരണമൂലമാണു് ഈ നിഷ്ഠൂരകൃത്യം നടന്നിട്ടുള്ളതെന്നു് അദ്ദേഹം വിശ്വസിച്ചു. ഈ സംഭവം നടന്നു് ഒരുമാസം തികയുന്നതിനു മുൻപിൽ, ആസ്ത്രിയാ, സെർബിയായുടെ നേരെ യുദ്ധപ്രഖ്യാപനം ചെയ്യുകയുണ്ടായി. അപ്പോൾ സ്ലാവുവൎഗ്ഗക്കാരുടെ സംരക്ഷകനെന്ന നിലയിൽ റഷ്യ യുദ്ധത്തിൽ ചേരുകയുണ്ടായി. ജൎമ്മനിയും ആസ്ത്രിയായും തമ്മിൽ ചെയ്തിരുന്ന രാഷ്ട്രീയ ഉടമ്പടി അനുസരിച്ചു്, ജൎമ്മനിയും താമസിയാതെ യുദ്ധരംഗത്തിലേക്കു ചാടിവീണു. അതേ അവസരത്തിൽതന്നെ ഫ്രാൻസും റഷ്യയും തമ്മിലുണ്ടായിരുന്ന ഉടമ്പടി അനുസരിച്ചു് ഫ്രാൻസു

രാജ്യം മദ്ധ്യയൂറോപ്യൻ ശക്തികൾക്കെതിരായി യുദ്ധപ്രഖ്യാപനം ചെയ്തു.

4) എന്നാൽ ഈ ആദ്യഘട്ടങ്ങളിലെല്ലാം ബ്രിട്ടൻ അകലെ മാറിനിന്നു സമാധാനാലോചനകൾ നടത്തിയിരുന്നതേയുള്ളു. എന്നാൽ വളരെനാൾ ഇങ്ങനെ നിഷ്പക്ഷത പാലിക്കുന്നതിനു ഗ്രേറ്റ്ബ്രിട്ടനു സാധിക്കാതെവന്നു. ജർമ്മനിയുടെ ഉദ്ദേശ്യം, വളരെ വേഗത്തിൽ ഫ്രാൻസിൽ പ്രവേശിച്ചു 1871-ലെപ്പോലെ അവരെ കീഴമർത്തണമെന്നായിരുന്നു. അതിനുവേണ്ടി, വില്യംകൈസർ, തന്റെ ഭീമാകാരമായ സൈന്യവ്യൂഹത്തെ ബൽജിയം രാജ്യത്തിൽകൂടി ഫ്രാൻസിലേയ്ക്കു നയിക്കുവാൻതന്നെ തീരുമാനിച്ചു. എന്നാൽ ബൽജിയം ഒരു നിഷ്പക്ഷരാജ്യമായിരുന്നതുകൊണ്ടു്, ആ രാജ്യത്തിൽ കൂടിയുള്ള ജർമ്മൻ സൈന്യനീക്കം സാർവദേശീയ ഉടമ്പടികൾക്കു വിരുദ്ധമായിരുന്നു. അക്കാരണത്താലും, സ്വന്തരക്ഷയെ അടിസ്ഥാനമാക്കിയും ഒടുവിൽ ബ്രിട്ടനും ഈ പ്രഥമലോകമഹായുദ്ധത്തിൽ ചേരേണ്ടതായി വന്നുകൂടി.

യുദ്ധത്തിന്റെ സ്വഭാവം.

1) ഇതുവരെ കഴിഞ്ഞ യുദ്ധങ്ങളും ഈ യുദ്ധവും തമ്മിൽ പല സംഗതികളിൽ വ്യത്യസ്തമായിരുന്നു. അവയിൽ പ്രഥമഗണനീയമായിട്ടുള്ളതു് ഇതിൽ ലോകത്തിലെ പരിഷ്കൃതജനങ്ങളത്രയും ഭാഗഭാക്കുകളായിരുന്നു എന്നുള്ളതാണു്. ഭൂലോകത്തിന്റെ വിവിധഭാഗങ്ങളിൽവച്ചു് ഈ യുദ്ധത്തിന്റെ സമരങ്ങൾ നടത്തപ്പെട്ടിരുന്നതുകൊണ്ടും, ഭൂലോകത്തിലെ വിവിധജനപദങ്ങൾ ഇതിൽപങ്കെടുത്തിരുന്നതുകൊണ്ടും ഇതിനെ ഒരു ലോകമഹായുദ്ധമായി പരിഗണിച്ചുവരുന്നു.

2) ഈ യുദ്ധത്തിന്റെ മറ്റൊരു സ്വഭാവം, ഇതു മൂലം മനുഷ്യർക്കു സംഭവിച്ചിട്ടുള്ള സീമാതീതമായ ജീവഹാനിയത്രെ. അത്ഭുതപൂർവ്വമായ വിധത്തിൽ സംഭവിച്ച ഈ ജീവഹാനിക്കു കാരണം, ആധുനിക ശാസ്ത്രവിധിപ്രകാരമു

ണ്ടാക്കിയ യുദ്ധോപകരണങ്ങളുടെ വിനിയോഗമത്രെ. സബ്മറൈൻ, കപ്പലുകൾ, വിഷവായുക്കൾ, അഗ്നിദ്രാവകം, ടാങ്കുകൾ, സായുധമോട്ടോർവാഹനങ്ങൾ, സെപ്പലിൻ വിമാനങ്ങൾ ഇവയുടെ ഉപയോഗം മൂലം അനേകലക്ഷം മനുഷ്യരെ കൊന്നൊടുക്കുന്നതിനു ഈ യുദ്ധത്തിലെ പോരാളികൾക്ക സാധിച്ചിട്ടുണ്ട്.

3) ഈ മഹായുദ്ധത്തിൻെറ മൂന്നാമത്തെ ലക്ഷണം അതുലോകമഹാശക്തികളുടെ ഇടയിൽ ശക്തിസമീകരണം (Balance of power) സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഒരു ശ്രമമായിരുന്നു എന്നുള്ളതാണ്. 1871—ലെ ഫ്റാങ്കോപ്രഷ്യൻ യുദ്ധാനന്തരം ജർമ്മനിയുടെ അമിതമായ സൈനികബലം യൂറോപ്പിലെ ഇതര മഹാശക്തികൾക്കെല്ലാം സംഭ്രമജനകമായിരുന്നു. ഈ ജർമ്മൻ ഭീതിയെ നീക്കുന്നതിനുവേണ്ടിയാണു ഫ്റാൻസ്, ബ്രിട്ടൻ, റഷ്യ, യു. എസ്. എ. മുതലായ രാജ്യങ്ങൾ ഒരുമിച്ചുചേന്നു പ്രഥമ ലോകമഹായുദ്ധം നടത്തിയതു്.

B

പ്രധാനയുദ്ധരംഗങ്ങൾ.

നാം മുൻപു പ്രസ്താവിച്ചതുപോലെ ഇതു് ലോകമഹായുദ്ധമായിരുന്നതുകൊണ്ടു പരിഷ്കൃതലോകത്തിൻെറ പല ഭാഗങ്ങളും ഇതിലെ യുദ്ധരംഗങ്ങളായിത്തീന്നു. അവയിൽ വളരെ പ്രാധാന്യം അർഹിക്കുന്ന യുദ്ധരംഗങ്ങളെയും സംഭവങ്ങളെയും മാത്രം താഴെ സംഗ്രഹിച്ചിരിക്കുന്നു.

(1) ബെൽജിയം ആക്രമണം (1914)

1914—ൽ യുദ്ധപ്രഖ്യാപനം നടന്ന ഉടനെ ജർമ്മൻ സേന നിഷ്പക്ഷരാജ്യമായ ബൽജിയം രാജ്യത്തിൽകൂടി ഫ്റാൻസിലേക്ക തിരിച്ചു. ബൽജിയംസേന ശക്തിയായി എതിരിത്തെങ്കിലും, ജർമ്മനിയുടെ സൈന്യബലംമൂലം ബൽജിയംകാർ നിശ്ശേഷം തോററുപോകയാണുണ്ടായതു്. പ്രധാനയുദ്ധരംഗങ്ങൾ ലീജ്, നാമൂർ എന്നിവയായിരുന്നു.

(2) ഫ്റാൻസ് ആക്രമണം. (1914—1916)
അടുത്ത രണ്ടുകൊല്ലങ്ങളിലെ ജർമ്മൻകാരുടെ പ്രധാനശ്രമം ഫ്റാൻസുരാജ്യം ആക്രമിക്കുന്നതിനായിരുന്നു. ഈ ഘട്ടത്തിൽ ഫ്റഞ്ചുകാരും ബ്രിട്ടീഷുകാരും ജർമ്മൻ സൈന്യത്തെ ധീരതയോടെ ചെറുത്തുനിന്നു. അതിൻെറ ഫലമായി മാൺനദീതീരത്തുവച്ചു ഫ്റഞ്ചുസേനയും യിപ്രസ്സ് യുദ്ധത്തിൽ ബ്രിട്ടീഷുകാരും ജർമ്മൻസേനയെ തോല്പിക്കുകയുണ്ടായി. ഈ അവസരത്തിൽ ജർമ്മൻകാർ വിഷവാതകങ്ങൾ ഉപയോഗിക്കുകയും, വിമാനങ്ങൾ വഴി ലണ്ടനിലും പാരീസിലും ബോമ്പു വർഷിക്കുകയും ചെയ്യുകയുണ്ടായി. ഈ രംഗത്തിലെ പ്രധാന നേതാവു് ഫ്റഞ്ചു് സർവ്വസൈന്യാധിപനായ മാർഷൽ ഫോഷായിരുന്നു.

(3) പൌരസ്ത്യരംഗം. (1914—1916)
യുദ്ധം തുടങ്ങിയ അവസരത്തിൽത്തന്നെ ജർമ്മൻ സേനാവിഭാഗം ഹിൻഡൻബർഗ്ഗിൻെറ കീഴിൽ റഷ്യയോടെതിർത്തു. ടനൻബർഗ്ഗുയുദ്ധത്തിൽ താമസംവിനാ റഷ്യൻസേന പരിതാപകരമായ വിധത്തിൽ പരാജിതരായി. അതു കണ്ടപ്പോൾ സ്വയരക്ഷയെക്കരുതി, ടർക്കി, ജർമ്മൻപക്ഷത്തിൽ ചേരുകയുണ്ടായി. തന്മൂലം റഷ്യയ്ക്കു സഹായം എത്തിച്ചുകൊടുക്കുവാൻ ബ്രിട്ടീഷ് ഫ്റഞ്ചുശക്തികൾക്കു സാധിച്ചില്ല. 1915-ൽ ജർമ്മനി, സെർബിയാരാജ്യം പിടിച്ചടക്കുകയുണ്ടായി. അതിനെത്തുടർന്നു ഇററലി സഖ്യകക്ഷിയിൽ ചേർന്നു. അവരുടെ ഉദ്ദേശ്യം ആസ്ത്രീയായുടെ കീഴിലുള്ള ചില ഇററാലിയൻ പ്രദേശങ്ങൾ പിടിച്ചടക്കണമെന്നുള്ളതായിരുന്നു.

(4) കടൽയുദ്ധങ്ങളും അമേരിക്കയുടെ രംഗപ്രവേശവും. (1914—1917) ബ്രിട്ടീഷുകാരുടെ അജയ്യമായ സമുദ്രാധിപത്യം ഈ യുദ്ധത്തിൽ സഖ്യകക്ഷികൾക്കു വലിയ ഒരു നേട്ടമായിത്തീർന്നു. അവർ അനേക ജർമ്മൻകപ്പലുകളെ മുക്കുകയും പിടിച്ചെടുക്കുകയും ചെയ്തപ്പോൾ, ബാക്കി ജർമ്മൻ കപ്പലുകൾ അവരുടെ വക കീൽ കനാ

ലിൽ അഭയംപ്രാപിച്ചു. അതോടുകൂടി ജർമ്മനിയുടെ ആഫ്രിക്കൻ കോളണികൾ സങ്കലിതകക്ഷി പിടിച്ചെടുത്തു. അപ്പോഴേയ്ക്കു ജർമ്മനി സ്വയരക്ഷയ്ക്കുവേണ്ടി സബ്മറൈൻ കപ്പലുകളും, യൂബോട്ടുകളും, ടോർപിഡോകളും ഉപയോഗിച്ചു സമുദ്രസഞ്ചാരം ചെയ്യുന്ന സകല കപ്പലുകളെയും നശിപ്പിക്കുവാനാരംഭിച്ചു. ഇതു സകല വിദേശവാണിജ്യത്തേയും ഒന്നുപോലെ തടഞ്ഞതുമൂലം ബ്രിട്ടീഷുകാർക്കും ഫ്രഞ്ചുകാർക്കും വളരെ അപകടമുണ്ടായി. ഇതുമൂലം അമേരിക്കൻ ഐക്യനാട്ടുകാർക്കും വളരെ കപ്പൽനാശവും ആൾനാശവും സംഭവിച്ചതുമൂലം 1917—ൽ അമേരിക്കയും ബ്രിട്ടീഷ് ഫ്രഞ്ചുഭാഗത്തു ചേരുകയുണ്ടായി. അമേരിക്കയുടെ ഈ യുദ്ധപ്രവേശംമൂലം സഖ്യകക്ഷികൾക്ക് അവരിൽനിന്നു ധാരാളം പണവും ആയുധങ്ങളും ലഭിക്കുവാനിടയായി.

5) <u>റഷ്യയുടെ പിൻമാററം</u> (1918) ഈ മഹായുദ്ധത്തിൽ റഷ്യയെ സഹായിക്കുന്നതിനു സഖ്യകക്ഷികൾക്കു കഴിഞ്ഞിരുന്നില്ല. ആകയാൽ റഷ്യയ്ക്കു വലുതായ പരാജയങ്ങൾ നേരിട്ടിരുന്നതായി നാം ഇതിനു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. പോരെങ്കിൽ റഷ്യയിൽ ആഭ്യന്തരസമാധാനം ഒട്ടുംതന്നെ ഉണ്ടായിരുന്നില്ല. അതിനാൽ "ബോൾഷവിക്ക്" എന്ന റഷ്യൻ വിപ്ലവകാരികൾ, നിക്കലസ് ദ്വിതീയൻ എന്ന റഷ്യൻ ചക്രവർത്തിയെ സ്ഥാനഭ്രഷ്ടനാക്കുകയും, താമസംവിനാ രാജ്യഭരണാധികാരം പിടിച്ചെടുക്കുകയും ചെയ്തു. ഈ "ബോൾഷവിക്ക്" ഭരണാധികാരികളുടെ ആദ്യപരിപാടി യുദ്ധത്തിൽനിന്നുംപിൻമാറുകയായിരുന്നു. അതിനുവേണ്ടി അവർ 1918-ൽ ജർമ്മനിയുമായി ബ്രെസ്റ്റ്ലിറേറാവസ്ക്ക് സന്ധി ചെയ്തു.

6) <u>1918-ലെ വിജയങ്ങൾ.</u> അമേരിക്കയുടെ രംഗപ്രവേശവും റഷ്യയുടെ പിൻമാററവും സഖ്യകക്ഷികൾക്കു വൻപിച്ച വിജയകാരണങ്ങളായിത്തീർന്നു. പശ്ചിമസമരരംഗത്തിൽ ബ്രിട്ടീഷുകാരും ഫ്രഞ്ചുകാരും അമേരിക്ക

ളും ഒരുമിച്ചു ചേൎന്നു, മാർഷൽഫോഷ് എന്ന ഫ്റഞ്ചുസ്സൈന്യാധിപൻെറ കീഴിൽ, 1918-ൽ മാൺ (Marne) എന്ന സ്ഥലത്തുവച്ചു ജർമ്മനിയോടു രണ്ടാമതൊരു യുദ്ധം ചെയ്തു. ഈ യുദ്ധത്തിൽ ജർമ്മൻസേന രണ്ടാമതും തോറ്റുപോയി. ഇതേ അവസരത്തിൽത്തന്നെ, അല്ലൻബി എന്ന ബ്രിട്ടീഷ് സൈന്യാധിപൻ, സിറിയ, പാലസ്റ്റൈൻ എന്നീ പ്രദേശങ്ങളിലെ തുൎക്കി സൈന്യത്തെയും തോല്പിച്ചു. ജർമ്മൻഭാഗത്തിനു സംഭവിച്ച ഈ പരാജയങ്ങൾമൂലം ജർമ്മനിയിൽ ആഭ്യന്തരകലഹങ്ങളാവിർഭവിക്കുകയും, കൈസർവില്യം ദ്വിതീയൻ നാടുവിട്ടു ഹോളണ്ടിലേക്കു് ഒളിച്ചോടിപ്പോകയും ചെയ്തു. ഇതിൻെറയെല്ലാം ഫലമായി 1918 നവംബർ 11-ാംനു- ജർമ്മനി, സഖ്യകക്ഷികളുമായി ഒരു തൽക്കാലസന്ധിക്കു് ഒപ്പുവയ്ക്കേണ്ടതായി വന്നുകൂടി.

ഈ തൽക്കാലസന്ധിയുടെ വ്യവസ്ഥകൾ ജർമ്മൻകാർ അവരുടെ നാവികപ്പട മുഴുവനായും അവരുടെ യുദ്ധസാമഗ്രികളിൽ ഭൂരിഭാഗവും സഖ്യകക്ഷികൾക്കു വിട്ടുകൊടുക്കണമെന്നും, അവർ യൂറോപ്പിൽ പുതിയതായി പിടിച്ചടക്കിയ സകല ഭൂവിഭാഗങ്ങളും വിട്ടുപേക്ഷിച്ചു റൈൻനദിയുടെ വലത്തുകരയിലേയ്ക്കു തിരിയെപ്പോകണമെന്നും ആയിരുന്നു.

C

യുദ്ധത്തിൻെറ ഫലങ്ങൾ

(i) യുദ്ധത്തിൻെറ തൽക്കാല ഫലങ്ങൾ ഈ യുദ്ധത്തിൻെറ തൽക്കാലഫലമായി ലോകത്തിനു സംഭവിച്ച നാശങ്ങൾ അവൎണ്ണനീയമെന്നുതന്നെ പറയാം. ഒന്നരക്കോടിയോളം പട്ടാളക്കാർ ഈ യുദ്ധത്തിൽ മരണമടയുകയുണ്ടായി. പട്ടിണിയും രോഗബാധയുംമൂലം മരിച്ച മററാളുകളുടെ സംഖ്യയും അതിലൊട്ടും കുറയുകയില്ല. അയ്യായിരത്തി അറുനൂറുകോടിപ്പവൻെറ വസ്തുനാശം അതുമൂലം ലോകത്തിനു സംഭവിച്ചതായി ചരിത്രകാരന്മാർ വിവരി

ച്ചിട്ടുണ്ടു്. ഇതുകൂടാതെ 200 ലക്ഷം ജനങ്ങൾ മുറിവേററും അംഗഭംഗപ്പെട്ടും ജീവിതകാലം മുഴുവൻ ദുരിതമനുഭവിക്കുകയുംചെയ്തു. 30 ലക്ഷം ആളുകൾ തടവുകാരായി പിടിക്കപ്പെട്ടു. 50 ലക്ഷം വിധവകളും 90ലക്ഷം അനാഥക്കുട്ടികളും യുദ്ധംമൂലം ലോകത്തിൽ വർദ്ധിക്കുകയും ചെയ്തുവത്രെ.

(ii) യുദ്ധാനന്തര പുനഃസംവിധാനം. ഇനിയും നമ്മുടെ ശ്രദ്ധയെ അർഹിക്കുന്നതു യുദ്ധാനന്തരം ലോകത്തിനുണ്ടായ പുനഃസ്സംവിധാനമത്രെ. ഇവയെ ശരിയായി ഗ്രഹിക്കണമെങ്കിൽ, തൽക്കാലസന്ധിക്കുശേഷം വിജയികളായ ബ്രിട്ടൻ, ഫ്രാൻസ്, യു. എസ്. ഏ. എന്നീ മഹാശക്തികളുടെ പ്രതിനിധികൾ പാരീസുപട്ടണത്തിൽ കൂടി തയാർചെയ്ത ഉടമ്പടികളുടെ വ്യവസ്ഥകൾ പരിശോധിക്കേണ്ടതാണു്. ഫ്റഞ്ചുപ്രതിനിധിയായ ക്ലെമൻസോ ജർമ്മനിയുടെ പേരിൽ പ്രതികാരേച്ഛ മൂർത്തീകരിച്ചിരുന്ന ഒരു മനുഷ്യക്കടുവായും, യു. എസ്. ഏ. പ്രതിനിധി ആയിരുന്ന പ്രസിഡണ്ടു വിത്സൺ ആദർശവാദിയായ ഒരു യൂണിവേഴ്സിററി പ്രഫസറും, ബ്രിട്ടീഷ് പ്രധാനമന്ത്രി ആയിരുന്ന ലോയിഡ് ജാർജ്ജ് ഉന്നതാദർശങ്ങളില്ലാത്ത ഒരവസരസേവകനും ആയിരുന്നു. ആകയാൽ പാരീസു സമ്മേളനഫലമായി നടത്തപ്പെട്ട യുദ്ധാനന്തരവ്യവസ്ഥകൾ സാമാന്യേന അനീതിപരവും അപ്രായോഗികവും ആയിരുന്നു എന്നു പറയാം. അവയെ താഴെ കാണുന്ന വിധത്തിൽ സംഗ്രഹിക്കാവുന്നതാണു്.

1) യൂറോപ്പിൻെറ പുനഃസ്സംവിധാനം. ഫ്രാൻസു രാജ്യത്തുനിന്നും 1871-ൽ ജർമ്മൻകാർ പിടിച്ചെടുത്തിരുന്ന ആൽസാസ്-ലൊറൈൻ ദേശങ്ങൾ വീണ്ടും ഫ്റാൻസിലേക്കു കൂട്ടിച്ചേർത്തു. മുൻപു് ഛിന്നഭിന്നമായിക്കിടന്നിരുന്ന പോളണ്ടു രാജ്യത്തെ സംയോജിപ്പിക്കുകയും ആ രാജ്യവാസികൾക്കു രാഷ്ട്രീയ സ്വാതന്ത്ര്യം നൽകുകയും ചെയ്തു. ആസ്ട്രിയായും ഹംഗറിയും രണ്ടു വ്യത്യസ്തരാഷ്ട്രങ്ങളാക്കിത്തീർത്തു. ബാൾക്കൻ ഉപദ്വീപി

ലെ വിവിധനരവംശവർഗ്ഗങ്ങളെ കഴിയുന്നത്ര സംയോജിപ്പിച്ചു ചെക്കോസ്ലോവാക്യാ എന്നും, യുഗോസ്ലാവിയാ എന്നും രണ്ടു പുതിയ രാജ്യങ്ങൾ രൂപവൽക്കരിച്ചു. ജർമ്മനിയുടെ വകയായി റൈൻനദിയുടെ ഇടത്തുഭാഗത്തുണ്ടായിരുന്ന ഭാഗങ്ങൾ സഖ്യകക്ഷികൾ കരസ്ഥമാക്കി.

2) ജർമ്മനിയുടെ വിധി. 1871 മുതൽ ജർമ്മനി കൈയടക്കി ഭരിച്ചിരുന്ന ആൽസാസ് ലൊറൈൻ അവർക്കു നഷ്ടപ്പെട്ടതു കൂടാതെ, ആഫ്രിക്കയിൽ അവർക്കുണ്ടായിരുന്ന സകല കോളനികളും അവർ വിജയികൾക്കു വിട്ടുകൊടുക്കേണ്ടതായി വന്നുകൂടി. കൂടാതെയും, സാമ്രാജ്യദുർമ്മോഹിയായ വില്യം ദ്വിതീയൻ സ്ഥാനത്യാഗം ചെയ്യുന്നതിനും, ജർമ്മനി ഒരു റിപ്പബ്ലിക്കായി തീരുന്നതിനും ഇടവന്നു.

(3) വിജയികൾ ടർക്കിയുമായി 1920 ൽ ഒരു പ്രത്യേസന്ധി ചെയ്തു. അതിൻപ്രകാരം ടർക്കിയുടെ രാജ്യം ഏഷ്യാമൈനർ ഉപദ്വീപിന്റെ ഉൾപ്രദേശങ്ങളിൽ മാത്രമായി ത്തീന്നു. പക്ഷെ മുസ്തഫാ കെമാൽപാഷായുടെ ധീരനേതൃത്വംമൂലം കോൺസ്റ്റാൻറിനോപ്പിളും വേറെ ചില രാജ്യങ്ങളും 1923-ൽ അവർക്കു വീണ്ടും ലഭിക്കുകയുണ്ടായി. ഏതായാലും പാലസ്റ്റൈൻ, സിറിയാ, മെസ്സോപ്പൊട്ടേമിയാ, ഹെഡ്ജാസ് എന്നീ ഭൂഭാഗങ്ങളും ഈജിപ്റ്റിന്റെ മേലുള്ള പരമാധികാരവും ഇതുമൂലം ടർക്കിക്കു നഷ്ടപ്പെട്ടുപോയി. കൂടാതെ ടർക്കിസുൽത്താൻ സ്ഥാനത്യാഗം ചെയ്യുന്നതിനും, അദ്ദേഹത്തിന്റെ ഖലിഫാസ്ഥാനം ഉപേക്ഷിക്കുന്നതിനും ഇതു കാരണമായി. അങ്ങനെ ടർക്കിയും ഒരു റിപ്പബ്ലിക്കൻ രാഷ്ട്രമായി രൂപാന്തരപ്പെട്ടു.

4) സർവരാജ്യസഖ്യസ്ഥാപനം.

ഭാവിയിൽ യുദ്ധമുണ്ടാകാതെ സൂക്ഷിക്കുന്നതിനും രാജ്യാന്തരവാദങ്ങൾ സമാധാനപൂർവ്വം കേട്ടു തീരുമാനിക്കുന്നതിനുമായി ഒരു (League of Nations) സർവരാ

ജ്യസഖ്യം സ്ഥാപിക്കുന്നതിനും, വിജയികളായ മഹാശക്തികൾക്കു സാധിച്ചു. ഈ സർവ്വരാജ്യസഖ്യത്തിനു് ഒരു മേൽമണ്ഡലഭരണസമിതിയുണ്ടായിരുന്നു. അതിന്റെ അസംബ്ലി അഥവാ അധോമണ്ഡലത്തിൽ എല്ലാ അംഗങ്ങൾക്കും പ്രാതിനിധ്യം ഉണ്ടായിരുന്നു. ഈ അസംബ്ലിയും കൗൺസിലും ചെയ്യേണ്ട ജോലികൾ സജ്ജീകരിച്ചുകൊടുക്കുന്നതിനു് ഒരു സെക്രട്ടറിയേറ്റും സഖ്യതലസ്ഥാനമായി സ്വിറ്റ്സർലണ്ടിലുള്ള ജനിവാനഗരത്തിൽ സ്ഥാപിക്കപ്പെട്ടിരുന്നു. ഇതുകൂടാതെ അംഗരാജ്യങ്ങൾ തമ്മിലുള്ള തർക്കങ്ങൾ കേട്ടുതീരുമാനിക്കുന്നതിനുവേണ്ടി അതിന്റെ ആഭിമുഖ്യത്തിൽ ഹേഗിൽ ഒരു നീതിന്യായക്കോടതിയും സ്ഥാപിക്കപ്പെട്ടു. ജർമ്മനിക്കും ടർക്കിക്കും യൂറോപ്പിനു വെളിയിലുണ്ടായിരുന്ന ഭൂഭാഗങ്ങളത്രയും സർവ്വരാജ്യസഖ്യത്തിന്റെ കീഴിൽ വിജയകക്ഷികൾ തൽക്കാലഭരണം നടത്തണമെന്നായിരുന്നു വ്യവസ്ഥ. ഈ വ്യവസ്ഥയ്ക്കു Mandatory System എന്നാണു് പേരു പറഞ്ഞിരിക്കുന്നതു്. ഈ വ്യവസ്ഥപ്രകാരം മെസോപ്പൊട്ടേമിയാ, ജർമ്മൻ ഈസ്റ്റാഫ്രിക്കാ മുതലായവ ബ്രിട്ടനും, സിറിയായും ആഫ്രിക്കായിലെ ഏതാനും ജർമ്മൻ കോളനികളും ഫ്രാൻസിനും, പസഫിക്കു സമുദ്രത്തിലെ ജർമ്മൻദ്വീപുകൾ ആസ്ത്രേലിയാ, ജപ്പാൻ, ന്യൂസിലണ്ടു് എന്നീ ഗവണ്മെന്റുകൾക്കും ലഭിക്കുകയുണ്ടായി.

6) മേല്പറഞ്ഞ വ്യവസ്ഥകൂടാതെ വിജയികളുടെ നഷ്ടപരിഹാരത്തിനുവേണ്ടി 630 കോടി പവൻ ജർമ്മനിയിൽ നിന്നും ഈടാക്കുന്നതിനു വിജയകക്ഷികൾ തീരുമാനിച്ചു. ഈ വ്യവസ്ഥകളെല്ലാം നിസ്സഹായയായ ജർമ്മനിയുടെമേൽ അവർ നിർദ്ദയം കെട്ടിവയ്ക്കുകയും ചെയ്തു.

വെഴ്സെയി ഉടമ്പടിയുടെ നിരൂപണം

ഈ ഉടമ്പടിയിൽ പ്രത്യക്ഷമായ പല അനീതികളുണ്ടായിരുന്നു. അതിന്റെ ഫലമായിട്ടാണു് രണ്ടാമത്തെ ഒരു ലോകമഹായുദ്ധം ഉത്ഭവിച്ചിട്ടുള്ളതു്. നീതിയുടെ അടിസ്ഥാനത്തിൽ മാത്രമേ ശാശ്വതസമാധാനം ഉണ്ടാവുക

യുള്ള എന്നുള്ളതു് തീൎച്ചയാണു്. വെഴ്സെയി ഉടമ്പടിയുടെ ന്യൂനതകൾ താഴെ വിവരിക്കുന്നു.

1) യൂറോപ്പിന്റെ പുനഃസംവിധാനം നടത്തിയതു ജനപദങ്ങളുടെ ഭാഷ, സംസ്കാരം, ചരിത്ര പാരമ്പൎയ്യം ഇവയെയും ഭരണീയരുടെ അഭിലാഷത്തെയും അടിസ്ഥാനപ്പെടുത്തിയാണെന്നാണു് വെഴ്സെയ് ഉടമ്പടിയുടെ നിൎമ്മാതാക്കൾ അവകാശപ്പെട്ടതു്. എന്നാൽ അവരുടെ ഈ അവകാശവാദം ഒട്ടും ശരിയല്ലായിരുന്നു. അവർ പുതുതായി സൃഷ്ടിച്ച പല രാജ്യങ്ങളിലും ജൎമ്മൻ സ്ലാവുവൎഗ്ഗക്കാർ മിശ്രമായി വസിച്ചിരുന്നതുമൂലമാണു് രണ്ടാം ലോകമഹായുദ്ധം ഉണ്ടായിട്ടുള്ളതു്.

2) അവരവരുടെ ഹിതാനുസരണം പൌരന്മാർ രാഷ്ട്രങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള അവകാശം, വെഴ്സെയ് ഉടമ്പടിയുടെ നിൎമ്മാതാക്കൾ തത്വത്തിലെങ്കിലും യൂറോപ്പിലെ ജനങ്ങൾക്കു വകവച്ചുകൊടുത്തിരുന്നു. പക്ഷേ യൂറോപ്പിനു വെളിയിലുള്ള പാലസ്റ്റൈൻ സിറിയാ തുടങ്ങിയ ദേശവാസികൾക്കോ, യൂറോപ്യൻ കോളണികൾക്കോ അവർ ഇങ്ങനെ ഒരു സ്വയം നിൎണ്ണയാവകാശം അനുവദിച്ചുകൊടുത്തില്ല. ഇതു പ്രത്യക്ഷത്തിൽ അനീതിയാണെന്നു അമേരിക്കൻ സെനററു വാദിച്ചു. അക്കാരണത്താൽത്തന്നെ അമേരിക്കൻ ഗവണ്മെന്റു വെഴ്സെയ്യു് ഉടമ്പടിയെ അംഗീകരിക്കാതിരിക്കുകയും ചെയ്തു. അമേരിക്കൻ ഐക്യനാടുകളുടെ ഈ നിസ്സഹരണം മൂലമത്രെ സാക്ഷാൽ വെഴ്സെയ് ഉടമ്പടിയും തൽഫലമായി, രൂപമെടുത്ത സൎവ്വരാജ്യസഖ്യവും ഭാവിയിൽ നിൎജ്ജീവമായി തീൎന്നതു്.

3) വെഴ്സെയ് ഉടമ്പടിയുടെ പ്രധാനദൂഷ്യം അതിൽ പ്രത്യക്ഷപ്പെട്ടിരുന്ന വൈരനിൎയ്യാതനചിന്തയായിരുന്നു. ജൎമ്മൻ സൎപ്പത്തിന്റെ വിഷപ്പല്ലെടുത്തുകളയണമെന്നുള്ള ഏകചിന്തയാണു് വിജയകക്ഷികളെ ഭരിച്ചിരുന്നതു്. അതിനാൽ അവർ ജൎമ്മനിയേയും അവളുടെ മിത്രങ്ങളെയും നാമാവശേഷമാക്കുന്നതിനും, അവയെ മാത്രം സമ്പൂൎണ്ണമായി നിരായുധീകരിക്കുന്നതിനും ശ്രമിച്ചു. അനീതിപരമായ ഈ സ്വാൎത്ഥബുദ്ധിയും വൈരനിൎയ്യാത

നചിന്തയുംമൂലം, യുദ്ധാനന്തരകാലങ്ങളിൽ ജർമ്മനിയിലെ യുവജനങ്ങൾ വെഴ്സെയ് ഉടമ്പടി വ്യവസ്ഥകളെല്ലാം ധിക്കാരപൂർവ്വം അവഗണിക്കുകയാണല്ലോ ചെയ്തതു്.

4) ജർമ്മനിയുടെ ദുർമ്മോഹത്തിൻെറ ഫലമായി അവർ മററുള്ളവൎക്കു വരുത്തിക്കൂട്ടിയ മഹാവിപത്തുകളുടെയും യാതനകളുടെയും സ്മരണമൂലമാണു് വിജയികൾ ഈപ്രകാരം ജർമ്മനിയോടു നിർദ്ദയമായി പെരുമാറിയതെന്നു നമുക്കു സമാധാനിക്കാം. ജർമ്മൻകാർ മററുള്ളവരെ തോല്പിച്ചിട്ടുള്ള അവസരങ്ങളിൽ അവർ പ്രദർശിപ്പിച്ചിട്ടുള്ള വൈരനിര്യാതനബുദ്ധി ഇതിനേക്കാൾ കർക്കശമായിരുന്നു എന്നും ചരിത്രം ഉൽഘോഷിക്കുന്നുണ്ടു്. പക്ഷേ ഇതുകൊണ്ടൊന്നും ആ ഉടമ്പടിയുടെ ന്യൂനതകളെ നമുക്കു സാധൂകരിക്കുവാൻ പാടുള്ളതല്ല.

അദ്ധ്യായം 3.

കുറിപ്പുകൾ

ഒന്നാം ലോകമഹായുദ്ധം

കക്ഷികൾ.

മദ്ധ്യശക്തികൾ.
(Central Powers.)

1) ജർമ്മനി.
2) ആസ്ത്രീയാഹംഗറി.
3) ടർക്കി.
4) ബൾഗേറിയാ.

സഖ്യകക്ഷികൾ
(Allies)

1) ഇംഗ്ലണ്ടു്.
2) ബ്രിട്ടീഷ് സാമ്രാജ്യ ഘടകങ്ങൾ.
3) ഫ്രാൻസ്.
4) റഷ്യാ.
5) ബെൽജിയം.
6) ജപ്പാൻ.
7) ഇററലി.
8) സെർബിയാ.
9) അമേരിക്കാ.

പ്രധാന ചരിത്രപുരുഷന്മാർ

ജോർജ്ജു പഞ്ചമൻ.	ബ്രിട്ടീഷു ചക്രവർത്തി.
ലോയിഡ് ജോർജ്ജ്.	ബ്രിട്ടീഷ് പ്രധാനമന്ത്രി.
പ്രസിഡണ്ടു പോയിൻകറെ.	ഫ്റഞ്ചു പ്രസിഡണ്ട്.
ക്ലെമൻസോ.	ഫ്റഞ്ചു പ്രധാനമന്ത്രി.
മാർഷൽ ഫോഷ്.	സഖ്യകക്ഷികളുടെ സർവ്വസൈന്യാധിപൻ.
കൈസർ വില്യം II.	ജർമ്മൻ ചക്രവർത്തി.
ഹിൻഡൻബർഗ്ഗ്.	ജെർമ്മൻ സർവ്വസേനാധിപൻ. ടാനൻബർഗ്ഗ് യുദ്ധത്തിൽ ജയിച്ച ആൾ.
ലൂഡൻഡോർഫ്.	പശ്ചിമസമരമുഖത്തെ ജർമ്മൻ സേനാധിപൻ.
അഡ്മിറൽ ബീറ്റി.	ഹെലിഗോലണ്ടിലെ നാവിക യുദ്ധം ജയിച്ച ബ്രിട്ടീഷ് അഡ്മിറൽ.
അഡ്മിറൽ ജെല്ലിക്കോ.	ജട്ട്ലണ്ട് യുദ്ധത്തിൽ ജയിച്ച ബ്രിട്ടീഷ് അഡ്മിറൽ.
അലൻബി.	സിറിയായിലും പാലസ്റ്റൈനിലും വിജയം നേടിയ ബ്രിട്ടീഷു സൈന്യാധിപൻ.
ഹേഗ്പ്രഭു.	അമിയൻസ് യുദ്ധത്തിൽ ഹിൻഡൻബർഗ്ഗിനെ തോല്പിച്ചു.
നിക്കലസ് ദ്വിതീയൻ.	ഒടുവിലത്തെ റഷ്യൻ ചക്രവർത്തി.
ലെനിൻ.	ബോൾഷെവിക്കു വിപ്ലവനേതാവ്.
ട്രോട്സ്കി.	ലെനിന്റെ സഹപ്രവർത്തകൻ.
കിച്ച്നർപ്രഭു.	ബ്രിട്ടീഷ് സേനാനായകൻ 1917-ൽ ജെർമ്മൻകാർ ഇദ്ദേഹത്തിന്റെ കപ്പൽ മുക്കി.

ഒന്നാം ലോകസമരത്തിലെ പ്രധാന സംഭവങ്ങൾ.

1914 ബെൽജിയം രംഗം	ജെർമ്മനി, ബെൽജിയം ആക്രമിക്കുകയും ലീജ്, നാമൂർ, എന്നീ യുദ്ധങ്ങളിൽ വിജയംനേടുകയും ചെയ്തു.
1914 ഫ്രഞ്ചു രംഗം	അതേവത്സരത്തിൽ തന്നെ മാൺ (Marne) നദീതീരത്തുവച്ചു ഫ്രഞ്ചുസേനയും യീപ്രസ്സ് യുദ്ധത്തിൽബ്രിട്ടീഷുകാരും ജെർമ്മൻസേനയെ തോല്പിച്ചു.
1914 പൌരസ്ത്യ രംഗം	ജെർമ്മൻകാർ ടാനൻബർഗ്ഗ് യുദ്ധത്തിൽ റഷ്യയെ തോല്പിക്കുകയും സേർബിയാ പിടിച്ചടക്കുകയും ചെയ്തു. ടർക്കി ജെർമ്മൻ പക്ഷത്തു ചേൎന്നു.
1915 പൌരസ്ത്യ രംഗം	ഗാലിപ്പോലിയിൽ നിന്നും സങ്കലിത സൈന്യം പിൻവാങ്ങി. ഇററലി മദ്ധ്യശക്തികളോടുകൂടി ചേൎന്നു.
1915 കടൽ.	അമേരിക്കയിലേക്കു പോയിരുന്ന ബ്രിട്ടീഷ് ലൂസിട്ടാനിയാ കപ്പൽ ജെർമ്മൻകാർമുക്കി.
1916 കടൽ.	ഹെലിഗോലാൻഡ്, ജട്ലണ്ട് എന്നീ കടൽ യുദ്ധങ്ങളിൽ സഖ്യകക്ഷികൾ ജയിച്ചു.
1917	റഷ്യയിൽ വിപ്ലവം തുടങ്ങി. സിറിയായിലും പാലസ്റ്റൈനിലും ബ്രിട്ടീഷ് വിജയം. അമേരിക്കാ യുദ്ധത്തിൽ പ്രവേശിച്ചു.
1918	ബൾഗേറിയായും ആസ്ത്രിയായും സഖ്യകക്ഷികൾക്കു കീഴടങ്ങി. ജെർമ്മനിയിൽ ആഭ്യന്തര വിപ്ലവം തുടങ്ങി. ജെർമ്മനിയും റഷ്യയും തമ്മിൽ ചെയ്ത 'ബ്രെസ്റ്റ് ലിറേറാവസ്ക്' ഉടമ്പടിമൂലം റഷ്യാ, യുദ്ധത്തിൽ നിന്നു വിരമിച്ചു.
1919	തല്ക്കാലസന്ധി. (Armoties)

അദ്ധ്യായം 4

പ്രാരംഭം

സർവ്വാധിപത്യത്തിൻെറ ഉദയം

പ്രഥമലോകമഹായുദ്ധത്തിൻെറ ലക്ഷ്യം ലോകത്തിൽ ജനാധിപത്യം നടപ്പാക്കണമെന്നുള്ളതായിരുന്നു. ആകയാൽ മൻകാലങ്ങളിൽ സ്വന്തമായി രാജാക്കന്മാർ ഭരണം നടത്തിയിരുന്ന പല പാശ്ചാത്യരാജ്യങ്ങളിലും, 1919-ാമാണ്ടുമുതൽ ജനകീയഭരണക്രമം ഏർപ്പെടുത്തപ്പെട്ടു. അവയിൽ പ്രധാനപ്പെട്ടവ ടർക്കി, ഇററലി, ജമ്മനി ഇവയായിരുന്നു. ഈ രാജ്യങ്ങളിൽ അക്കാലത്തു് ഭയങ്കരമായ ക്ഷാമവും കലാപവും നടമാടിക്കൊണ്ടിരുന്നു. അവയ്ക്കു പരിഹാരം കിട്ടുന്നതിനുവേണ്ടി തങ്ങളുടെ ജന്മസിദ്ധമായ വ്യക്തിസ്വാതന്ത്ര്യത്തെ ബലികഴിക്കുന്നതിനുപോലും ജനങ്ങൾ മടിച്ചിരുന്നില്ല. ആകയാൽ മേല്പറഞ്ഞ രാജ്യങ്ങളിലെ നേതാക്കൾ കാലക്രമേണ അവിടങ്ങളിലെ സ്വേച്ഛാധികാരികളായിത്തീർന്നു. അങ്ങനെ അവർ പൊതുജനങ്ങൾക്കു തികച്ചും അതീതന്മാരായിത്തീന്നതോടുകൂടിയാണു് ടർക്കിയിൽ മുസ്തഫാ കെമാൽപാഷായും, ജമ്മനിയിൽ അഡോൾഫ് ഹിററ്ലരും, ഇററലിയിൽ ബെനിറേറാ മുസ്സോലിനിയും സവ്വാധിപതികളായിത്തീന്നതു്. ഇതുയും മുഖവുരയായി പ്രസ്താവിച്ചശേഷം മേല്പറഞ്ഞ ഓരോ രാജ്യത്തിലെയും സവ്വാധിപതികളെപ്പററിയുള്ള കൂടുതൽ വിവരങ്ങൾ അടുത്ത ഓരോ അദ്ധ്യായങ്ങളായി പിന്നാലെ പ്രസ്താവിക്കുന്നതാണു്.

A.

ടർക്കിയും കെമാൽപാഷായും

പ്രഥമലോകമഹായുദ്ധം കഴിഞ്ഞശേഷം ഐക്യകക്ഷികൾ ടർക്കിയിലെ സുൽത്താനുമായി ഒരു പ്രത്യേക ഉ

ടമ്പടിചെയ്തു. അക്കാലത്തെ ടർക്കി ഭരണാധിപൻ വിദിഗ് ഉദ്ദീൻ എന്നു പേരായ ഒരു സുൽത്താനായിരുന്നു. അദ്ദേഹത്തിന്റെ തലസ്ഥാനം കരിങ്കടൽ തീർത്തുള്ള കോൺസ്റ്റാന്റിനോപ്പിൾ പട്ടണമായിരുന്നു. കോൺസ്റ്റാന്റിനോപ്പിളിലെ സുൽത്താന്മാർക്കു യൂറോപ്പിലും ഏഷ്യയിലും മദ്ധ്യയുഗാവസാനം മുതൽ വളരെ രാഷ്ട്രീയപ്രാബല്യമുണ്ടായിരുന്നതുകൂടാതെ, അവർ ലോകമാസകലമുള്ള, മുസ്ലിം ജനതയുടെ വൈദികാദ്ധ്യക്ഷന്മാർ അഥവാ ഖലീഫന്മാർകൂടി ആയിരുന്നു. യുദ്ധത്തിൽ പരാജയം പ്രാപിച്ചശേഷം അന്നത്തെ സുൽത്താൻ സഖ്യകക്ഷികളുമായി ഒരുടമ്പടി ചെയ്കയുണ്ടായി. ആ ഉടമ്പടിയിലെ വ്യവസ്ഥ അനുസരിച്ചു് ടർക്കി സാമ്രാജ്യത്തിന്റെ ഭാഗങ്ങളായിരുന്ന സിറിയാ, പാലസ്റ്റൈൻ, മെസ്സോപ്പൊട്ടോമിയാ, അറേബ്യ, എന്നീ സ്ഥലങ്ങൾ സഖ്യകക്ഷികൾക്കും ഗ്രീസിനു തൊട്ടു കിഴക്കു കിടക്കുന്ന ത്രേസ് എന്ന പ്രദേശം ഗ്രീക്കുകാർക്കും അദ്ദേഹം വിട്ടുകൊടുത്തതായി വന്നു. തുലോം അഭിമാനഭഞ്ജകമായ ഈ സന്ധിവ്യവസ്ഥകൾ ടർക്കിസുൽത്താൻ സ്വീകരിച്ചതു് ഗത്യന്തരമില്ലായ്കയാലായിരുന്നു.

പക്ഷെ അദ്ദേഹത്തിന്റെ കീഴിലുള്ള ടർക്കിഷ് ജനങ്ങൾക്ക് ഇതു് തെല്ലും സമ്മതമായിരുന്നില്ല. ആകയാൽ അവർ സുൽത്താനെ എതിർക്കുന്നതിനുതന്നെ തീരുമാനിച്ചു. ഈ ദേശീയവാദികളായ തുർക്കികളുടെ നായകൻ മുസ്തഫാ കെമാൽ എന്ന ഒരു സൈനികോദ്യോഗസ്ഥനായിരുന്നു. അയാളുടെ നേതൃത്വത്തിൽ യുവതുർക്കികൾ ഏഷ്യാമൈനറിലുള്ള അങ്കാറാപ്പട്ടണം തലസ്ഥാനമാക്കി ഒരു ജനകീയ റിപ്പബ്ലിക്ക് രൂപവൽക്കരിച്ചു. രാജാധികാരമില്ലാത്ത ജനകീയരാഷ്ട്രങ്ങളെയാണല്ലോ റിപ്പബ്ലിക്ക എന്നു നാമകരണം ചെയ്യുന്നതു്. ഈ റിപ്പബ്ലിക്കിന്റെ ജനകീയ ഭരണാധിപനായി മുസ്തഫാ കെമാലിനെത്തന്നെ ദേശീയവാദികൾ തെരഞ്ഞെടുത്തു. അക്കാലംമുതൽ അദ്ദേഹത്തെ മുസ്തഫാ കെമാൽപാഷാ എന്നും, അത്താടക്ക് അഥവാ ടർക്കികളുടെ പിതാവു് എന്നും അവർ വിളിച്ചുതുടങ്ങി.

കെമാൽപാഷായുടെ പ്രഥമശ്രമം ഗ്രീക്കുകാരിൽനിന്നും ത്രേസ് പ്രദേശം തിരിയെ പിടിച്ചെടുക്കണമെന്നായിരുന്നു. ഈ പരിശ്രമം വിജയമടഞ്ഞശേഷം അദ്ദേഹം കോൺസ്റ്റാൻറിനോപ്പിൾ പട്ടണത്തിൽ പ്രവേശിക്കുകയും സുൽത്താനെ യുദ്ധത്തിൽ തോല്പിക്കുകയും അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. ഈ അവസരങ്ങളിലെല്ലാം സുൽത്താനു സഖ്യകക്ഷികളുടെ നാമമാത്രമായ സഹായമുണ്ടായിരുന്നു എന്നുള്ളതും സ്മരണീയമാണു്. ആകയാൽ ടർക്കിയെ സംബന്ധിച്ചു് സഖ്യകക്ഷികൾ മുമ്പു ചെയ്തിരുന്ന സന്ധിവ്യവസ്ഥകൾ മാററി പുതുതായ ഒരു സന്ധി ഉണ്ടാക്കണമെന്നു്, കെമാൽപാഷാ യൂറോപ്യൻ മഹാശക്തികളോടാവശ്യപ്പെട്ടു. അപ്രകാരം അവർ സമ്മതിക്കുകയും 1923—ൽ സ്വിററ്സർലണ്ടിലുള്ള ലാസേൻ പ്രദേശത്തു വച്ചു് ഒരു പുതിയ ഉടമ്പടി എഴുതി ഉണ്ടാക്കുകയും ചെയ്തു. ഈ ഉടമ്പടിപ്രകാരം, ടർക്കിക്കു മുൻപേ ഉണ്ടായിരുന്ന ഏഷ്യാമൈനർ കൂടാതെ ഇതൊലുത്തു ഗ്രീസിനു വിട്ടുകൊടുത്തിരുന്ന ത്രേയിസ് പ്രദേശവും കോൺസ്റ്റാൻറിനോപ്പിൾ പട്ടണവുംകൂടി ലഭിക്കുകയുണ്ടായി.

B

കെമാൽപാഷായുടെ പരിഷ്കാരങ്ങൾ

(1) കോൺസ്റ്റാൻറിനോപ്പിളിൽ ഭരണം നടത്തിയിരുന്ന സുൽത്താനെ സ്ഥാനഭ്രഷ്ടനാക്കിയശേഷം കെമാൽ ഒരു ജനപ്രതിനിധിസഭയെ തിരഞ്ഞെടുത്തു. ഈ സഭയിൽ നിന്നും ആണു്, ടർക്കിഷ് റിപ്പബ്ളിക്കിൻെറ പ്രസിഡണ്ടിനേയും മന്ത്രിസഭയേയും തിരഞ്ഞെടുത്തതു്. ഈ ഭരണഘടനയനുസരിച്ചു് 1923 മുതൽ 1938 വരെ മുസ്തഫാ കെമാൽപാഷാ ആയിരുന്നു നവീന ടർക്കിയുടെ ഭരണാധിപൻ. ഇസ്മററപാഷാ എന്നൊരാളായിരുന്നു അദ്ദേഹത്തിൻെറ പ്രധാന സഹപ്രവത്തകൻ.

(2) പക്ഷേ അദ്ദേഹത്തിനു ഭരണാധികാരം കിട്ടിയശേഷം അതിനെ ആയുരന്തം നിലനിറുത്തിക്കൊണ്ടുപോ

ക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ മോഹം. രാഷ്ട്രീയകാര്യങ്ങളിൽ യാതൊരു ഭിന്നാഭിപ്രായത്തെയും അദ്ദേഹം സഹിച്ചിരുന്നില്ല.

(3) അദ്ദേഹം നടപ്പിലാക്കിയ വേറൊരു പരിഷ്ക്കാരം ടർക്കിയെ ഒരു മതേതര (Secular) രാഷ്ട്രമാക്കിയതാണ്. അതുവരെ ടർക്കിയുടെ ഭരണാധിപൻ മുസ്ലീം ലോകത്തിന്റെ വൈദികമേലദ്ധ്യക്ഷനായ കലീഫാകൂടി ആയിരുന്നു. കെമാൽ ആ സ്ഥാനത്തെ സ്വയം ഉപേക്ഷിക്കുകതന്നെ ചെയ്തു. തന്മൂലമാണ് പുരോഗമനപരമായ പല സാമുദായിക പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചതു്.

(4) മുസ്തഫായുടെ പരിഷ്ക്കാരങ്ങളിൽ പ്രഥമഗണനീയമായിട്ടുള്ളതു രാജ്യവ്യാപകമായ വിദ്യാഭ്യാസപ്രചരണമായിരുന്നു. അന്നു ടർക്കികളുടെ ഇടയിൽ അക്ഷരാഭ്യാസം സിദ്ധിച്ചവർ ചുരുക്കമായിരുന്നു. അതിനു കാരണം അവർ ഉപയോഗിച്ചിരുന്ന അറബി അക്ഷരമാലയുടെ ദൂഷ്യമാണെന്നു് അദ്ദേഹത്തിനു ബോദ്ധ്യമായതുകൊണ്ടു ലാറ്റിൻ അക്ഷരമാല തൽസ്ഥാനത്തു് ഉപയോഗിക്കണമെന്നു് അദ്ദേഹം നിഷ്ക്കർഷിച്ചു. കൂടാതെ ശിശുക്കളുടെ പ്രാഥമികവിദ്യാഭ്യാസം സൗജന്യവും നിർബ്ബന്ധിതവുമാക്കി. പ്രായോഗികമായ വയോജന വിദ്യാഭ്യാസപദ്ധതികളും അദ്ദേഹം നടപ്പിലാക്കി.

(5) അദ്ദേഹത്തിന്റെ വേറൊരു ഭരണപരിഷ്ക്കാരം അറബി പേർഷ്യൻ ഭാഷകളെ നിരോധിച്ചതും ടർക്കിഭാഷയെപ്പോലും ഏറ്റം ലളിതമാക്കിയതുമാണ്. ഉജ്വലമായ ചമൽക്കാരപ്രയോഗങ്ങൾ പ്രായോഗിക ലോകവ്യവഹാരങ്ങൾക്കു പറ്റിയതല്ലെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിമതം.

(6) ടർക്കിഷ് ജനതയുടെ അയഞ്ഞ വസ്ത്രധാരണരീതിയും താടിമീശ വളർത്തലും അദ്ദേഹം നിരോധിക്കുകയും, തൽസ്ഥാനത്തു യൂറോപ്യൻ രീതിയിലുള്ള തൊപ്പിയും കോട്ടും കാൽച്ചട്ടയും മുഖക്ഷൗരവും പ്രചരിപ്പിക്കയും ചെയ്തു.

(7) ടക്കിയിൽ മുൻപു നിലവിലിരുന്ന രാജ്യനിയമങ്ങൾ മുസ്ലീം മതഗ്രന്ഥങ്ങളെ ആസ്പദിച്ചുള്ളവ ആയിരുന്നു. തൽസ്ഥാനത്തു കെമാൽപാഷാ, ജർമ്മനി, ഇററലി, സ്വിററ്സർലണ്ട് എന്നീ രാജ്യങ്ങളിലെ നിയമാവലികൾ യുക്തംപോലെ തിരഞ്ഞെടുത്തു. തൻമൂലം ടക്കിയും ഇതര രാജ്യങ്ങളുമായി സാമ്പത്തികബന്ധങ്ങൾ വർദ്ധിച്ചു.

(8) പരിഷ്കൃത കൃഷിസമ്പ്രദായങ്ങൾ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി അദ്ദേഹം മാതൃകാ കൃഷിത്തോട്ടങ്ങൾ പല സ്ഥലങ്ങളിലും സ്ഥാപിക്കുകയുണ്ടായി. അതുപോലെതന്നെ രാജ്യമാസകലം അദ്ദേഹം സ്വദേശവ്യവസായങ്ങളേയും പ്രോത്സാഹിപ്പിച്ചു.

(9) സംസ്കാരത്തിലും സമുദായാചാരങ്ങളിലും പാശ്ചാത്യ യൂറോപ്പിലെ ജനങ്ങളും ടക്കിയിലെ ജനങ്ങളും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ലായിരിക്കണമെന്ന് ആയിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശ്യം. അതിനുവേണ്ടി അദ്ദേഹം സ്ത്രീ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയും സ്ത്രീകൾ മൂടുപടം ധരിക്കണമെന്നുള്ള പഴയ മുസ്ലീംവിധി റദ്ദ്ചെയ്യുകയും ചെയ്തു. യൂറോപ്യൻ രീതിയിലുള്ള നൃത്തങ്ങളും ചിത്രരചനയും, കൊത്തുപണിയും അദ്ദേഹം പ്രോത്സാഹിപ്പിച്ചു. കൂടാതെ ബഹുഭാര്യാത്വത്തെ കുററകരമാക്കുകയും മുസ്ലീം സന്യാസഭവനങ്ങളെയും അവരുടെ സ്വത്തുക്കളെയും കണ്ടുകെട്ടുകയും ചെയ്തു.

ഭാവി പൗരന്മാരുടെ ഇടയിൽ രാഷ്ട്രീയ പ്രബുദ്ധത ഉളവാക്കണമെന്ന് അദ്ദേഹത്തിനു വളരെ ഉൽക്കണ്ഠയുണ്ടായിരുന്നു. അതിനുവേണ്ടി ആണ്ടിലൊരാഴ്ചക്കാലം രാജ്യഭാരം നടത്തുന്നതു നാമമാത്രമായിട്ടെങ്കിലും ശിശുക്കളായിരിക്കണമെന്ന് അദ്ദേഹം ശട്ടംകെട്ടി. ഈ വിചിത്രമായ പ്രസ്ഥാനത്തിനു ശിശുവാരം എന്നാണ് പേരുകൊടുത്തിരുന്നതു്.

കെമാൽപാഷായുടെ ഈദൃശ പരിഷ്ക്കാരക്രമത്തിൽനിന്നു സ്വേച്ഛാധികാരപ്രയോഗത്തിൻെറ ഗുണദോഷ.

ങ്ങൾ പ്രത്യക്ഷപ്പെടുന്നതാണല്ലോ. 1938-ൽ കെമാൽ പാഷാ മരണം പ്രാപിച്ചു. അദ്ദേഹത്തിന്റെ 10 കൊല്ലത്തെ ഭരണംമൂലം പഴയ ടർക്കി സാമ്രാജ്യം ഒരു നവീന രാഷ്ട്രമായി രൂപാന്തരപ്പെട്ടു.

അദ്ധ്യായം 4.

കുറിപ്പുകൾ

1923 കെമാൽപാഷാ ടർക്കിയുടെ പ്രസിഡണ്ടായി.

1923 ലാസേൻ ഉടമ്പടിമൂലം ടർക്കിക്കു അനുകൂലവ്യവസ്ഥകൾ ലഭിച്ചു.

1924 ടർക്കിയിൽ പാശ്ചാത്യ രീതിയിലുള്ള ഭരണംഘടന ആരംഭിച്ചു,

,, ഖലിഫാസ്ഥാനം അവസാനിച്ചു.

1938 കെമാൽ മരിച്ചു.

അദ്ധ്യായം 5

(A)

ഇററലിയും മുസ്സോലിനായും.

പ്രാരംഭം.

1871-ാമാണ്ടിലാണല്ലോ ഇററലിയുടെ ദേശീയസംയോജനം സംഭവിച്ചതു്. അന്നുമുതൽ പ്രഥമ ലോകമഹായുദ്ധം തുടങ്ങുന്നതുവരെ ഇററലിയിൽ നിലവിലിരുന്നതു് ഇംഗ്ലണ്ടിലെപ്പോലെ രാജവാഴ്ചയുള്ള ഒരു ജനകീയഭരണമായിരുന്നു. എന്നാൽ ഇംഗ്ലണ്ടിൽ ചിരകാലമായി വിജയിച്ചുവന്ന ഈ "മുടി ചൂടിയ ജനകീയത" (Crowned Democracy) ഇററലിയിൽ പൂർണ്ണവിജയം പ്രാപിച്ചില്ല. അതിനുള്ള പ്രധാന കാരണം ഇററലിയിൽ ആവിർഭവിച്ച വിവിധ രാഷ്ട്രീയകക്ഷികളുടെ ബലഹീനതയായിരുന്നു.

ജനകീയദേശങ്ങളിൽ രണ്ടു പ്രധാന രാഷ്ട്രീയകക്ഷികൾക്കുമാത്രമേ സ്ഥാനമുള്ളു. ജനപ്രതിനിധിസഭയിൽ ഭൂരിപക്ഷം സിദ്ധിക്കുന്ന കക്ഷി ഭരണം നടത്തുകയും, അതിലെ ന്യൂനപക്ഷകക്ഷി ഭരണം നടത്തുന്ന മന്ത്രിസഭയെ സൂക്ഷ്മിപരമായി വിമർശിക്കുകയും ചെയ്തുകൊണ്ടിരിക്കണം. അങ്ങനെയുള്ള ഭരണക്രമം നീതിയായും കാര്യക്ഷമമായും നടന്നുകൊണ്ടിരിക്കും. ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ ജനകീയ രാഷ്ട്രങ്ങളിൽ പ്രതിപക്ഷകക്ഷികളെ സാധാരണ സ്വാഗതം ചെയ്യാറുള്ളതു്. ഭരണം നടത്തുന്ന രാഷ്ട്രീയകക്ഷികൾക്കു് രാജ്യമാസകലം നല്ല സംഘടനയും പ്രാബല്യവും ഉണ്ടായിരിക്കണം. അല്ലാത്തപക്ഷം വിരുദ്ധകക്ഷിയുടെ ദുഷ്പ്രചരണംമൂലം അവരുടെ ശക്തി ക്ഷയിക്കുവാനിടയുണ്ടു്. ഭരണം നടത്തുന്ന രാഷ്ട്രീയകക്ഷിയുടെ സംഘടനയും സംഖ്യാബലവും കുറഞ്ഞുപോയാൽ അവരുടെ മന്ത്രിസഭ രാജിവയ്ക്കേണ്ടതായിവരും. ഇങ്ങനെയുള്ള രാജികൾ കൂടെക്കൂടെ ഒരു രാജ്യത്തു സംഭവിച്ചാൽ അ

രാജ്യത്തിലെ പൗരജീവിതത്തിനു് മൊത്തത്തിൽ ഒരു സ്തംഭനാവസ്ഥതന്നെ ഉണ്ടാകും. അപ്പോൾ പൗരാവലിക്കു് ജനകീയഭരണത്തോടു വെറുപ്പുണ്ടാകുകയും, സുശക്തമായ ഭരണം പുനഃസ്ഥാപിക്കുവാൻ ത്രാണിയുള്ള സ്വേച്ഛാധികാരികൾ രംഗപ്രവേശം ചെയ്യുകയും പതിവാണു് ഈ പ്രകാരമുള്ള സാഹചര്യങ്ങളിലാണു്, ബെനിറ്റോ മുസ്സോലിനി എന്ന ഒരു വിമുക്തഭടൻ പ്രഥമലോക മഹായുദ്ധാനന്തരം ഇററലിയെ സ്വേഛാധിപതി ആയിത്തീന്നതു്.

1919-ാമാണ്ടിൽ പ്രഥമ ലോകമഹായുദ്ധം അവസാനിച്ച അവസരത്തിൽ ഇററലിയിൽ പല സാമ്പത്തിക കുഴപ്പങ്ങളും രാഷ്ട്രീയാസ്വാസ്ഥ്യങ്ങളും നിലവിലിരുന്നു. ആദ്യമായി വ്യവസായതൊഴിലാളികൾക്കു് കിട്ടിക്കൊണ്ടിരുന്ന വേതനം കേവലം അപൎയ്യാപ്തമാണെന്നും അതു കൂട്ടി കിട്ടേണ്ടതാണെന്നും അവർ തുടരെ തുടരെ ബഹളം കൂട്ടിക്കൊണ്ടിരുന്നു. രണ്ടാമതായി പ്രഥമ ലോകമഹായുദ്ധത്തിൽ പങ്കെടുത്തിരുന്ന ഇററാലിയൻ ഭടന്മാർ തിരിയെ എത്തിയപ്പോൾ അവർ തൊഴിലില്ലാതെ അലഞ്ഞുതിരിഞ്ഞു നടക്കേണ്ടതായി വന്നുകൂടി. വ്യവസായ തൊഴിലാളികൾ തങ്ങൾക്കു വേതനം കൂട്ടിക്കിട്ടുന്നതിനു വേണ്ടി പണിമുടക്കുകൾ നടത്തിയപ്പോൾ വ്യവസായശാലാപ്രവൎത്തകന്മാർ അവരുടെ ഫാക്ടറികൾ പൂട്ടിയിട്ടു. അപ്പോൾ തൊഴിലാളികൾ സംഘടന നടത്തി അവയെ ബലാൽക്കാരമായി കൈവശപ്പെടുത്തുകയുണ്ടായി. അവരുടെ നേതൃത്വം വഹിച്ചിരുന്നതു് സോഷ്യലിസ്റ്റ് എന്ന രാഷ്ട്രീയ കക്ഷിക്കാരായിരുന്നു അന്നത്തെ ഇററാലിയൻ പ്രതിനിധിസഭയിൽ മൂന്നിലൊരുഭാഗവുര ഈ സോഷ്യലിസ്റ്റ് കക്ഷിയിൽപ്പെട്ടവരായിരുന്നു മൂവായിരത്തോളം മുൻസിപ്പൽ നഗരങ്ങളിൽ ഭരണം നടത്തിയിരുന്നതും ഈ കക്ഷീയിൽ പെട്ടവരായിരുന്നു.

പക്ഷേ തൊഴിലാളികളുടെ ഈ വിജയം വളരെനാൾ നീണ്ടുനിന്നില്ല. രാജ്യത്തിലുള്ള വസ്തു ഉടമസ്ഥന്മാരും വ്യവസായ പ്രവൎത്തകരും അവരോടെതിൎക്കുകതന്നെ

ചെയ്തു. ഈ എതിർപ്പിന്റെ നായകത്വം വഹിച്ചതു ബെനിറ്റോ മുസ്സോലിനി എന്ന വിമുക്തഭടനായിരുന്നു. ഇദ്ദേഹം ആദ്യമായി അനേകം വിമുക്തഭടന്മാരെ കൂട്ടിച്ചേർത്തു പല സ്ഥലങ്ങളിലും സന്നദ്ധഭടസമൂഹങ്ങൾ രൂപവൽക്കരിക്കുകയുണ്ടായി. അവർ കറുത്ത കുപ്പായങ്ങളും കുറുവടികളും ധരിച്ചു് പൊതുനിരത്തുകളിൽകൂടി കവാത്തു ചെയ്യുകയും സോഷ്യലിസ്റ്റ് കക്ഷിയിൽപെട്ട തൊഴിലാളികളെ ദേഹോപദ്രവമേല്പിക്കുകയും പതിവായിരുന്നു. ഇവരെ കുറുവടിധാരികൾ എന്ന അർത്ഥത്തിൽ ഫാസിസ്റ്റുകൾ എന്നാണു് സാധാരണ വിളിച്ചുവന്നിരുന്നതു്. ധനവാന്മാരായ മുതലാളികളും ജന്മികളും ഈ സന്നദ്ധഭടന്മാർക്കും അവരുടെ നേതാവിനും വേണ്ട സഹായങ്ങൾ ചെയ്യുകയും പതിവായിത്തീർന്നു.

B. മുസ്സോലിനിയുടെ ഫാസിസ്റ്റ് നേതൃത്വം

1919-ൽ മുസ്സോലിനിയ്ക്കു് 36 വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. ആ അവസരത്തിൽ അയാൾ സോഷ്യലിസ്റ്റ് വിരുദ്ധകക്ഷിയായിരുന്നു എങ്കിലും അതിനു മുൻപിൽ അയാൾ തീക്ഷ്ണമതിയായ ഒരു സോഷ്യലിസ്റ്റായിരുന്നു. ഒരു പാവപ്പെട്ട ഇരുമ്പുപണിക്കാരന്റെ മകനായി ജനിച്ച ഈ മുസ്സോലിനി അക്കാലങ്ങളിൽ പല അക്രമപ്രവർത്തികൾ നടത്തി ഗവർമ്മേന്റിനോടെതിർക്കുന്നതിനു തൊഴിലാളികളെ പ്രേരിപ്പിക്കുകമൂലം ഇദ്ദേഹം പലപ്പോഴും ശിക്ഷയനുഭവിച്ചിട്ടുണ്ടായിരുന്നു. പിന്നീടു മിലാൻ പട്ടണത്തിൽനിന്നു അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിരുന്ന അവാന്തി എന്ന സോഷ്യലിസ്റ്റ് ദിനപ്പത്രത്തിൽ അനേകം വിദ്ധ്വംസക പ്രസ്ഥാനങ്ങൾക്കു നേതൃത്വം വഹിക്കുകയും ചെയ്തിരുന്നതാണു്. പക്ഷേ പ്രഥമ ലോകമഹായുദ്ധത്തോടുകൂടി മുസ്സോലിനി ഈ വക സോഷ്യലിസ്റ്റ് പരിപാടികളിൽനിന്നും സ്വയം പിൻമാറി സഖ്യകക്ഷിയിൽചേർന്നു യുദ്ധം ചെയ്യുകയും, അതിനു ശേഷം സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിനെതിരായി ഒരു പുതിയ രാഷ്ട്രീയ പരിപാടി ആരംഭിക്കുകയുമാണുണ്ടായ

ത്തു്. ആ പ്രസ്ഥാനത്തിന്റെ പേരാണല്ലോ മുൻപറഞ്ഞ ഫാസിസ്ററ് പ്രസ്ഥാനം.

ഫാസിസ്റ്റു പ്രസ്ഥാനം മുതലാളികളുടെയും മദ്ധ്യവർഗ്ഗക്കാരുടെയും പിൻതുണയിലാണു് വളൎന്നുവന്നതു്. കാലക്രമേണ തൊഴിലില്ലാതെ അലഞ്ഞുനടന്ന പല വർഗ്ഗക്കാരും ഫാസിസ്റ്റ് നേതാവിന്റെ കീഴിൽ അണിനിരന്നു. രാജ്യത്തിൽ സമാധാനം പുലൎത്തുന്നതിനും സാമ്പത്തികക്ഷേമം കൈവരുത്തുന്നതിനും, സോഷ്യലിസത്തോടും കമ്യൂണിസത്തോടും എതിരിടുന്നതിനും, ഇതിനെ ആശ്രയിക്കാതെ തരമില്ലെന്നു് അവൎക്കും തോന്നി. ഈ അവസരത്തിലെല്ലാം രാജ്യത്തിലെ സോഷ്യലിസ്റ്റ് പ്രവൎത്തകന്മാർ പരസ്പരം കലഹിക്കുകയും നിലവിലിരുന്ന ഭരണകൂടത്തെ ദുർബലമാക്കുകയുമാണു് ചെയ്തുകൊണ്ടിരുന്നതു്. ഇങ്ങനെയിരിക്കെ 1922 ഒക്ടോബർ മാസത്തിൽ ഇററലിയുടെ വിവിധഭാഗങ്ങളിൽനിന്നും ഫാസിസ്റ്റ് സന്നദ്ധഭടന്മാർ തങ്ങളുടെ കറുത്ത കുപ്പായങ്ങളും കുറുവടിയും ധരിച്ചു്, തലസ്ഥാന നഗരിയിലേക്കു വിജയോ നേതൃത്വത്തിൽ യാത്രതിരിച്ചു. അന്നത്തെ ഇററാലിയൻ പ്രധാനമന്ത്രി ഈ വിപ്ലവ സൈന്യത്തെ നിയമവിരുദ്ധമായി പ്രഖ്യാപനം ചെയ്തു. പക്ഷെ ഭയവിഹ്വലനായ വിക്ടർ എമ്മാനുവേൽ തൃതീയൻ എന്ന രാജാവാകട്ടെ ആ പ്രഖ്യാപനത്തെ റദ്ദു ചെയ്യുകയും മുസ്സോലിനിയെ തന്റെ പ്രധാനമന്ത്രിയായി നിയമിക്കുകയുമാണു് ചെയ്തതു്. ഇതു് 1922 ഒക്ടോബർ മാസം 30-ാംനു- ആയിരുന്നു. ഇങ്ങനെയാണു് മുസ്സോലിനി ഇററലിയിലെ ഭരണാധികാരികായിത്തീൎന്നതു്. അന്നുമുതൽ അദ്ദേഹത്തിന്റെ സ്ഥാനപദവി നേതാവു് എന്നൎത്ഥമുള്ള (Ill Duce) ഇൽ ഡ്യൂച്ചെ എന്നായിരുന്നു.

മുസ്സോലിനിയുടെ ഭരണനയം

(1) സമാധാന സംരക്ഷണം

മുസ്സോലിനിയുടെ ആദ്യത്തെ ശ്രമം രാജ്യത്തിൽ സമാധാനമുണ്ടാക്കുക എന്നുള്ളതായിരുന്നു. അദ്ദേഹം രാഷ്ട്രത്തെ

സുശക്തമാക്കിത്തീക്കുന്നതിനു ഭഗീരഥപ്രയത്നം ചെയ്തു. ഫാസിസ്റ്റ് രാഷ്ട്രീയകക്ഷിയൊഴിച്ചു വേറൊരു രാഷ്ട്രീയകക്ഷിയും രാജ്യാതിത്തിക്കുള്ളിൽ പ്രവത്തനം നടത്തുവാൻ അദ്ദേഹം അനുവദിച്ചില്ല. സോഷ്യലിസ്റ്റ് കക്ഷി എന്നും ലിബറൽ കക്ഷിയെന്നും വേറെ രണ്ടു പ്രബല രാഷ്ട്രീയകക്ഷികൾ കൂടി അക്കാലത്തു് ഇററലിയിലുണ്ടായിരുന്നു. മുസ്സോലിനി അവയെ ഒക്കെയും അക്രമംകൊണ്ടും ഹിംസകൊണ്ടും ഭയപ്പെടുത്തുകയുണ്ടായി. വ്യക്തികൾ രാഷ്ട്രത്തിനുവേണ്ടി ജീവിക്കണമെന്നും, അധികാരത്തിലിരിക്കുന്ന രാഷ്ട്രീയകക്ഷിയെ വിമർശിക്കുവാൻ ആക്കും അർഹതയില്ലെന്നും, അദ്ദേഹം വിധിച്ചു. തൽഫലമായി സ്തുതിപാഠകവൃദ്ധി അനുഷ്ഠിക്കാത്ത എല്ലാ വത്തമാനപ്പത്രങ്ങളെയും അദ്ദേഹം നിരോധിച്ചു. വിദ്യാലയങ്ങളിലും സവ്വകലാശാലകളിലും ജോലിചെയ്യുന്നവരുടെ അഭിപ്രായസ്വാതന്ത്ര്യത്തെ അദ്ദേഹം കഠിനമായി നിയന്ത്രിച്ചു. ഇങ്ങനെ ശക്തിമത്തായ ഒരു ഭരണഘടനയുണ്ടാക്കുക എന്ന വ്യാജേന അദ്ദേഹം വ്യക്തികളുടെയും സംഘടനകളുടെയും ജന്മസിദ്ധമായ സ്വാതന്ത്ര്യത്തെ ഇല്ലായ്മ ചെയ്യുകയുണ്ടായി. ഈ വിധത്തിൽ അദ്ദേഹം രാജ്യത്തിൽ സമാധാനം പുനഃസ്ഥാപിച്ചു എന്നു സമ്മതിക്കാതെ തരമില്ല.

2. സാമ്പത്തിക പരിഷ്കാരങ്ങൾ.

മുസ്സോലിനിയുടെ അനന്തരപരിശ്രമം രാജ്യത്തിൽ ക്ഷേമം കൈവരുത്തുന്നതിനായിരുന്നു. അതിനുവേണ്ടി അദ്ദേഹം പല സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പിലാക്കുകയുണ്ടായി.

A) ആദ്യമായി അദ്ദേഹം രാജ്യത്തിലെ വരവുചിലവുകൾ ബുദ്ധിപൂവ്വം ക്രമീകരിക്കുകയുണ്ടായി. അക്കാലത്തു പാശ്ചാത്യലോകമാസകലം നാണയങ്ങളുടെ വില ഇടിയുകയും, സാമാനങ്ങളുടെ വില ഭയങ്കരമായി വർദ്ധിപ്പിക്കുകയും ചെയ്തിരുന്നു. ബുദ്ധിപൂവ്വകമായ പല സാമ്പത്തിക പരിഷ്കാരങ്ങൾമൂലം അദ്ദേഹം നാണയവിലയെ ക്രമ

പ്പെടുത്തുകയും സാമാനവിലയെ താഴ്ത്തിനിറുത്തുകയും ചെയ്തു. തൻമൂലം സാധാരണ ജനങ്ങളുടെ സാമ്പത്തിക ക്ഷേമം ഒട്ടുവളരെ വദ്ധമാനമായിത്തീൎന്നു.

B) രാജ്യത്തിലെ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായിരുന്നു അദ്ദേഹം പിന്നീടു ശ്രമിച്ചതു്. ഇററലിയിലുണ്ടായിരുന്ന ധാരാളം ചതുപ്പസ്ഥലങ്ങളെ അദ്ദേഹം കൃഷിക്കുപയുക്തങ്ങളാക്കിത്തീൎത്തു. മുൻകാലങ്ങളിൽ കൊതുകിൻെറ വിളനിലമായിരുന്ന പോൻടൈൻ പ്രദേശങ്ങളിൽ ധാരാളം ഗോതമ്പു വിളഞ്ഞുതുടങ്ങിയതോടുകൂടി മുസ്സോലിനി ഇററാലിയൻ ജനതയുടെ വാത്സല്യഭാജനമായിത്തീൎന്നു.

C) മുസ്സോലിനിയുടെ മൂന്നാമത്തെ പരിശ്രമം രാജ്യത്തിൽ വ്യവസായങ്ങരം അഭിവൃദ്ധിപ്പെടുത്തുന്നതിനായിരുന്നു. മുൻകാലങ്ങളിൽ വിദ്യുച്ഛക്തി ഉപയോഗിച്ചുള്ള വ്യവസായങ്ങരം ഇററലിയിൽ നടപ്പില്ലായിരുന്നു. ഈ കുറവിനെ പരിഹരിക്കുന്നതിനുവേണ്ടി അദ്ദേഹം ജലപതനങ്ങളിൽ നിന്നും വൈദ്യുതശക്തി ഉല്പാദിപ്പിക്കുകയും ഇതു ഉപയോഗിച്ചു് വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തു. തൻമൂലം ജനങ്ങളുടെ തൊഴിലില്ലായ്മയ്ക്കും ദാരിദ്ര്യത്തിനും അദ്ദേഹം പരിഹാരമുണ്ടാക്കി.

D) കൃഷിവ്യവസായങ്ങളുടെയും വാണിജ്യത്തിൻെറയും അഭിവൃദ്ധിക്കുവേണ്ടി അദ്ദേഹം പല റെയിൽവേകരം പുതുതതായി പണികഴിപ്പിക്കുകയും പഴയവയെ പുനഃസംഘടിപ്പിച്ചു് പരിഷ്കരിക്കുകയും ചെയ്തു.

E) തൊഴിലാളികളും മുതലാളികളും തമ്മിൽ സൗഹാർദ്ദത പാലിക്കുന്നതിനുള്ള പരിശ്രമമാണു്, അദ്ദേഹം തുടൎന്നു നടത്തിയതു്. സോഷ്യലിസ്ററുകാരും കമ്മ്യൂണിസ്ററുകാരുമായിരുന്നു അക്കാലംവരെ തൊഴിലാളിക്ഷേമത്തിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്നതു് എന്നാൽ മുസ്സോലിനി ഈ രണ്ടു കക്ഷികളെയും രാജ്യത്തിൽ നിന്നും

ഉച്ചാടനം ചെയ്തശേഷം സർക്കാർ നിയന്ത്രണത്തിലുള്ള (Trade unions) തൊഴിൽ സംഘടനകൾ ഏർപ്പെടുത്തി. തൊഴിലാളികളുടെയും മുതലാളികളുടെയും അവകാശങ്ങളെ അദ്ദേഹം ഒന്നുപോലെ സംരക്ഷിച്ചുവന്നു. ഇങ്ങനെ മുസ്സോലിനിയുടെ പരിശ്രമംമൂലം തൊഴിലാളികളും മുതലാളികളും തമ്മിൽ സൗഹാർദ്ദത പാലിക്കുന്നതിന് സാധിച്ചു.

(3) ഭരണഘടനാനിർമ്മാണം. ഫ്റാൻസ്, ബ്രിട്ടൻ, അമേരിക്കാ, തുടങ്ങിയ രാജ്യങ്ങളിൽ നിലവിലിരിക്കുന്ന വിധത്തിലുള്ള ജനകീയഭരണം മുസ്സോലിനിക്ക് സ്വീകാര്യമല്ലായിരുന്നു. അദ്ദേഹത്തിന്റെ അഭിമതം ഉത്തമന്മാരായ നേതാക്കന്മാരുടെ ഭരണം കൊണ്ടുമാത്രമേ രാജ്യത്തിൽ ശ്രേയസ്സുണ്ടാകുകയുള്ളു എന്നായിരുന്നു. പാശ്ചാത്യ രാജ്യങ്ങളിൽ ഉത്തമന്മാരായ ജനപ്രതിനിധികളെ കണ്ടുപിടിക്കുന്നതു് ഓരോ പ്രാദേശിക നിയോജകമണ്ഡലത്തിലും രാഷ്ട്രീയ കക്ഷികൾ തമ്മിൽ നടക്കുന്ന തെരഞ്ഞെടുപ്പുമത്സരംമൂലമാണ്. എന്നാൽ ഫാസിസ്റ്റുഭരണത്തിൽ അന്യ രാഷ്ട്രീയ കക്ഷികൾക്കു സ്ഥാനമേ ഇല്ലാത്തതുകൊണ്ട്, രാഷ്ട്രീയ കക്ഷികളുടെ സ്ഥാനത്തു മുസ്സോലിനി രാജ്യവ്യാപകമായ ഏതാനും സാമ്പത്തിക ഗ്രൂപ്പുകൾ ഏർപ്പെടുത്തി. ഇങ്ങനെയുള്ള 13 സാമ്പത്തിക ഗ്രൂപ്പുകളിലായി അദ്ദേഹം ഇററാലിയൻ ജനതയെ മുഴുവൻ വിഭജിച്ചു. ഈ സാമ്പത്തിക ഗ്രൂപ്പുകളിൽ നിന്നും 500 മെംബറന്മാരെയും ഫാസിസ്റ്റ് നേതാക്കന്മാരിൽ നിന്നും 150 പേരെയും ചേർന്നുള്ള ഒരു പ്രതിനിധിസഭയാണ് അദ്ദേഹം ഇററലിക്കു കൊടുത്തതു്. ഈ സഭയിലേക്കുള്ള അവസാന തെരഞ്ഞെടുപ്പ് നടത്തിയിരുന്നതു്, ഫാസിസ്ററു നേതാക്കന്മാരുടെ ഇംഗിതമനുസരിച്ചായിരുന്നു. തന്മൂലം മുസ്സോലിനിയുടെ അഭിപ്രായപ്രകാരമാണ് ഇററലിയിൽ നിയമനിർമ്മാണവും രാജ്യഭരണവും നടത്തപ്പെട്ടിരുന്നതു് എന്നു പറയാം. രാജാവിന്റെ അധികാരം കേവലം നാമമാത്രമായിരുന്നു താനും.

(4) വത്തിക്കാൻ ഉടമ്പടി. 1870-ാമാണ്ടിൽ ഇററലിയുടെ ദേശീയസംയോജനം നടന്ന അവസരത്തിൽ മാർപ്പാപ്പായുടെ വകയായി ഇററലിയിലുണ്ടായിരുന്ന രാജ്യവിഭാഗം മുഴുവൻ ഏതദ്ദേശീയ രാഷ്ട്രീയ നേതാക്കന്മാർ ഇററലിയൻ രാഷ്ട്രത്തിൽ ലയിപ്പിച്ചു. ഇതുമൂലം മാർപ്പാപ്പായ്ക്കു വലുതായ വസ്തുനഷ്ടം സംഭവിക്കുകയാൽ സഭയും രാഷ്ട്രവും തമ്മിൽ അസ്വാരസ്യത്തിലാണു കഴിച്ചുകൂട്ടിയിരുന്നതു. തന്മൂലമുണ്ടായ അസ്വസ്ഥതകൾ നീക്കി, രാജ്യത്തിൽ സമാധാനമുളവാക്കുന്നതു രാജ്യത്തിന്റെ ആഭ്യന്തരഭദ്രത്വം രാജ്യാന്തരപ്രശസ്തിക്കും അത്യാവശ്യമാണെന്നു മുസ്സോലിനിക്കു ബോദ്ധ്യമായി. അതിനാൽ, 1929-ാമാണ്ടിൽ ഇററാലിയൻ ഗവണ്മെൻറും വത്തിക്കാനുമായി സുപ്രസിദ്ധമായ വത്തിക്കാൻ ഉടമ്പടി നടന്നു. ഈ ഉടമ്പടിപ്രകാരം വത്തിക്കാൻ നഗരത്തെ ഒരു പരമാധികാരരാഷ്ട്രമായി ഇററാലിയൻ ഗവണ്മെൻറു അംഗീകരിക്കുകയുണ്ടായി. ഈ വത്തിക്കാൻ രാഷ്ട്രത്തിൽ ബ്രഹ്മാണ്ഡമായ സെൻറുപീറേറഴ്സ് ദേവാലയവും, മാർപ്പാപ്പായുടെ വാസസ്ഥലമായ വത്തിക്കാൻ കൊട്ടാരവും, അവയിരിക്കുന്ന 108 ഏക്കർ സ്ഥലവും ഉൾപ്പെടുന്നു. ലോകത്തിലുള്ളതിലേയ്ക്കും ഏററം ചെറിയ രാജ്യമാണു വത്തിക്കാൻ നഗരരാഷ്ട്രം. ഏകദേശം 500 പൗരന്മാർ മാത്രമെ ഇതിൽ അധിവസിക്കുന്നുള്ളു. ഈ രാജ്യത്തിൽ പ്രത്യേകമായ നീതിന്യായകോടതികളും നാണ്യങ്ങളും തപാൽ മുദ്രയും ഒരു ചെറിയ റെയിൽവേയും ഉള്ളതുകൂടാതെ ഇന്നത്തെ സകല പരിഷ്കൃതരാഷ്ട്രങ്ങളുടെയും പ്രതിനിധികൾ അവിടെ സ്ഥിരമായി വസിക്കുകയും ചെയ്യുന്നു. മുസ്സോലിനിയുടെ ഈ അനുരഞ്ജകനയംമൂലം ആധുനിക ഇററലിയുടെ രാജ്യാന്തരപ്രശസ്തി വളരെ വർദ്ധമാനമായി തീർന്നിട്ടുണ്ടു.

5) ഇങ്ങനെ രാജ്യത്തിൽ ആഭ്യന്തരസമാധാനവും രാജ്യാന്തരപ്രശസ്തിയും കൈവരുത്തിയശേഷം മുസ്സോളിനിയുടെ ഉദ്ദേശ്യം പ്രാചീന റോമ്മാസാമ്രാജ്യത്തിന്റെ പ്രാഭവം ഒന്നു പുനരുദ്ധരിക്കണമെന്നായിരുന്നു. അതിനുവേ

ണ്ടി അദ്ദേഹം ഇററാലിയൻ കരസൈന്യത്തെയും നാവിക സൈന്യത്തെയും വിമാനസേനയേയും പ്രബലപ്പെടുത്തി. 1925-ൽ അദ്ദേഹം ഇററലിക്കു കിഴക്കു കിടക്കുന്ന അൽബേനിയാ (Albania) രാജ്യം പിടിച്ചെടുത്തു. 1935-ൽ അദ്ദേഹം കിഴക്കേ ആഫ്റിക്കയിലുള്ള എത്തിയോപ്പിയാ അഥവാ അബിസ്സീനിയാരാജ്യം കീഴടക്കുകയും അവിടെ പ്രാചീനകാലം മുതൽ നിലവിലിരുന്ന അബിസ്സീനിയൻ രാജവംശത്തെ തോല്പിക്കുകയും ചെയ്തു. മുസ്സോലിനിയുടെ ഈ വിദേശനയത്തെ സർവ്വരാജ്യസംഖ്യം കഠിനമായി പ്രതിഷേധിക്കുകയുണ്ടായെങ്കിലും അതുകൊണ്ടു് യാതൊരു ഫലവുമുണ്ടായില്ല. 1936-ാമാണ്ടിൽ മുസ്സോലിനിയുടെ പരിശ്രമഫലമായി ഇററാലിയൻ രാജാവായ വിക്ടറർ ഇമ്മാനുവേൽ തൃതീയൻ അബിസ്സീനിയൻ ചക്രവർത്തിയായി അവരോധിക്കപ്പെട്ടു. പഴയ ചക്രവർത്തിയായ ഹെയിൽ സെലാസി (Haile Selassie) ഇംഗ്ലണ്ടിൽ അഭയം പ്രാപിക്കേണ്ടതായും വന്നു.

മുസ്സോലിനിയുടെ തോൽവിയും മരണവും.

രണ്ടാം ലോകമഹായുദ്ധത്തിൽ മുസ്സോലിനി ജർമ്മനിയുടെ പക്ഷത്തുനിന്നു കുറെനാൾ വിജയകരമായി പോരാടി. പക്ഷെ 1944-ൽ ഐക്യകക്ഷികൾ ഇററാലിയൻ തലസ്ഥാനമായ റോമ്മാനഗരം പിടിച്ചടക്കുകയാൽ ഇററലിക്കു സമാധാനത്തിനപേക്ഷിക്കാതെ തരമില്ലെന്നു വന്നു. അതിനെ തുടർന്നു മുസ്സോലിനി പലായനം ചെയ്യുകയും കമ്മ്യൂണിസ്ററുകാരാൽ വധിക്കപ്പെടുകയും ചെയ്തു. അതോടുകൂടി ഇററലിരാജ്യം ഫാസിസ്റ്റ് ഭരണത്തിൽനിന്നും മോചനം പ്രാപിക്കുകയുണ്ടായി. ഇപ്പോൾ ഇററലി രാജവാഴ്ചയില്ലാത്ത ഒരു റിപ്പബ്ളിക്കായി കഴിച്ചുകൂട്ടുകയാണു്.

അദ്ധ്യായം 5

കുറിപ്പുകൾ.

1915 മുസ്സോലിനി:—ഒരു സോഷ്യലിസ്റ്റ് പത്രാധിപർ
അവാന്തി. അയാളുടെ സോഷ്യലിസ്ററ ദിനപ്പത്രം
1919 മുസ്സോലിനി: സോഷ്യലിസ്റ്റ് വിരുദ്ധകക്ഷി
1922 മുസ്സോലിനി: ഫാസിസ്റ്റ് നേതാവായി അധി കാരം പിടിച്ചെടുക്കുന്നു
1929 വത്തിക്കാൻ ഉടമ്പടി
1935–6 എത്തിയോപ്യൻ (അബിസീനിയൻ) യുദ്ധം
വിക്റ്റർ ഇമ്മാനുവേൽ III
ഇററാലിയൻ ചക്രവർത്തി
ഹെയിൽസ് സലാസി
എത്തിയോപ്യൻ "ചക്രവർത്തി"
Ill Duce. മുസ്സോലിനിയുടെ സ്ഥാനനാമം.

അദ്ധ്യായം 6

ഹിററ്ലറും ജർമ്മനിയും

(A) യുദ്ധാനന്തരജർമ്മനി

ഒന്നാം ലോകമഹായുദ്ധത്തിൽ പരാജയമടഞ്ഞശേഷം ജർമ്മൻകെയിസറായിരുന്ന വില്യം രണ്ടാമൻ നാടു വിട്ട് ഹോളണ്ടിലേക്കു ഓടിപ്പോയി. അപ്പോൾ ജർമ്മനിയിൽ ഒരു ജനാധിപത്യ റിപ്പബ്ലിക്കൻഭരണം സ്ഥാപിക്കപ്പെട്ടു. ഈ റിപ്പബ്ലിക്കൻ ഭരണം 1919 മുതൽ 1932 വരെ നിലവിലിരുന്നു. ഈ കാലഘട്ടത്തിൽ ജർമ്മനിക്കു വളരെ വിഷമപ്രശ്നങ്ങളെ നേരിടേണ്ടതായി വന്നിരുന്നു.

അവയിൽ ഏററം പ്രധാനമായിട്ടുള്ളതു വെഴ്സെയി ഉടമ്പടിക്കുശേഷം പിരിച്ചുവിടപ്പെട്ട ജർമ്മൻ പട്ടാളഉദ്യോഗസ്ഥന്മാരുടെ തൊഴിലില്ലായ്മയും തൻമൂലം നാട്ടിലാകപ്പാടെ പ്രത്യക്ഷപ്പെട്ട അസ്വസ്ഥതയുമാണ്. അവർ ഓരോ രഹസ്യസംഘടനകളിൽ ചേന്നു രാജ്യത്തിൽ കലാപം വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. പോരെങ്കിൽ യുദ്ധാനന്തര കാലങ്ങളിൽ കടലാസുനാണ്യം കണക്കില്ലാതെ അടിച്ചിറക്കിയതുമൂലം നിശ്ചിത ശമ്പളം പററി ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥന്മാരും മദ്ധ്യവൎഗ്ഗക്കാരും അവരുടെ ജീവിതാവശ്യങ്ങൾ നിർവഹിക്കുവാൻ വേണ്ടിടത്തോളം വരവില്ലാതെ വിഷമിച്ചിരുന്നു. അതിനാൽ അവരും വിപ്ലവപ്രസക്തരായിത്തന്നെ കഴിഞ്ഞുകൂടിയിരുന്നു. എന്നാൽ ഇതേ അവസരത്തിൽ തന്നെ ഉയന്നനിലയിലുള്ള ജമ്മൻജന്മികൾക്കും വ്യവസായികൾക്കും സാമ്പത്തികമായ ശുക്രദശയാണ് അനുഭവപ്പെട്ടിരുന്നതു്. യുദ്ധകാലത്തു കടത്തിൽ മുഴുകിയിരുന്ന ജർമ്മൻ ജന്മികൾ നാണയക്കുഴപ്പം നിമിത്തം വേഗത്തിൽ കടംവീട്ടി വീണ്ടും ധനികരായിത്തീരാനിടയായി. ജർമ്മൻ സാമാനങ്ങൾ വിദേശങ്ങളിൽ വില കുറച്ചു വിൽക്കുവാൻ സാധിച്ചിരുന്നതുമൂലം വ്യവസായികൾക്കും അന്നു നല്ലകാലമായിരുന്നു. കമ്യൂണിസ്റ്റ് കൂട്ടുകെട്ടുകളുടെ ശക്തി ജർമ്മനിയിൽ അടിക്കടി വർദ്ധിച്ചു വന്നിരുന്നതുകൊണ്ടു വസ്തു ഉടമസ്ഥന്മാക്കും വ്യവസായികൾക്കും വലിയ ഉൽക്കണ്ഠയായിരുന്നു. കമ്മ്യൂണിസ്റ്റ് വിഷത്തിൽനിന്നും തങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ആരെയാണ് ആശ്രയിക്കേണ്ടതെന്നായിരുന്നു ജർമ്മനിയിലെ വ്യവസായികളുടെയും വസ്തു ഉടമസ്ഥന്മാരുടെയും ഉൽക്കണ്ഠ. പോരെങ്കിൽ തങ്ങളുടെ മേൽ വമ്പിച്ച ഒരു യുദ്ധക്കടം കെട്ടിവയ്ക്കുകയും, തങ്ങളുടെ രാജ്യശ്രേയസ്സിനു കളങ്കം വരുത്തുകയും ചെയ്ത സഖ്യകക്ഷികളോടു സകല ജർമ്മൻകാക്കും ഒരിക്കലും തീരാത്ത വാശിയും വർദ്ധിച്ചിരുന്നു.

ഈ വിഷമപ്രശ്നങ്ങൾക്കെല്ലാം പരിഹാരമുണ്ടാക്കണമെന്ന ധൈയ്യത്തോടുകൂടി അക്കാലത്തു ജർമ്മൻ രാ

ഷ്ട്രീയമണ്ഡലത്തിൽ രംഗപ്രവേശം ചെയ്ത ഒരു യുവാവായിരുന്നു അഡോൾഫ് ഹിററ്ലർ.

ഹിററ്ലറിൻെറ ഉയർച്ചയും താഴ്ചയും

ഹിററ്ലർ ഒരു ജർമ്മൻ പൗരനായിരുന്നില്ല. അയാൾ ആസ്ത്രിയായിൽ ജനിച്ച ഒരു ജർമ്മൻ വംശജനായിരുന്നു. അയാളുടെ അച്ഛൻ ഒരു താണ സക്കാർ ജീവനക്കാരനായിരുന്നതുമൂലം ഉന്നതവിദ്യാഭ്യാസം സിദ്ധിക്കുവാൻ ഹിററ്ലറിനു സാധിച്ചില്ല. നിദ്ധനനായ ഒരു ചായപ്പണിക്കാരനായി 1919 വരെ അയാൾ വെനീസു പട്ടണത്തിൽ കഴിച്ചുകൂട്ടിയിരുന്നു. പ്രഥമലോകമഹായുദ്ധത്തിൽ ഹിററ്ലർ ജർമ്മൻ സൈന്യത്തിലെ ഒരു സാധാരണഭടനായി സേവനം നടത്തി. യുദ്ധാനന്തരം ജർമ്മനിയിൽ സ്ഥാപിക്കപ്പെട്ട റിപ്പബ്ളിക്കൻ ഗവർമ്മെൻറിനോട് 1932-ൽ ഹിററ്ലർ എതിക്കുകയുണ്ടായി. തൽഫലമായി അഞ്ചുകൊല്ലക്കാലത്തേക്ക് അയാൾ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു. ഈ അവസരത്തിൽ അയാൾ മീൻക്യംഫ് (Mein kamf എന്ന ജെമ്മൻ പദങ്ങളുടെ അത്ഥം എൻെറ പോരാട്ടം (My struggle) എന്നാണു്) എന്ന പേരിൽ ഒരു ഗ്രന്ഥം രചിച്ചു. ആ ഗ്രന്ഥത്തിൽ നിന്നും ഹിററ്ലരുടെ രാഷ്ട്രീയലക്ഷ്യങ്ങൾ വിശദമായി നമുക്കു ഗ്രഹിക്കുവാൻ കഴിയും. 1928—ൽ വിമുക്തനായതുമുതൽ ഹിററ്ലരുടെ പരിശ്രമങ്ങൾ നാഷനൽ സോഷ്യലിസം എന്ന പേരിൽ ഒരു പുതിയ രാഷ്ട്രീയ സംഘടന സ്ഥാപിക്കുന്നതിനായിരുന്നു. ഇതിൽ അയാൾക്കു ലഭിച്ച അസാധാരണ ജനകീയ പിൻതുണമൂലം അന്നത്തെ റിപ്പബ്ളിക്കൻ ഗവണ്മെൻറിനു ഹിററ്ലരെ വളരെക്കാലം എതിർപക്ഷത്തിൽ അകററി നിറുത്തുവാൻ സാധിച്ചിരുന്നില്ല.

1919-ാമാണ്ടിൽ ജർമ്മൻ റിപ്പബ്ളിക്കിൻെറ പ്രസിഡണ്ടായി ഹിൻഡൻബൎഗ്ഗ് എന്ന മഹാൻ തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹമായിരുന്നു പ്രഥമ ലോകമഹായുദ്ധ

ത്തിന്റെ പ്രഥമഘട്ടത്തിൽ ജർമ്മനിയെ വിജയകരമായി നയിച്ച സേനാനായകൻ. അദ്ദേഹത്തിന്റെ കീഴിൽ ചാൻസലർസ്ഥാനം വഹിച്ചിരുന്നതു്, സ്റ്റ്റൈസ്മാൻ എന്ന മറെറാരു പ്രഖ്യാതരാജ്യതന്ത്രജ്ഞനായിരുന്നു. 1929-ൽ സ്റ്റ്റൈസ്മാൻ മരണം പ്രാപിച്ചു. 1933-ൽ അഡോൾഫ് ഹിററ്ലറിനെ ജർമ്മൻ ചാൻസലറായി പ്രസിഡണ്ടു ഹിൻഡൻബർഗ്ഗ് തെരഞ്ഞെടുക്കുകയുണ്ടായി. 1934-ാമാണ്ടിൽ 87-ാമത്തെ വയസ്സിൽ പ്രസിഡണ്ടു ഹിൻഡൻബർഗ്ഗ് നിര്യാതനായപ്പോൾ പ്രസിഡണ്ടുസ്ഥാനം ഹിററ്ലറു തന്നെ കൈവശപ്പെടുത്തുകയുണ്ടായി. അന്നുമുതൽ 10 കൊല്ലത്തേക്കു് അദ്ദേഹം ജർമ്മനിയുടെ ഏകാധിപതിയായി വാഴുക തന്നെ ചെയ്തു. 1945-ൽ അദ്ദേഹം ദ്വിതീയ ലോകമഹായുദ്ധത്തിൽ പരാജയമടയുകയും ശത്രുഹസ്തങ്ങളാൽ കൊല്ലപ്പെടുകയുമാണല്ലോ ഉണ്ടായതു്.

B. ഹിററ്ലരുടെ വിജയരഹസ്യം

ഹിററ്ലരുടെ വിജയരഹസ്യത്തിൽ പ്രധാന ഭാഗം അടങ്ങിയിരുന്നതു് അദ്ദേഹത്തിന്റെ സംഘടനാസാമത്ഥ്യത്തിലാണു്. വ്യക്തിപരമായി ഹിററ്ലർ പ്രബലനായിരുന്നില്ല. ആദ്യം അദ്ദേഹം ജർമ്മൻ റിപ്പബ്ളിക്കിനെ എതിക്കുന്നതിനായി ഒരു വിഫലപരിശ്രമം നടത്തുകയും അതിന്റെ ഫലമായി തടവുശിക്ഷ അനുഭവിക്കുകയും ചെയ്തിട്ടുള്ളതാണു്. കാരാഗൃഹവാസം കഴിഞ്ഞശേഷം ഹിററ്ലർ നാഷനൽ സോഷ്യലിസം എന്നൊരു രാഷ്ട്രീയ സംഘടന ആരംഭിച്ചു. അതിന്റെ ഉദ്ദേശ്യം അന്നു ജർമ്മനിയിൽ പ്രാബല്യത്തിലിരുന്ന സോഷ്യൽ ഡിമോക്രസി എന്ന രാഷ്ട്രീയകക്ഷിയെ തോല്പിക്കുന്നതിനായിരുന്നു. നാസി എന്നുള്ള ലഘുപദം നാഷനൽ സോഷ്യലിസം എന്ന രണ്ടു പദങ്ങളുടെ ആദ്യക്ഷരങ്ങൾ ചേർത്തുണ്ടാക്കിയതാണു്. ഈ നാസികക്ഷിയിൽ ഹിററ്ലർ അന്നു ജർമ്മനിയിലുണ്ടായിരുന്ന അതൃപ്തകക്ഷികളെയെല്ലാം കൂട്ടിച്ചേർത്തു. തൊഴിലില്ലാതെ അലഞ്ഞുനടന്നിരുന്ന വിമുക്തഭടന്മാരെയും

സൈനികോദ്യോഗസ്ഥന്മാരെയും ചേർത്തു് അദ്ദേഹം ഒരു സൈന്യത്തെ ആദ്യമായി സജ്ജീകരിച്ചു. അവക്കു തവിട്ടുനിറത്തിലുള്ള യൂണിഫോറം കൊടുക്കുകയും സ്വാസ്തിക്ക് എന്ന ചിഹ്നം മുദ്രയായി കൊടുക്കുകയും ചെയ്തു. ഈ സംഘടനയുടെ സഹായത്തോടുകൂടിയാണു് ഹിററ്ലർ സകല വിജയവും കൈവരിച്ചതു്.

2) ഹിററ്ലരുടെ വിജയരഹസ്യത്തിന്റെ രണ്ടാമത്തെ അംശം അദ്ദേഹം പ്രകടിപ്പിച്ച ഉൽക്കടമായ പിതൃദേശസ്നേഹമായിരുന്നു. വെഴ്സെയി ഉടമ്പടിയുടെ ഫലമായി ജമ്മനിക്കു സകലതും നഷ്ടപ്പെട്ടിരുന്ന ഒരവസരത്തിലാണു് ഹിററ്ലർ നാസി സംഘടനയുടെ നേതാവായി രംഗപ്രവേശം ചെയ്തതു്. ജർമ്മൻകാർ സാക്ഷാൽ ആര്യവംശജരാണെന്നും അവരാണു് ഭൂമുഖത്തിലുള്ളതിലേക്കും ശ്രേഷ്ഠജാതി എന്നും അവരെ തോല്പിക്കുവാൻ ആക്കും സാധിക്കയില്ലെന്നും അനീതിയായി അവരുടെമേൽ കെട്ടിവച്ച വെഴ്സെയി ഉടമ്പടിയെ ധിക്കാരപൂർവ്വം ലംഘിക്കേണ്ടതാണെന്നും ഹിററ്ലർ നിർഭയം ഉൽഘോഷിച്ചപ്പോൾ, ജമ്മൻജനതയുടെ രക്തം തിളയ്ക്കുകയും, ഇതര പരിഗണനകളെല്ലാം അവഗണിച്ചിട്ടു് ജർമ്മൻജനങ്ങൾ മുഴുവൻ അദ്ദേഹത്തെ അനുകൂലിക്കുകയുമാണുണ്ടായതു്.

3) ഹിററ്ലരുടെ വിജയത്തിനുള്ള മൂന്നാമത്തെ കാരണം, അദ്ദേഹത്തിനു നിർദ്ധനന്മാരായ തൊഴിലാളികളിൽ നിന്നും ലഭിച്ച പ്രോത്സാഹനമായിരുന്നു. സോഷ്യൽ ഡിമോക്രസി എന്നും കമ്മ്യൂണിസം എന്നും പേരുള്ള വേറെ രണ്ടു കക്ഷികൾകൂടി അന്നു ജർമ്മനിയിലുണ്ടായിരുന്നു. അവർ രണ്ടുകൂട്ടരും കാറൽമാർക്സ് എന്ന സോഷ്യലിസ്റ്റ് വിപ്ലവകാരിയുടെ തത്വമനുസരിച്ചു് തൊഴിലാളിക്ഷേമത്തിനുവേണ്ടി പ്രവർത്തിച്ചുവന്നിരുന്നവരാണു്. ഇതിൽ സോഷ്യൽഡിമോക്രസിയിൽപ്പെട്ടവർ സാമാന്യം മിതവാദികളും കമ്മ്യൂണിസത്തിൽപ്പെട്ടവർ കടുത്ത വിപ്ലവകാരികളും ആയിരുന്നു. ഈ രണ്ടു കക്ഷികളും ത

മ്മിൽ എപ്പോഴും ശത്രുതയും കലാപവുമായിരുന്നതുകൊണ്ടു് തൊഴിലാളികളുടെ ഇടയിൽ അവരുടെ പ്രാബല്യം കുറഞ്ഞിരുന്നു. അങ്ങനെ ഒരു ദശാസന്ധിയിലാണു് ഹിററ്ലർ ഈ രണ്ടുകൂട്ടരുടെയും പൊതുശത്രുവായി രാഷ്ട്രീയരംഗത്തിൽ പ്രവേശിച്ചതു്. ആയതുകൊണ്ടു് തൊഴിലാളിവർഗ്ഗത്തിൽപെട്ട ജർമ്മൻകാരിൽ പലരും ഹിററ്ലരുടെ നേതൃത്വത്തിലുള്ള നാഷ്യനൽ സോഷ്യലിസത്തിൽ അഭയം പ്രാപിക്കുകയുണ്ടായി.

4) ഇതേ അവസരത്തിൽതന്നെ വേറൊരു കാരണവശാൽ ജർമ്മനിയിലെ ധനികന്മാരായ ജന്മികളുംകൂടി നാസികക്ഷിയിൽ ചേരുകയും ഹിററ്ലറെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അതിനു കാരണം ഹിററ്ലരുടെ നാഷ്യനൽ സോഷ്യലിസം വിപ്ലവകരമായ മാർക്സിയൻ സോഷ്യലിസത്തെ ശക്തിപൂർവ്വം എതിർത്തതാണു്. കാറൽ മാർക്സിൻെറ സിദ്ധാന്തം വ്യക്തിസമ്പാദ്യങ്ങൾ അനുവദിക്കുവാൻ പാടില്ലെന്നും സകല സമ്പത്തും രാഷ്ട്രത്തിൻെറ ഉടമസ്ഥതയിലാക്കണമെന്നുമായിരുന്നു. എന്നാൽ നാഷ്യനൽ സോഷ്യലിസം വ്യക്തികളുടെ സമ്പാദ്യം ന്യായയുക്തമാണെന്നു സമ്മതിക്കുകയും, അതിൻെറ പരിരക്ഷണത്തിനുവേണ്ടി നിലകൊള്ളുകയും ചെയ്തിരുന്നതുകൊണ്ടാണു് ധനികന്മാരും മദ്ധ്യവർഗ്ഗക്കാരും നാഷ്യനൽ സോഷ്യലിസത്തെ അനുകൂലിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തതു്. അതേ അവസരത്തിൽതന്നെ അദ്ദേഹം അമിതാദായമെടുക്കുന്ന വ്യാപാരികളെയും സമുദായചൂഷണം ചെയ്യുന്ന ധനികന്മാരെയും അപലപിച്ചിരുന്നതുമൂലം തൊഴിലാളികളുടെ പൊതുജനസമ്മതി ആർജ്ജിക്കുകയും ചെയ്തിരുന്നു.

5) ജർമ്മനിക്കുള്ളിൽ ഹിററ്ലറുടെ തൽക്കാലവിജയത്തിനുള്ള വേറൊരു കാരണം അയാൾ യഹൂദന്മാരോടു പ്രദർശിപ്പിച്ച വിരോധമായിരുന്നു. പ്രഫസറന്മാർ, അദ്ധ്യാപകന്മാർ, അഭിഭാഷകന്മാർ, സംഗീതവിദ്വാന്മാർ, ഭിഷഗ്വരന്മാർ, ശാസ്ത്രജ്ഞന്മാർ, വ്യവസായികൾ, വ്യാപ

രികൾ, ബാങ്കർമ്മാർ എന്നീ നിലകളിൽ ഉന്നതസ്ഥിതി കളിലായി ധാരാളം യഹൂദന്മാർ ജർമ്മനിയിലുണ്ടായിരുന്നു. അവരുമായി മത്സരിച്ചു വിജയം പ്രാപിക്കുവാൻ ഇതരന്മാർക്കു ദുഷ്കരമായിരുന്നു. അനാര്യന്മാരായ യഹൂദന്മാർ ജർമ്മനിയിൽ വസിക്കുന്നതുതന്നെ ആര്യവംശജരായ ജർമ്മൻകാരുടെ കുലമഹാത്മ്യത്തിനു ഹാനികരമാണെന്നായിരുന്നു ഹിററ്ലരുടെ വാദം. ജർമ്മൻ ദേശീയവാദികൾക്കും ഉദ്യോഗാർത്ഥികൾക്കും ബിസിനസ്കാർക്കും ഹിററ്ലരുടെ ഈ യഹൂദവിരുദ്ധത വളരെ ആകർഷകമായി എന്നു മാത്രമല്ല യഹൂദന്മാരെ കൊള്ളചെയ്തുണ്ടാക്കിയ വമ്പിച്ച പണത്തുകകൾ നാസികളുടെ മൂലധനമായിത്തീരുകയും ചെയ്തു.

(6) നാസികൾ അധികാരസ്ഥാനങ്ങൾ കൈവശപ്പെടുത്തിയതോടുകൂടി ജർമ്മനിയിലുണ്ടായിരുന്ന മററു സകല രാഷ്ട്രീയകക്ഷികളെയും അവർ അടിച്ചമർത്തുകയുണ്ടായി. ആദ്യമായി അവർ കമ്മ്യൂണിസ്റ്റ് കക്ഷിയെ അടിച്ചമർത്തി. അതുമൂലം സന്തോഷിച്ച സോഷ്യൽ ഡിമോക്രാററിയെ രണ്ടാമതു നിർമ്മൂലമാക്കി. മൂന്നാമതായി അവർ ദുർബലപ്പെടുത്തിയതു് ധനികവർഗ്ഗമായിരുന്ന കത്തോലിക്ക സെൻറർ പാർട്ടി ആയിരുന്നു. നാലാമതായി നാസികൾ നിർമ്മൂലമാക്കിയതു് അവരുടെ സ്ഥിരസഹകാരികളായി വർത്തിച്ചിരുന്ന നാഷനലിസ്റ്റ് പാർട്ടിയെ ആയിരുന്നു. അഞ്ചാമതായി അവർ ജർമ്മൻ തൊഴിലാളി സംഘടനകളെ എല്ലാം നാമാവശേഷമാക്കുകയും അവർ ദീർഘകാലമായി സംഭരിച്ചുവച്ചിരുന്ന മൂലധനമത്രയും കവർന്നെടുക്കുകയും ചെയ്തു. അതോടുകൂടി ജർമ്മനിയിൽ നാസികക്ഷിയും അവരുടെ സംഘടനകളും മാത്രം ശേഷിച്ചു.

(7) ഹിററ്ലരുടെ നേതൃത്വത്തിൽ ഉയർന്നുവന്ന നാസികക്ഷിയിൽ പരിപൂർണ്ണ വിശ്വാസമുള്ളവരായി 52 ശതമാനം ജർമ്മൻകാർ മാത്രമേ ഉണ്ടായിരുന്നുള്ളു. ബാക്കിയുള്ള രാഷ്ട്രീയകക്ഷികളെ അവർ ബലാൽക്കാരമായി അടിച്ചമർത്തിയശേഷം ശക്തിമത്തായ പ്രചരണവേലമൂലം അവരെ നാസിപക്ഷത്തു നിറുത്തുവാനുള്ള പരിശ്രമങ്ങൾ

ളുടന്നുകൊണ്ടിരുന്നു. ഹിററ്ലർ യേശുക്രിസ്തുവിനേക്കാൾ ഉന്നതനായ ഒരു ലോകഗുരുവാണെന്നു് അവർ കുട്ടികളെ പഠിപ്പിച്ചുവന്നു. വിദ്യാലയങ്ങൾ, നാടകശാലകൾ, കലാവിദ്യകൾ, പ്രക്ഷേപണകേന്ദ്രങ്ങൾ, ഗവേഷണമന്ദിരങ്ങൾ ഇവമൂലമെല്ലാം നാസികക്ഷികളുടെ മഹാത്മ്യത്തെ അവർ പ്രകീത്തിച്ചു. പത്രസ്വാതന്ത്ര്യത്തെയും പ്രസംഗസ്വാതന്ത്ര്യത്തെയും അവർ നിഷ്ക്കരുണം ഭഞ്ജിച്ചു. നാസികളുടെ പത്രങ്ങൾക്കും പ്രസംഗമണ്ഡപങ്ങൾക്കും മാത്രമേ ജർമ്മനിയിൽ സ്ഥാനമുണ്ടായിരുന്നുള്ളു.

(8) എന്നാൽ മേല്പറഞ്ഞവയെല്ലാം മകുടംചാത്തുന്ന വിജയരഹസ്യം ഹിററ്ലരുടെ വ്യക്തിവിലാസമായിരുന്നു. സ്വേച്ഛാധികാരിയും സ്വാതന്ത്ര്യഭഞ്ജകനും ആയിരുന്നു എന്നുള്ള ദൂഷ്യമൊഴിച്ചാൽ പല ഗുണവിശേഷങ്ങൾ അദ്ദേഹത്തിൽ വിലസിയിരുന്നു. ഉൽക്കടമായ സ്വദേശസ്നേഹവും സ്വജാതിസ്നേഹവും പ്രഭാഷണചാതുര്യവും ത്യാഗസന്നദ്ധതയും നിസ്സീമമായ ധീരോദാത്തതയുംമൂലം അദ്ദേഹം നിരാശാഗത്തത്തിൽ ആണ്ടുകിടന്ന ജർമ്മൻജനതയുടെ ആത്മാഭിമാനബുദ്ധിയേയും സ്വാശ്രയശീലത്തെയും തട്ടി ഉണത്തി അവരെ ഇങ്ങനെ വീണ്ടും പാശ്ചാത്യയൂറോപ്പിലെ ഒരു പ്രബലജനപദമാക്കി തീക്കുവാൻ ഹിററ്ലറിനു സാധിച്ചതു് സാക്ഷാൽ ആധുനികലോകത്തിലെ മഹാത്ഭുതങ്ങളിൽ ഒന്നാണു്.

പക്ഷേ അതിരുകടന്ന രാഷ്ട്രീയ ദുർമോഹവും പൗരസ്വാതന്ത്ര്യഭഞ്ജനവുംമൂലം അയാൾ കെട്ടിപ്പടുത്ത ജർമ്മൻ സാമ്രാജ്യധൂമസൗധം, ദ്വിതീയ ലോകമഹായുദ്ധമാകുന്ന കൊടുങ്കാററിൽപ്പെട്ടു ഛിന്നിച്ചിതറി എന്നു മാത്രമേ ഉള്ളു.

C. ഹിററ്ലറുടെ ഭരണനയം 1933—1945

(1) 1933-ാമാണ്ടിൽ ജർമ്മൻ റിപ്പബ്ളിക്കിൻെറ പ്രസിഡണ്ടായിരുന്ന വോൺ ഹിൻഡൻബർഗ്ഗ് എന്ന മഹാൻ നിര്യാതനായപ്പോൾ, അടുത്ത ഉദ്യോഗസ്ഥൻ ചാൻസലർ

സ്ഥാനം വഹിച്ചിരുന്ന അഡോൾഫ് ഹിററ്ലറായിരുന്നു. അദ്ദേഹം ഒരു പുതിയ പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുന്നതിനു വഴിപ്പെടാതെ ആ സ്ഥാനംകൂടി സ്വയം സ്വീകരിച്ചു. ജമ്മനിയുടെ പരമാധികാരം കരസ്ഥമാക്കുകയും മുൻ വിവരിച്ചിട്ടുള്ളതുപോലെ ഇതര രാഷ്ട്രീയ കക്ഷികളെ ഒടുക്കയും നിർമ്മൂലമാക്കുകയും ചെയ്തു. അതുകൊണ്ടും തൃപ്തിയടയാതെ രഹസ്യപ്പോലീസ് (ജെസ്റ്റാപ്പോ എന്നായിരുന്നു ഇതിന്റെ പേര്) സൈന്യത്തിന്റെ സഹായത്തോടുകൂടി, തന്നോടു പൂർണ്ണമായി സഹകരിക്കുമെന്നു വിശ്വാസമില്ലാത്ത നാസികളെപ്പോലും കണ്ടുപിടിച്ച് ബഹിഷ്കരിക്കുകയുണ്ടായി. ഇങ്ങനെ അദ്ദേഹം മുസ്സോലിനിയെപ്പോലെ ഒരു പരിപൂർണ്ണ സ്വേച്ഛാധികാരിയായി ഭരണം നടത്തി.

൨) ഹിററ്ലറുടെ രണ്ടാമത്തെ നയം, ജർമ്മനിയെ ഒരു സ്വയംപര്യാപ്തരാജ്യമാക്കണമെന്നായിരുന്നു. അതിനുവേണ്ടി അദ്ദേഹം കൃഷി, വ്യവസായം തുടങ്ങിയ സകല സാമ്പത്തിക പ്രവർത്തനങ്ങളെയും സർക്കാർ നിയന്ത്രണത്തിലാക്കുകയും അവയെ അഭിവൃദ്ധിപ്പെടുത്തി രാജ്യശ്രേയസ്സു വർദ്ധിപ്പിക്കുന്നതിനുവേണ്ടി പ്രയത്നിക്കുകയും ചെയ്തു. വിദേശവിഭവങ്ങളെ ആശ്രയിക്കാതെ കഴിച്ചുകൂട്ടുന്നതിനുവേണ്ടി, ജർമ്മനിയിൽ വിളയാത്ത റബർ, ഭക്ഷ്യങ്ങൾ മുതലായ വിഭവങ്ങളെ കൃത്രിമമായി നിർമ്മിക്കുന്നതിനുവേണ്ടി അദ്ദേഹം ഏർപ്പാടു ചെയ്തു. നാട്ടിൽ നിലവിലിരുന്ന തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനുവേണ്ട ഏർപ്പാടുകളും അദ്ദേഹം ചെയ്തു. ആ നാട്ടിൽ നിലവിലിരുന്ന തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനുവേണ്ടി അദ്ദേഹം പല പുതിയ വ്യവസായങ്ങൾ ആരംഭിക്കുകയും ആയുധനിർമ്മാണശാലകൾ ധാരാളമായി സ്ഥാപിക്കുകയും ചെയ്തു. എന്നാൽ പ്രൈവററ് വ്യവസായ ശാലകളേയും കൃഷിത്തോട്ടങ്ങളേയും നിയന്ത്രിച്ചതല്ലാതെ അവയെ സർക്കാരിന്റെ ഉടമസ്ഥതയിലാക്കുന്നതിന് ഹിററ്ലർ ഒരുങ്ങിയില്ല. ഇങ്ങനെയുള്ള നിയന്ത്രണനയംമൂലം തൊഴിലാളികൾക്കും മുതലാളികൾക്കും മൊത്തത്തിൽ അദ്ദേഹത്തോടു സംതൃപ്തിയാണുണ്ടായത്.

3) ഹിററ്ലരുടെ അടുത്ത പരിശ്രമം വിദേശ രാജ്യങ്ങളുമായി സഖ്യംചെയ്തു് ജർമ്മനിയുടെ രാജ്യാന്തരശക്തി വികസിപ്പിക്കണമെന്നായിരുന്നു. അതിനുവേണ്ടി അദ്ദേഹം ഇററലിയും ജപ്പാനുമായി 1937_ൽ ഒരുടമ്പടി ചെയ്തു. അതിന്റെ ഉദ്ദേശ്യം, ഇററലിയും ജർമ്മനിയും ജപ്പാനും ഒരേ രാജ്യാന്തരനയം സ്വീകരിച്ചു പ്രവൎത്തിക്കണമെന്നായിരുന്നു. ഈ രാഷ്ട്രീയസംഘടനയുടെ പേരു് അച്ചുതണ്ടുശക്തികൾ അഥവാ അക്ഷപക്ഷക്കാർ (Axis Power) എന്നായിരുന്നു. ഈ അക്ഷപക്ഷക്കാരെല്ലാം സ്വേഛാധിപത്യരാഷ്ട്രങ്ങളായിരുന്നു എന്നുള്ളതും സ്മരണീയമത്രെ.

4) ഹിററ്ലരുടെ വിദേശനയത്തിൽ പ്രാധാന്യമർഹിക്കുന്ന വേറൊരു സംഭവമത്രെ അദ്ദേഹത്തിന്റെ സ്പാനിഷ് നയം. 1931_ൽ സ്പെയിൻരാജ്യം ഭരിച്ചിരുന്ന 13-ാം അൽഫോൺസോ രാജാവു് സ്വയം സ്ഥാനത്യാഗം ചെയ്തപ്പോൾ അവിടെ ഒരു പ്രജാധിപത്യഭരണക്രമം സ്ഥാപിക്കപ്പെട്ടു. പക്ഷേ പുതിയ ഗവൺമെന്റിന്റെ ഭരണനയം റഷ്യൻ കമ്മ്യൂണിസ്റ്റുതത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതായിരുന്നു. കമ്മ്യൂണിസ്റ്റുറഷ്യയുടെ പ്രത്യക്ഷമായ സഹായസഹകരണങ്ങളും അവൎക്കുണ്ടായിരുന്നു. സ്പെയിൻദേശവാസികളിൽ പലൎക്കും ഈ ഭരണനയം അതൃപ്തികരമായി തോന്നിയതിന്റെ ഫലമായി ജനറൽ ഫ്രാങ്കോ എന്ന സൈനികനേതാവിന്റെ ആഭിമുഖ്യത്തിൽ അവിടെ ഒരു ആഭ്യന്തരസമരം ആവിർഭവിച്ചു. ഈ യുദ്ധത്തിൽ ജർമ്മനിയും ഇററലിയും ജനറൽ ഫ്രാങ്കോയെ ആത്മാൎത്ഥമായി സഹായിക്കുകയുണ്ടായി. അതിന്റെ ഫലമായി 1939_ൽ അവിടെ ഫ്രാങ്കോയുടെ കീഴിൽ ഒരു സ്വേച്ഛാധിപത്യഭരണം സ്ഥാപിക്കുന്നതിനു് ഹിററ്ലറിനു സാധിച്ചു.

5) ഹിററ്ലരുടെ ഭരണനയത്തിൽ പ്രാധാന്യമർഹിക്കുന്ന വേറൊരു സംഗതി ജർമ്മൻജനതയുടെ ഏകീകരണമായിരുന്നു. ജർമ്മൻരാഷ്ട്രത്തിന്റെ വെളിയിലുള്ള ആസ്ത്രിയാ, ചെക്കോസ്ലോവാക്യാ എന്നീ രാജ്യങ്ങളെ ജർമ്മൻരാഷ്ട്രത്തിൽ ചേൎക്കണമെന്നായിരുന്നു അദ്ദേഹ-

ത്തിന്റെ മോഹം. അദ്ദേഹം തന്നെയും ഒരു ആസ്ത്രിയൻ ജർമ്മനായിരുന്നു എന്നുള്ളതു് ഇവിടെ സ്മരണീയമാണു്. അതിനാൽ 1938-ൽ അദ്ദേഹം ഒരു വമ്പിച്ച സേനയെ ആസ്ത്രിയായിലേക്കു് നയിച്ചു് ആ രാജ്യത്തെ ജർമ്മൻരാഷ്ട്രത്തിന്റെ ഭാഗമാക്കിത്തീർത്തു. അടുത്തതായി അദ്ദേഹത്തിന്റെ ശ്രദ്ധ പതിഞ്ഞതു് ചെക്കോസ്ലോവാക്യയിലേക്കായിരുന്നു. അവിടെയുള്ള ജനങ്ങളിൽ നാലിലൊരുഭാഗം ജർമ്മൻവംശക്കാരായിരുന്നു. അവർ വസിച്ചിരുന്ന പ്രദേശത്തിന്റെ പേരു് സൂഡറ്റൻലാൻഡു് എന്നായിരുന്നു. ആ പ്രദേശത്തെ വെറും ഭീഷണിപ്രയോഗംമൂലം ഹിററ്ലർ കൈവശപ്പെടുത്തി. ഇംഗ്ലണ്ടു്, ഫ്രാൻസ്, ഇററലി എന്നീ രാജ്യങ്ങളിലെ ഭരണാധിപന്മാർ തമ്മിൽ മ്യൂണിക്കു പട്ടണത്തിൽ നടത്തിയ കൂടിയാലോചനയുടെഫലമായി ഹിററ്ലർ അതു് നിഷ്പ്രയാസം സാധിക്കുകയുമാണുണ്ടായതു്. എങ്ങനെയെങ്കിലും യൂറോപ്പിൽ ഒരു യുദ്ധം കൂടാതെ കഴിക്കണമെന്നുള്ള അതിയായ ഉൽക്കണ്ഠമൂലമത്രേ ഇതര മഹാശക്തികൾ ഹിററ്ലറിന്റെ ഈ ലക്ഷ്യത്തിനു് വഴിപ്പെടുകയുണ്ടായതു്.

6) പക്ഷേ ഹിററ്ലരുടെ സാമ്രാജ്യമോഹം ഇതുകൊണ്ടൊന്നും അവസാനിച്ചില്ല. 1939-ൽ ഹിററ്ലർ ചെക്കോസ്ലോവാക്യായുടെ ശേഷിച്ച ഭാഗങ്ങൾകൂടി പിടിച്ചെടുത്തു. പോളണ്ടുരാജ്യത്തിലുള്ള ഡാൻസിഗ് നഗരം ജർമ്മൻവംശജർക്കു ഭൂരിപക്ഷമുള്ള ഒരു സ്ഥലമാകുകയാൽ അതു വിട്ടുകിട്ടണമെന്നായിരുന്നു ഹിററ്ലറുടെ അനന്തരവാദം. പോളണ്ടുകാരാകട്ടെ ഇതേപ്പററി അവരുടെ രാഷ്ട്രീയ ബന്ധുക്കളായ ബ്രിട്ടനോടും ഫ്രാൻസിനോടും ആലോചിച്ചശേഷം ഈ അവകാശവാദത്തെ നിരസിക്കുകതന്നെ ചെയ്തു. തന്മൂലം ഹിററ്ലർ രണ്ടാം ലോകമഹായുദ്ധത്തിനു് നാന്ദിയിടുകയുണ്ടായി. ഈ മഹായുദ്ധത്തിൽ ലോകം മുഴുവൻ ഉൾപ്പെടുകയും, അനേക വീരപരാക്രമ പ്രകടനങ്ങൾക്കു ശേഷം ഹിററ്ലർ 1945-ൽ പരാജയമടയുകയും ആണു് ചെയ്തതു്.

സർവ്വാധിപത്യരാഷ്ട്രങ്ങൾ

Totalitarian States

ഒരു വിഹഗവീക്ഷണം

നിർവചനം. പ്രഥമ ലോകമഹായുദ്ധം കഴിഞ്ഞ ശേഷം, ടർക്കി, ഇററലി, ജർമ്മനി മുതലായ രാജ്യങ്ങളിൽ പ്രത്യക്ഷപ്പെട്ട സർവ്വാധിപത്യരാഷ്ട്രങ്ങളുടെ സാമാന്യ സ്വഭാവം, കഴിഞ്ഞ മൂന്നുനാലദ്ധ്യായങ്ങളിൽ നാം പരിശോധിക്കുകയുണ്ടായി. അവയിൽ നാം ദർശിച്ച പ്രധാന ലക്ഷണങ്ങൾ താഴെ കാണുംവിധം സമാഹരിക്കാം.

1) രാജ്യത്തിൽ സാമ്പത്തികദുരിതങ്ങളും രാഷ്ട്രീയകലഹങ്ങളും വർദ്ധിച്ചിരുന്നതുകൊണ്ട്, ഇവയ്ക്കു പരിഹാരം വരുത്തുന്നതിനുവേണ്ടി ജനങ്ങൾ തങ്ങളുടെ വ്യക്തിസ്വാതന്ത്ര്യത്തെ ബലികഴിക്കുകയും സമർത്ഥന്മാരായ ചില നേതാക്കന്മാർക്കു സ്വയം കീഴ്പ്പെടുകയും ചെയ്തുവന്നു.

2) ഈ സ്വേച്ഛാധികാരികൾ തങ്ങളുടെ അധികാരത്തെ നിലനിറുത്തിക്കൊണ്ടുപോകുന്നതിന് രാജ്യത്തിനുള്ളിൽ പ്രത്യക്ഷപ്പെട്ട എതിർ ശക്തികളെ എല്ലാം അമർത്തുന്നതിനുവേണ്ടി ഭഗീരഥപ്രയത്നം ചെയ്തുവന്നിരുന്നു.

3) ഈ സ്വേച്ഛാധികാരികൾ ജനകീയഭരണത്തെ വെറുക്കുകയും ജനപ്രതിനിധിസഭകളെ പിരിച്ചുവിടുകയും ചെയ്തിരുന്നു.

4) വ്യക്തി, രാഷ്ട്രത്തിനുവേണ്ടി ജീവിക്കണമെന്നുള്ള സിദ്ധാന്തമാണ് അവർ അംഗീകരിച്ചിരിക്കുന്നത്. രാഷ്ട്രം വ്യക്തികളുടെ ഭൗതികാഭിവൃദ്ധിക്കുവേണ്ടിയുള്ള ഒരു സ്ഥാപനമാണെന്നുള്ള തത്വത്തെ അവർ തികച്ചും അവഗണിച്ചുപോന്നു.

5) മേൽപറഞ്ഞ രാഷ്ട്രങ്ങൾ വ്യക്തികളുടെ മൗലികാവകാശങ്ങളായ ചിന്താസ്വാതന്ത്ര്യം, ആരാധനാസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം ഇവയെ എല്ലാം അവഗണിച്ചുപോന്നു.

ഈ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ട രാജ്യങ്ങളെയാണു് സർവ്വാധിപത്യരാഷ്ട്രങ്ങൾ (Totalitarian States) എന്നു വിളിക്കുന്നതു്.

സ്വേച്ഛാധികാരികളുടെ ഭരണം ആ പ്രത്യേക കാലഘട്ടത്തിൽ അതതു രാജ്യങ്ങളിൽ ഒരാവശ്യമായിരുന്നു എന്നു തന്നെ പറയാം. യഥാർത്ഥമായ ജനകീയഭരണം പ്രബലപ്പെട്ടുത്തണമെങ്കിൽ ജനങ്ങളുടെ ഇടയിൽ സാമാന്യമായ സാമ്പത്തികക്ഷേമവും രാഷ്ട്രീയ സമാധാനവും ഉണ്ടായിരിക്കേണ്ടതാണു്. എന്നുതന്നെയുമല്ല പൊതുജനമദ്ധ്യത്തിൽ ജനകീയ പാരമ്പര്യവും സാമാന്യമായ ഉൽബുദ്ധതയും ഉണ്ടായിരിക്കേണ്ടതുമാണു്. ഇംഗ്ലണ്ടു്, ഫ്റാൻസ്, സ്വിററ്സർലണ്ടു് എന്നീ രാജ്യങ്ങളിലുള്ള ജനകീയപാരമ്പര്യവും പ്രബുദ്ധതയും മേൽപറഞ്ഞ രാജ്യങ്ങളിൽ ഒരിക്കലും ഉണ്ടായിരുന്നില്ല. പോരെങ്കിൽ യുദ്ധാനന്തരപരിതസ്ഥിതികളിൽ, അവിടെ ജനകീയ ഭരണത്തിനാവശ്യമായ സാമ്പത്തികസ്ഥിതിയും രാഷ്ട്രീയ സമാധാനവും ലേശംപോലും ഇല്ലായിരുന്നു.

കെമാൽ പാഷാ, മുസ്സോലിനി, ഹിററ്ലർ എന്നിവരുടെ ഭരണംമൂലം അവരുടെ ദേശങ്ങളിൽ രാഷ്ട്രീയശക്തിയും സാമ്പത്തികസ്ഥിതിയും ഏറെക്കുറെ വർദ്ധമാനമായിരുന്നു എന്നുള്ളതിനു സംശയമില്ല. പക്ഷേ ജനകീയ പിൻതുണയില്ലാത്ത ഭരണകൂടങ്ങളെല്ലാം ഒടുവിൽ നാശകൂപത്തിൽ നിപതിക്കാതെ തരമില്ലെന്നുള്ള തത്വമാണു്, അവയുടെ പെട്ടെന്നുള്ള അധഃപതനം വിളിച്ചറിയിക്കുന്നതു്.

അദ്ധ്യായം 6.

കുറിപ്പുകൾ.

1918 — 19-ൽ ജെമ്മനിയിൽ ജനകീയ വിപ്ലവം.

1919 — 1932. വീമാർ ഭരണഘടനപ്രകാരം ജെർമ്മനി ഒരു റിപ്പബ്ലിക്കായി തീരുന്നു.

1925 — 3[illegible]. ഹിൻഡൻബർഗ്ഗ് പ്രസിഡണ്ട്.

1933—45 ഹിററ്ലരുടെ ഏകാധിപത്യം.

ഹിററ്ലരുടെ ഭരണത്തിലെ സംഭവങ്ങൾ.

1926. ജെർമ്മനി സർവ്വരാജ്യസഖ്യത്തിൽ ചേന്നിരുന്നു.

1933. ഹിററ്ലർ അതിൽനിന്നും പിൻമാറി.

1935 സാർ പ്രദേശം ഫ്രാൻസിൽനിന്നും പിടിച്ചെടുത്തു.

1937. അച്ചുതണ്ടുശക്തികളുമായി ഉടമ്പടി ചെയ്തു.

1936—9. സ്പെയിനിലെ ആഭ്യന്തര കായ്യത്തിൽ പ്രവേശിച്ചു.

1938. ആസ്ത്രിയാരാജ്യം ജെമ്മനിയോടു ചേത്തു.

1938. മ്യൂണിക്ക് ഉടമ്പടി.

1938 } 1939 } ചെക്കോസ്ലോവാക്യാ പിടിച്ചു.

1939—45. ദ്വിതീയലോകമഹാസമരം.

മീൻകാഫ് — "എൻെറ പോരാട്ടം" ഹിററ്ലർ രചിച്ച നാസികളുടെ പ്രമാണഗ്രന്ഥം.

അച്ചുതണ്ടുശക്തികൾ: ജെമ്മനി ഇററലി ജപ്പാൻ.

അൽഫോൻസോ XIII. സ്പെയിനിലെ രാജാവ്.

ജനറൽ ഫ്രാങ്കോ. സ്പെയിനിലെ സർവ്വാധിപതി (രാഷ്ട്രനേതാവ്)

ചേംബർലെയിൻ. ബ്രിട്ടീഷ് പ്രധാനമന്ത്രി.

അദ്ധ്യായം 7

സോവിയററ റഷ്യ

A

പ്രാരംഭം.

പ്രഥമ ലോകമഹായുദ്ധം അവസാനിക്കുന്നതിനു് ഒരു കൊല്ലം മുമ്പു്, അതായതു 1917—ൽ, ആ യുദ്ധത്തിലെ ഒരു പ്രബലകക്ഷിയായി 1914-ൽ രംഗപ്രവേശം ചെയ്ത റഷ്യാസാമ്രാജ്യം പൊടുന്നനവെ യുദ്ധത്തിൽനിന്നു മാറിയതായി നാം ഒന്നാംപുസ്തകത്തിൽ വിവരിച്ചിട്ടുള്ളതാണു്. തദനന്തരം റഷ്യയിൽ വളരെ വിപ്ലവ നടപടികൾ നടന്നു. ചക്രവൎത്തികളും കുടുംബാംഗങ്ങളും വധിക്കപ്പെട്ടു. അതിനെത്തുടൎന്നുണ്ടായ താൽക്കാലിക ഗവൎമ്മെണ്ടിനു ദീൎഘായുസ്സുണ്ടായില്ല. അതിനകം സാമ്രാജ്യത്തിലെ ഭൂരിപക്ഷം അതൃപ്തപൗരാവലിയുടെ സഹായത്തോടുകൂടി ലെനിൻ എന്ന വിപ്ലവനേതാവു രാജ്യഭരണം പിടിച്ചെടുത്തു. അയാളുടെ വലംകൈ എന്ന നിലയിൽ പ്രവൎത്തിച്ചതു് ട്രോററ്സ്കി എന്ന വിപ്ലവനേതാവായിരുന്നു. 1924—ൽ ലെനിൻ നിര്യാതനായപ്പോൾ അദ്ദേഹത്തിന്റെ സ്ഥാനത്തിനുവേണ്ടി ജോൺ സ്റ്റലിൻ എന്ന നേതാവും ട്രോററ്സ്കിയും തമ്മിൽ മത്സരമുണ്ടായി. ഒടുവിൽ സ്റ്റലിൻ ജയിക്കുകയും, ട്രോററ്സ്കി നാടുകടത്തപ്പെടുകയുമുണ്ടായി. സ്റ്റാലിനാണു് ഇപ്പോൾ റഷ്യയിലെ ഏകാധിപതിയായി അവിടെ ഭരണം നടത്തിക്കൊണ്ടിരിക്കുന്നതു്.

1918—നുശേഷം റഷ്യയെ ഒരു സാമ്രാജ്യമായി ചരിത്രകാരന്മാർ പരിഗണിക്കുന്നില്ല. അതിനെ ഭൂപടത്തിൽ അടയാളപ്പെടുത്തിക്കാണുന്നതു് U. S. S. R. അഥവാ യൂണിയൻ ഓഫ് സോവിയററ സോഷ്യലിസ്റ്റ് റിപ്പബ്ളിക്ക് എന്ന പേരിലാണു്. സോവ്യററ് എന്ന പദത്തിന്റെ അൎത്ഥം തൊഴിലാളി സംഘടനകളുടെ ഭരണസമി

തി എന്നാണു്. റഷ്യയിൽ ഇപ്പോഠം ധാരാളം തൊഴിലാളി സംഘടനകളുണ്ടു്. അവയ്ക്കെല്ലാം ഓരോ ഭരണസമിതിയും ഉണ്ടായിരിക്കും. ഈ ഭരണസംഘടനകഠം പരസ്പരം സംയോജിപ്പിച്ചു റഷ്യയിലെ രാജ്യഭരണം നടത്തുന്നു എന്നാണു സങ്കല്പം. യഥാൎത്ഥത്തിൽ വളരെ നിഷ്ക്കർഷയേറിയ ഏകാധിപത്യമാണു റഷ്യയിൽ നടന്നുകൊണ്ടിരിക്കുന്നതു്.

ഇപ്പോഠം ലോകത്തിലുള്ള ഒന്നാംകിടരാജ്യങ്ങഠം അമേരിക്കൻ ഐക്യനാടും (U. S. A.) റഷ്യയും (U.S.S.R.) ആണു്.

ഈ അദ്ധ്യായത്തിൽ നമുക്കു സോവിയററു റഷ്യയുടെ ഉത്ഭവത്തേയും വളൎച്ചയേയുംപററി പഠിക്കാം.

B.

റഷ്യൻവിപ്ലവത്തിൻെറ കാരണങ്ങഠം

1. ചക്രവൎത്തികളുടെ ദുർഭരണം.

18-ം 19-ം ശതകങ്ങളിൽ റഷ്യയിൽ ഭരണം നടത്തിയിരുന്ന ചക്രവൎത്തികഠം വളരെ പ്രബലന്മാരായിരുന്നു. അവർ ഭൂലോകത്തിൻെറ ആറിലൊരുഭാഗം വരുന്ന പ്രദേശങ്ങളെ കൊള്ളും കൊലയും അടക്കി വാഴുകയും ജനങ്ങളുടെ സ്വാതന്ത്ര്യത്തെ അടിച്ചമൎത്തുകയും ചെയ്യുക പതിവായിരുന്നു. രാജഹിതത്തെ എതിൎത്തവരെ അവർ നാടുകടത്തുകയോ തൂക്കിലിടുകയോ ചെയ്തിരുന്നു. പ്രഥമലോകമഹായുദ്ധകാലത്തു രാജ്യഭാരം നടത്തിയിരുന്ന നിക്കലസ്സ് ദ്വിതീയൻ എന്ന ചക്രവൎത്തി പ്രത്യേകിച്ചും അഹങ്കാരിയും ദുർബലനും നയോപായരഹിതനും ആയിരുന്നു. അയാളുടെ ദുർവൃത്തയായ രാജ്ഞിയാണു് രാജ്യഭരണത്തിൽ അയാളെ നയിച്ചിരുന്നതു്. ആ സ്ത്രീയാകട്ടെ റാസ്പുട്ടിൻ എന്ന ഒരു വികടസന്യാസിയുടെ പ്രേരണയിൽ പല അക്രമങ്ങളും അഴിമതികളും ചക്രവൎത്തിയെക്കൊണ്ടു ചെ

യ്യിച്ചിരുന്നു. ഇതിൽ ജനങ്ങൾ ക്രുദ്ധിക്കുകയും ഒടുവിൽ ചിലർ ഈ കപടസന്യാസിയെ വെടിവെച്ചു കൊല്ലുകയും ചെയ്തു. പക്ഷെ ഇവികൊണ്ടൊന്നും ചക്രവർത്തിയുടെ ഭരണം തൃപ്തികരമായിരുന്നില്ല. പൗരന്മാരുടെ അതൃപ്തിയെ തെല്ലു ശമിപ്പിക്കുന്നതിനുവേണ്ടി ചക്രവർത്തി ഒടുവിൽ ജനപ്രതിനിധിസഭ വിളിച്ചു കൂട്ടുകയുണ്ടായി. എങ്കിലും പഴയ ദുർഭരണംതന്നെ അദ്ദേഹം തുടൎന്നുവന്നു. ലോകത്തിലെവിടെയും ജനകീയമായ ഉത്തരവാദഭരണം നടത്തിയിരുന്ന കാലങ്ങളിൽപോലും റഷ്യയിൽ പഴയ സ്വേച്ഛാധികാര ദുർഭരണം നടന്നുപോന്നതാണ് റഷ്യൻ വിപ്ലവത്തിന്റെ പ്രധാന കാരണം.

2. റഷ്യൻജനതയുടെ സാമ്പത്തിക ദുരിതങ്ങൾ

റഷ്യൻവിപ്ലവത്തിന്റെ മറ്റൊരു ഹേതു അവിടെ നിലവിലിരുന്ന സാമ്പത്തികവും സാമുദായികവുമായ അനീതിയും അസമത്വവുമായിരുന്നു. ചക്രവർത്തികളുടെ ഭരണകാലത്തു് റഷ്യയിലെ ജനങ്ങളിൽ വലിയ ഒരു ഭാഗത്തിനു് ഭൂസ്വത്തുടമസ്ഥത നിരോധിക്കപ്പെട്ടിരുന്നു. അവർ മുൻകാലങ്ങളിൽ പ്രഭുക്കന്മാരുടെയും ജന്മികളുടേയും അടിമകളായിരുന്നു. അവരെ വിൽക്കുകയും വാങ്ങുകയും കൊല്ലുകയും നാടുകടത്തുകയും ചെയ്യുന്നതിനു് അവരുടെ ഉടമസ്ഥന്മാൎക്കു സ്വാതന്ത്ര്യമുണ്ടായിരുന്നതാണു്.

ഈ അടിമത്വം റഷ്യയിൽ അവസാനിച്ചു എങ്കിലും അവർ അന്യരുടെ സ്ഥലത്തു കൃഷി ചെയ്തുകിട്ടുന്ന തുച്ഛമായ കൂലികൊണ്ടുപജീവിക്കേണ്ടതായി വന്നുകൂടി. എത്രാനും ദിവസങ്ങളിൽ അവർ തങ്ങളുടെ ജന്മിമാരുടെയും യജമാനന്മാരുടേയും നിലങ്ങളിൽ കൂലിയില്ലാതെ വേല ചെയ്യണമെന്നും നിയമമുണ്ടായിരുന്നു. ഇങ്ങനെ മർദ്ദനം അനുഭവിച്ചുവന്നിരുന്ന ജനങ്ങൾ റഷ്യൻ വിപ്ലവകാരികൾക്കു് ഒരു സഹായമായിത്തീൎന്നു.

3. കാറൾമാർക്സിൻ്റെ വിപ്ലവാശയങ്ങൾ

റഷ്യൻ വിപ്ലവത്തിനു പ്രേരണ നല്കിയ മറെറാരു സംഗതി സമത്വവാദികളുടെ പ്രചാരണശക്തിയായിരുന്നു. സമത്വവാദം അഥവാ സമഷ്ടിവാദം എന്നതിനു് ഇംഗ്ലീഷിൽ നിലവിലിരിക്കുന്ന പേരു് സോഷ്യലിസം എന്നാണു്. റഷ്യയിൽ ഇപ്പോൾ നിലവിലിരിക്കുന്ന സോഷ്യലിസം, കറാൾമാർക്സു് എന്ന ജർമ്മൻ വിപ്ളവകാരിയുടെ ചിന്താഗതിയനുസരിച്ചുള്ളതാണു്. ഈ കാറൾമാർക്സ് യഹൂദവംശജനും വിപ്ളവാശയങ്ങൾ പ്രചരിപ്പിക്കമൂലം ആദ്യം ജർമ്മനിയിൽനിന്നു ഫ്രാൻസിലേയ്ക്കും, പിന്നീടു് അവിടെനിന്നു ഇംഗ്ലണ്ടിലേക്കു നാടുകടത്തപ്പെട്ട ആളുമാണു്. അദ്ദേഹം (Das Kapital) മൂലധനം എന്നപേരിൽ ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ടു്. അതിൽ പ്രസ്താവിച്ചിരിക്കുന്നതു് മുതലാളികൾ മൂലധനം ഉണ്ടാക്കുന്നതു് തൊഴിലാളികളെ ചൂഷണം ചെയ്തു മാത്രമാണെന്നും ആകയാൽ ലോകമാസകലമുള്ള തൊഴിലാളികൾ പരസ്പരം യോജിച്ചുകൊണ്ടു മുതലാളിവഗ്ഗത്തെ നിർമ്മൂലമാക്കണമെന്നുമാണു്. നിലവിലിരിക്കുന്ന ഭരണകൂടങ്ങൾ മുതലാളിത്വത്തെ അടിസ്ഥാനമാക്കിയുള്ളതാകയാൽ അവയെ ഒക്കെയും അടിച്ചുടയ്ക്കണമെന്നു് അദ്ദേഹം അതിൽ എഴുതിയിട്ടുണ്ടു്. മാർക്സിനു എൻഗൽസ് (Engels) എന്ന പേരിൽ ഒരു സഹപ്രവത്തകൻ ഉണ്ടായിരുന്നു. ഇവർ രണ്ടുപേരുംകൂടി കമ്മ്യൂണിസ്റ്റു് പ്രകടനപത്രിക (Commu-nist Manifesto) എന്ന പേരിൽ ഒരു ഗ്രന്ഥമെഴുതി പ്രചരിപ്പിച്ചു. അതിൽ ഈ വിപ്ളവകാരികൾ തൊഴിലാളികളെ ഉൽബോധിപ്പിച്ചതു് ഇങ്ങനെയാണു്. "ലോകമാസകലം നിവസിക്കുന്ന തൊഴിലാളികളെ, നിങ്ങൾ സംഘടിക്കുക, നിങ്ങൾക്കു നഷ്ടപ്പെടുവാൻ നിങ്ങളുടെ വിലങ്ങുമാത്രമേയുള്ളൂ. നേടുവാനാണെങ്കിൽ ലോകം മുഴുവനുമുണ്ടു്." എന്നു്,

ഈ പ്രസിദ്ധീകരണങ്ങളാണു് കമ്മ്യൂണിസ്റ്റുകാരുടെ വേദഗ്രന്ഥങ്ങൾ. ഈ ഗ്രന്ഥങ്ങളിൽ ഈശ്വരവിശ്വാസത്തെയും, നിലവിലിരിക്കുന്ന സന്മാഗ്ഗബോധത്തെയും

പരസ്യമായി നിഷേധിക്കുകയും അവഹേളിക്കുകയും ചെയ്യുന്നുണ്ടു്. റഷ്യയിലെ ക്രൈസ്തവസഭയുടെ തലവൻകൂടിയായിരുന്ന ചക്രവർത്തിയോടുള്ള വിരോധംമൂലം, റഷ്യയിലെ ദരിദ്രരും അജ്ഞരുമായ തൊഴിലാളികൾ ഈ വിപ്ളവപരമായ ആശയങ്ങളെ എല്ലാം വിശ്വസിക്കയും വിപ്ളവത്തിനു സ്വയം തയാറാകുകയും ചെയ്കയുണ്ടായി.

(4) റഷ്യൻ വിപ്ളവപ്രസ്ഥാനത്തെ ത്വരിതപ്പെടുത്തിയ വേറൊരു സംഗതി, ഒന്നാംലോകമഹായുദ്ധംമൂലം റഷ്യയ്ക്കു നേരിട്ട ലജ്ജാവഹമായ പരാജയമായിരുന്നു.

(5) ഈ പരാജയത്തിനു വേറെയും ചില കാരണങ്ങളുണ്ടായിരുന്നു. ഇതര ലോകമഹാശക്തികൾ പരിഷ്കൃതരീതിയിലുള്ള ആയോധനസാമഗ്രികളും യുദ്ധമുറകളും ഗതാഗതമാർഗ്ഗങ്ങളും സ്വീകരിച്ചു യുദ്ധം നടത്തിക്കൊണ്ടിരുന്ന അവസരത്തിൽ, റഷ്യ പഴയ ഫ്യൂഡൽരീതിയിലുള്ള ആയുധങ്ങളും യുദ്ധമുറകളും ഗതാഗതമാർഗ്ഗങ്ങളും ആണ് ഉപയോഗിച്ചുവന്നതു്. പട്ടാളക്കാരാണെങ്കിൽ അതൃപ്തരായ തൊഴിലാളികളും ചെറുകൃഷികരുമായിരുന്നതുകൊണ്ടു് അവർ സേനാനായകന്മാരുടെ നേരെ അനുസരണയുള്ളവരായിരുന്നില്ല. ഈ ദുസ്ഥിതികൾക്കെല്ലാം കാരണം നിക്കോലാസ് ദ്വിതീയനും മുൻഗാമികളും പ്രദർശിപ്പിച്ചിരുന്ന പൊതുജനനിന്ദയും അഹങ്കാരവും ധിക്കാരബുദ്ധിയും ആയിരുന്നു. ഇതരരാജ്യങ്ങളിലെപ്പോലെ റഷ്യയിലും ജനപ്രതിനിധിസഭകൾ വിളിച്ചുകൂട്ടുകയും മന്ത്രിസഭ രൂപവൽക്കരിക്കുകയും, പരിഷ്കൃതരീതിയിൽ ഭരണം നടത്തുകയും ചെയ്യാതിരുന്നതുകൊണ്ടാണു് റഷ്യൻ ചക്രവർത്തിയ്ക്കു് ഈ പരാജയം സംഭവിച്ചതു്. ആകയാൽ ചക്രവർത്തിയെ സ്ഥാനഭ്രംശം ചെയ്യുന്നതിനും തൽസ്ഥാനത്തു് വിപ്ളവാത്മകളായ ഒരു ഭരണകൂടം സ്ഥാപിക്കുന്നതിനും റഷ്യൻ ജനതയ്ക്കു സാധിച്ചു.

C

റഷ്യൻ വിപ്ളവത്തിൻെറ ഗതി

1917 മുതൽ നാളിതുവരെ

റഷ്യൻ വിപ്ളവത്തിൻെറ അധിനായകത്വം വഹിച്ചിട്ടുള്ളതു്, നിക്കലൊസ് ലെനിൻ എന്നും ജോസഫ് സ്റ്റാലിൻ എന്നും രണ്ടു നേതാക്കന്മാരാണു്, എന്നാൽ ലെനിൻ അധിനായകത്വം സ്വീകരിക്കുന്നതിനു മുൻപിൽ ചുരുങ്ങിയ കാലത്തേയ്ക്കു് വിപ്ളവാത്മകമായ ഒരു താൽക്കാലിക ഗവണ്മെൻറു ഭരണം നടത്തിയിട്ടുണ്ടു്. ഈ ഓരോ കാലഘട്ടത്തേയുംപററി സമഗ്രമായി താഴെ വിവരിച്ചിരിക്കുന്നു.

1

1917_ലെ രണ്ടു വിപ്ളവങ്ങൾ (മാർച്ചും നവംബറും)

പ്രഥമലോകമഹായുദ്ധം നടന്നുകൊണ്ടിരിക്കെ റഷ്യയ്ക്കു കൂടെക്കൂടെ തുടർച്ചയായി കിട്ടിക്കൊണ്ടിരിക്കുന്ന പരാജയംമൂലം റഷ്യൻ സൈന്യത്തിനു കഠിനമായ നിരാശയുണ്ടായി. സേനാനായകന്മാരുടെ ക്രൂരമായ ശിക്ഷണനടപടികളും കൂടെക്കൂടെ ഉണ്ടായ ഭക്ഷ്യക്ഷാമവും അവരെ വല്ലാതെ ക്രുദ്ധിപ്പിച്ചു. പോരെങ്കിൽ പട്ടാളക്കാർ പണ്ടേതന്നെ അതൃപ്തരായി കഴിച്ചുകൂട്ടിയിരുന്ന ചെറുകർഷകരും കുടിയാന്മാരും വ്യവസായത്തൊഴിലാളികളുമായിരുന്നു. അതിനാൽ 1917-ൽ അവർ യുദ്ധം ചെയ്യുവാൻ വിസമ്മതിക്കുകതന്നെ ചെയ്തു. അതോടുകൂടി റഷ്യയിലാകപ്പാടെ ലഹളകളും എതിർപ്പുകളും ആവിർഭവിച്ചു. ലഹളക്കാരെ അമർച്ച ചെയ്യുന്നതിന് സേനാനായകന്മാർ പട്ടാളക്കാരോടു്, ആജ്ഞാപിച്ചപ്പോൾ അവർ അതിനു വിസമ്മതിക്കുകയാണു ചെ

ള്ളതു്. വിപ്ളവം നിയന്ത്രണാതീതമായിത്തീൎന്നപ്പോൾ നിക്കൊലസ് ദ്വിതീയൻ, ചക്രവൎത്തി സ്ഥാനത്യാഗം ചെയ്യുകയും തലസ്ഥാനനഗരിയിൽനിന്നു പലായനം ചെയ്യുകയും ചെയ്തു. അതോടുകൂടി 1917 മാർച്ചുമാസത്തിൽ തലസ്ഥാനനഗരത്തിൽ ഒരു റിപ്പബ്ളിക്കൻ ഗവണ്മെൻറു രൂപവൽക്കരിക്കപ്പെട്ടു. അതിൻെറ സാരഥികൾ, ജോൎജ്ജ് ലവോഫ് എന്നും കെറൻസ്കി എന്നും, രണ്ടു ഉല്പതിഷ്ണുക്കളായിരുന്നു. യുദ്ധം തുടരണമെന്നും അതോടുകൂടി മിതമായ പരിഷ്ക്കാരങ്ങൾ നാട്ടിൽ നടപ്പിലാക്കണമെന്നും ആയിരുന്നു ഈ നേതാക്കന്മാരുടെ അഭിപ്രായം. പക്ഷെ റഷ്യൻ ജനതയിൽ ഭൂരിപക്ഷത്തിൻെറ അഭിപ്രായം സാമുദായികവും സാമ്പത്തികവുമായി വിപുലമായ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കണമെന്നായിരുന്നു. ഈ ഭൂരിപക്ഷക്കാരെ ഉദ്ദേശിച്ചു റഷ്യൻ ഭാഷയിൽ "ബോൾഷവിസ്റ്റ്" എന്നും ന്യൂനപക്ഷക്കാരെ ഉദ്ദേശിച്ചു "മെൻഷവിസ്റ്റ്" എന്നും വ്യവഹരിച്ചുപോന്നു. ലവോഫും കെറൻസ്കിയും ന്യൂനപക്ഷക്കാരായിരുന്നതുകൊണ്ടു് എട്ടൊൻപതുമാസത്തെ ഭരണത്തിനുശേഷം, അതായതു് 1917 നവംബർ മാസത്തിൽ അവർ സ്ഥാനം വച്ചൊഴിയേണ്ടതായി വന്നുകൂടി. അക്കൊല്ലത്തിൽ റഷ്യൻ തലസ്ഥാനമായ പെട്രോഗ്രാഡ് പട്ടണത്തിൽ സമസ്ത റഷ്യൻ സോവ്യറ്റ് കോൺഗ്രസ്സുകാർ തുടരെത്തുടരെ സമ്മേളിക്കുകയും, താൽക്കാലികഗവണ്മെൻറിനെതിരായി പ്രചണ്ഡമായ പ്രക്ഷോഭണങ്ങൾ നടത്തുകയും ചെയ്തുതുടങ്ങി. കെറൻസ്കിയുടേയും ലവോഫിൻെറയും ഭരണകൂടം ഇങ്ങനെ ഉലഞ്ഞാടിയ അവസരത്തിലാണു് അവർക്കു് ഒരു വിപ്ളവനേതാവായ ലെനിൻെറ സഹായം ലഭിച്ചതു്. ഈ കാലസന്ധിവരെയും അയാൾ രാജ്യഭ്രഷ്ടനായി സ്വിറ്റ്സർലണ്ടിൽ വിപ്രവാസം അനുഷ്ഠിച്ചുകൊണ്ടിരിക്കയായിരുന്നു. റഷ്യയിലെ മാർച്ചുവിപ്ളവത്തെപ്പറ്റി കേട്ട അവസരത്തിൽ അയാളുടെ രക്തം തിളയ്ക്കുകതന്നെ ചെയ്തു. നിലവിലിരുന്ന രാഷ്ട്രീയനിയമങ്ങൾ അനുസരിച്ചു് അയാൾക്കു് റഷ്യയിൽ പ്രവേശിക്കുവാൻ പാടില്ലായിരുന്നതുകൊണ്ടു് ജൎമ്മൻകാരുടെ സഹായത്തോടുകൂടി ഗോപ്യമായിട്ടാണു് അയാൾ റഷ്യയിൽ പ്രവേശിച്ചതു്.

ലെനിൻ അധികാരം പിടിച്ചെടുക്കുന്നപക്ഷം റഷ്യയും ജൎമ്മനിയും തമ്മിൽ സമാധാനം ഉണ്ടാകുമെന്നുള്ള പ്രതീക്ഷയിലാണു് അവർ ലെനിനെ ഇങ്ങനെ സഹായിക്കുകയുണ്ടായതു്. എതായാലും ലെനിൻ പെട്രോഗ്രാഡിൽ എത്തി വളരെ ദിവസം കഴിയുന്നതിനു മുൻപു് റഷ്യയിലെ സോവിയററ സംഘടനകൾ പൂൎവ്വാധികം പ്രബലപ്പെടുകയുണ്ടായി. നവംബർ 17-ാംനു- സോവിയററ പട്ടാളക്കാർ തലസ്ഥാനത്തുള്ള സൎക്കാർ മന്ദിരങ്ങളും, കമ്പി, ഫോൺ ആഫീസുകൾ, സൎക്കാർവക ബാങ്കു് മുതലായവയും പിടിച്ചെടുക്കുകയുണ്ടായി. ഇതോടുകൂടി ബലഹീനമായിരുന്ന താൽക്കാലിക ഗവർമ്മെൻറ ക്രമേണ നാമാവശേഷമാകുകതന്നെ ചെയ്തു.

II

നീക്കലെസ് ലെനിൻ നടത്തിയ വിപ്ളവപരിപാടികൾ.

(1917 മുതൽ 1924 വരെ)

1) ലെനിൻ ആദ്യമായി ചെയ്തതു് പ്രഥമലോകമഹായുദ്ധത്തിൽനിന്നും റഷ്യയെ നിശേഷം പിൻമാററിയതാണു്. 1918-ലാണു് ഈ രണ്ടു രാജ്യങ്ങൾ തമ്മിൽ സമാധാന ഉടമ്പടി ചെയ്തതു്. അപ്പോൾ റഷ്യയിലെ ജനങ്ങൾക്കു് വേണ്ടിയിരുന്നതു് ആഭ്യന്തര സമാധാനമായിരുന്നു എന്നും വിദേശയുദ്ധങ്ങളിലേർപ്പെടുന്നപക്ഷം ആഭ്യന്തര പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ സാധിക്കുകയില്ലെന്നും അദ്ദേഹത്തിനറിയാമായിരുന്നു. ഈ സമാധാന ഉടമ്പടിപ്രകാരം എതാനും രാജ്യങ്ങൾ തൽക്കാലം റഷ്യയ്ക്കു നഷ്ടപ്പെട്ടു എങ്കിലും 1919-ൽ യുദ്ധം അവസാനിച്ച അവസരത്തിൽ ഇതിൽ റഷ്യരുടെ കലവറയായിരുന്ന യുക്രെൻ പ്രദേശം അവൎക്കു വീണ്ടും ലഭിക്കുകയുണ്ടായി.

(2) ലെനിൻ നടപ്പിലാക്കിയ ഒരു വിപ്ലവപരിപാടി രാജ്യമാസകലം കമ്മ്യൂണിസം, അഥവാ പൊതുവുടമപ്ര

സ്ഥാനം നടപ്പിലാക്കുന്നതിനുവേണ്ട നിയമനിർമ്മാണം ചെയ്തതാണു്. കാറൽ മാർക്സിൻെറ വിപ്ലവാശയങ്ങളെ ആസ്പദമാക്കിയാണു് ഈ നിയമങ്ങൾ അദ്ദേഹം രൂപവൽക്കരിച്ചതു്. 1) വ്യക്തികൾക്കു സ്വന്തമായി ധനം സമ്പാദിക്കുവാൻ പാടില്ല. 2) സകല ധനവും രാഷ്ട്രത്തിൻെറ വകയാണു്. 3) രാഷ്ട്രത്തിൻെറ നിർദ്ദേശമനുസരിച്ചാണു് വ്യക്തികൾ ധനം ഉല്പാദിപ്പിക്കുകയും, വിനിയോഗിക്കുകയും ചെയ്യേണ്ടതു്. 4) രാജ്യത്തിൽ മുതലാളി തൊഴിലാളി വ്യത്യാസം പാടില്ല. 5) മുതലാളിവർഗ്ഗത്തെ ബലം പ്രയോഗിച്ചുന്മൂലനം ചെയ്യണം. 6) മതം മനുഷ്യരെ മയക്കുന്ന മാദകദ്രവ്യമാകയാൽ അതിനെ നിർമ്മൂലമാക്കണം, ഇവയൊക്കെയാണല്ലോ മാർക്സിയൻ സിദ്ധാന്തങ്ങൾ.

(4) ഇവയെ പ്രായോഗികമാക്കുന്നതിനുവേണ്ടി ലെനിൻ താഴെപ്പറയുന്ന ഉപാധികൾ സ്വീകരിച്ചു.

(എ) സ്ഥാവരവസ്തുക്കളെല്ലാം സർക്കാർവകയാണെന്ന നിയമം പാസ്സാക്കിയശേഷം വലിയ ജന്മികളുടേയും വൻകർഷകരുടെയും ഭൂസ്വത്തുക്കൾ ബലാൽക്കാരമായി പിടിച്ചെടുത്തു് ചെറിയ കുടിയാന്മാർക്കു് പാട്ടത്തിനു കൊടുത്തുവന്നു. അവരിൽനിന്നു ലഭിച്ചിരുന്ന ധാന്യം സർക്കാരിൽനിന്നു് വിലയ്ക്കെടുത്തു പൗരാവലിക്കുള്ള റേഷൻവിതരണം ചെയ്യുകയും ചെയ്തു.

(ബി) അതുപോലെതന്നെ രാജ്യത്തിലുള്ള സകല വ്യവസായശാലകളും അതിൻെറ മുൻ ഉടമസ്ഥന്മാരിൽനിന്നും സർക്കാർ പിടിച്ചെടുക്കുകയും അവയുടെ ഭരണം സർക്കാരിൽനിന്നും നടത്തുകയും ചെയ്തുവന്നു. സർക്കാരിൽനിന്നും നൽകുന്ന വേതനങ്ങൾകൊണ്ടു വേലക്കാർ തൃപ്തിപ്പെടണമെന്നും, സർക്കാരിൻെറ ആജ്ഞയ്ക്കു വിരുദ്ധമായി പണിമുടക്കു മുതലായവ നടത്തുവാൻ അവർക്കു അവകാശമില്ലെന്നും ലെനിൻ ആജ്ഞാപിച്ചു.

(സി) ഇതിനെത്തുടർന്നു രാജ്യത്തിലുണ്ടായിരുന്ന ധാതുദ്രവ്യങ്ങൾ, വനവിഭവങ്ങൾ, ഗതാഗതമാർഗ്ഗങ്ങൾ, വിദ്യാലയങ്ങൾ, ഭവനങ്ങൾ മുതലായവയെല്ലാം രാഷ്ട്രത്തിൻെറ വകയാണെന്നു നിയമനിർമ്മാണംചെയ്തു. ഇതിനെ

യാണ് (Nationalisation) അഥവാ രാഷ്ട്രസാൽക്കരണമെന്നു വിളിക്കുന്നതു്. ഇവയുടെ ഭരണം സക്കാരിൽനിന്നു നടത്തുകയും സക്കാർ നിശ്ചയിക്കുന്ന വിധത്തിൽ വ്യക്തികഠം അനുസരിച്ചുകൊള്ളുവാൻ ശട്ടംകെട്ടുകയും ചെയ്തു.

(സി) ഇങ്ങനെ സകല പ്രവത്തനങ്ങളും രാഷ്ട്രസാൽക്കരിച്ചതിന്റെ ശേഷം, സകല പൗരന്മാരും രാഷ്ട്രാധികാരികളുടെ നിർദ്ദേശമനുസരിച്ചുള്ള ജോലികഠം ചെയ്തുകൊള്ളണമെന്നു് വിധിക്കുകയും ചെയ്തു. സ്ത്രീപുരുഷവ്യത്യാസമോ കുബേരകുചേലവ്യത്യാസമോ, ആരോഗ്യ പരിഗണനയോ, അഭിരുചിവ്യത്യാസമോ ഒന്നും പരിഗണിക്കാതെ, സകലരും രാഷ്ട്രകിങ്കരന്മാരുടെ ആജ്ഞ അനുസരിച്ചു നിർബ്ബന്ധപൂവ്വം വേലഎടുക്കേണ്ടതാണെന്നു ലെനിൻ വിധിച്ചു. ഓരോരുത്തനും അവനവന്റെ ആവശ്യമനുസരിച്ചുള്ള വിഭവങ്ങഠം രാഷ്ട്രം പ്രദാനംചെയ്യണമെന്നും ആയിരുന്നു കമ്യൂണിസ്റ്റു ആദർശം. പക്ഷെ ഓരോരുത്തന്റെ പ്രാപ്തിയുടേയും ആവശ്യത്തിന്റേയും തോതു നിശ്ചയിച്ചുപോന്നതു രാഷ്ട്രത്തിന്റെ കിങ്കരന്മാരായിരുന്നതുമൂലം, വ്യക്തികഠംക്കു യാതൊരു സ്വാതന്ത്ര്യവും പ്രയോജനവും ലഭിച്ചിരുന്നില്ല.

(ഇ) സകലതും രാഷ്ട്രസാൽക്കരിക്കുന്ന പതിവു നടപ്പിലാക്കിയതോടുകൂടി സാമ്പത്തികപ്രവത്തനങ്ങളിൽ വലുതായ ഒരു തിരിച്ചടി പ്രത്യക്ഷപ്പെട്ടു. ആഭ്യന്തരകലഹങ്ങഠം വദ്ധമാനമായിത്തുടങ്ങിയപ്പോഠം രാഷ്ട്രീയസേന അവയെഎല്ലാം നിഷ്ഠൂരമായിഅമത്തുകയുണ്ടായി. റഷ്യൻസൈന്യത്തെ സംഘടിപ്പിക്കുകയും ഭരിക്കുകയും ചെയ്തിരുന്നതു ട്രോററ്സ്കി (Trotsky) എന്നു പേരുള്ള ഒരു കമ്യൂണിസ്റ്റ് നേതാവായിരുന്നു. നല്ലൊരു വാഗ്മിയും ലേഖിതാവും സേനാനിയും ആയിരുന്ന ഇദ്ദേഹത്തിന്റെ ആത്മാത്ഥ സഹകരണം മൂലമാണ് റഷ്യയിൽ കമ്യൂണിസ്റ്റ് വിപ്ലവം ത്വരിതപ്പെടുത്തുന്നതിനു ലെനിനു സാധിച്ചതു്.

(എഫ്) ജനങ്ങളുടെ ഇടയിൽ കമ്യൂണിസ്റ്റ് സാമ്പത്തിക പദ്ധതിയോടുള്ള അവജ്ഞയും വെറുപ്പും വർദ്ധമാന

മായി വന്നപ്പോൾ പ്രതിഭാശാലിയായ ലെനിൻ, തന്റെ സാമ്പത്തിക പദ്ധതിയിൽ ഒരയവു വരുത്തുകയുണ്ടായി. ഈ നവീന സാമ്പത്തിക പദ്ധതിക്കു (New Economic Policy) N. E. P. എന്നാണ്, ചരിത്രപ്രഖ്യാതമായ പേരു്. ഇതനുസരിച്ചു കൃഷിക്കാർ വേലചെയ്തുണ്ടാക്കുന്ന വിഭവങ്ങൾ വിററ് അവരവക്കു സ്വന്തമായി ലാഭമെടുക്കുവാനുള്ള സ്വാതന്ത്ര്യം ലഭിച്ചു. അതുപോലെതന്നെ, വ്യക്തികൾക്കു സ്വന്തമായി കച്ചവടവും ലഘുവ്യവസായവും ചെയ്തു പണം സമ്പാദിക്കുവാനുള്ള സ്വാതന്ത്ര്യവും അനുവദിച്ചുകിട്ടി. ഇതിന്റെ എല്ലാം ഫലമായി റഷ്യൻ ജനതയുടെ ഇടയിൽ സാമ്പത്തികമായി ഒരുണർവു പ്രത്യക്ഷപ്പെട്ടു.

III

ജോസഫ് സ്റ്റാലിൻ നടപ്പാക്കിയ വിപ്ളവ പുരോഗതി

(1839 മുതൽ നാളിതുവരെ)

നിക്കലസ് ലെനിൻ 1924-ൽ നിര്യാതനായപ്പോൾ യു. എസ്. എസ്. ആർ-ലെ പ്രധാനമന്ത്രിയുടെ തിരഞ്ഞെടുപ്പിനു രണ്ടു സ്ഥാനാർത്ഥികളുണ്ടായിരുന്നു. അതിലൊന്നു ലെനിന്റെ വലംകൈ ആയിരുന്ന ട്രോററ്സ്കിയും അപരൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ സെക്രട്ടറിയായിരുന്ന ജോസഫ് സ്റ്റാലിനും ആയിരുന്നു. സ്റ്റലിൻ മിതഭാഷിയും ചിന്താശീലനും ആയിരുന്നെങ്കിലും രാജ്യവ്യാപകമായ കമ്യൂണിസ്റ്റ് സംഘടനയുടെ ഉള്ളുകള്ളികൾ അയാൾ മാത്രമേ നല്ലവണ്ണം ഗ്രഹിച്ചിരുന്നുള്ളു. തന്മൂലം തിരഞ്ഞെടുപ്പിൽ ട്രോററസ്കിയെ നിഷ്പ്രയാസം തോല്പിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു. താമസിയാതെ അദ്ദേഹം എതിരാളിയെ റഷ്യൻ രാജ്യാതിർത്തിയിൽനിന്നും ബഹിഷ്ക്കരിക്കുകയുണ്ടായി. ഇങ്ങനെയിരിക്കെ 1940-ൽ ട്രോററ്സ്കിയെ ആരോ തെക്കെ അമേരിക്കയിൽവച്ചു വധിക്കുകയുണ്ടായി.

ജോസഫ് സ്റ്റാലിൻ ഇന്നും അക്ഷയ പ്രതാപത്തോടുകൂടി U. S. S. R. ഭരണം നടത്തിക്കൊണ്ടു വരികയാണ്. അദ്ദേഹം ഇതുവരെ നടപ്പിലാക്കിയിട്ടുള്ള വിപ്ലവ പുരോഗതിയെ താഴെക്കാണുന്ന വിധത്തിൽ സംഗ്രഹിക്കാവുന്നതാണ്.

(എ) അദ്ദേഹം ആദ്യമായി ചെയ്ത പരിഷ്ക്കാരം ലെനിൻ നടപ്പിലാക്കിയിരുന്ന നവീന സാമ്പത്തിക നയത്തെ നിരാകരിച്ചതാണ്. അതു കമ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾക്കു തെല്ലും അനുയോജ്യമല്ലെന്നായിരുന്നു, അദ്ദേഹം അതിനു പറഞ്ഞ ന്യായം. 1928 മുതലാണ് ഈ നയം പാടേ മാറിയതു്.

(ബി) രണ്ടാമതായി അദ്ദേഹം ചെയ്ത പരിഷ്ക്കാരം രാജ്യമാസകലം വൻപിച്ച യാന്ത്രികവ്യവസായങ്ങൾ സ്ഥാപിച്ചതായിരുന്നു. റഷ്യാ അതിവിസ്തൃതമായ ഒരു ഭൂവിഭാഗമാണ്. അതിൽ ധാരാളം വൻപിച്ച വ്യവസായങ്ങൾ ഏർപ്പെടുത്തുവാനുള്ള സാദ്ധ്യതയുണ്ടെന്നു സ്റ്റാലിൻ കണ്ടു. കല്ക്കരിഖനനം, ഇരുമ്പുഖനനം, ഇരുമ്പുരുക്കുവ്യവസായം, വിദ്യുച്ഛക്തിശേഖരണം, യന്ത്രനിർമ്മാണം മുതലായവയാണ്, ലഘുയന്ത്രവ്യവസായങ്ങൾക്കും കൃഷിക്കും കൈത്തൊഴിലുകൾക്കും അടിസ്ഥാനം. അതിനാൽ മേല്പറഞ്ഞ വൻവ്യവസായങ്ങളെ അടിസ്ഥാന വ്യവസായങ്ങളെന്നും പറയും. ഇങ്ങനെയുള്ള അടിസ്ഥാനവ്യവസായങ്ങൾ അഞ്ചുകൊല്ലത്തിനുള്ളിൽ റഷ്യയിൽ ഉൽഘാടനം ചെയ്യണമെന്നായിരുന്നു ജോസഫ് സ്റ്റാലിൻ വിഭാവനം ചെയ്തതു്. അതിനുവേണ്ടി അദ്ദേഹം രാജ്യത്തുള്ള യന്ത്രതന്ത്രജ്ഞന്മാർ, പ്രകൃതിശാസ്ത്രജ്ഞന്മാർ, എൻജിനീയറന്മാർ മുതലായവരുടെ വിദഗ്ദ്ധാഭിപ്രായങ്ങൾ ശേഖരിക്കുകയും യൂറോപ്പിലും അമേരിക്കയിലും ഉള്ള വിദഗ്ദ്ധന്മാരുടെ സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചു വാങ്ങിക്കുകയും ചെയ്തു. 1928-ാമാണ്ടിൽ ആരംഭിച്ച ആദ്യത്തെ പഞ്ചവത്സരപദ്ധതി, നിശ്ചിതകാലാവധിയ്ക്കൊരു കൊല്ലം മുൻപെ, അതായതു്, 1932 ൽ അവസാനിച്ചു. ഈ വൻപദ്ധതിമൂലം റഷ്യയിൽ ചുരുങ്ങിയ ചെലവിൽ വിദ്യുച്ഛക്തി ഉല്പാദിക്കപ്പെടുകയും, യന്ത്രക്കപ്പലുകൾ, വിമാനങ്ങൾ, തീവണ്ടി മുതലായവയുടെ പണികൾ നടത്ത

പ്പെടുകയും ചെയ്തതുമൂലം, രാജ്യത്തിലെ തൊഴിലില്ലായ്മയും ദാരിദ്ര്യവും പരിഹരിക്കപ്പെട്ടു. ഇങ്ങനെ അമേരിക്ക, ബ്രിട്ടൻ, ഇൻഡ്യ മുതലായ പരിഷ്കൃതരാജ്യങ്ങളിൽ അധ:പതനവും ദാരിദ്ര്യവും നടമാടീയിരുന്ന ഇക്കാലത്തിൽ റഷ്യക്കാർക്ക് കുറെയൊക്കെ സുഭിക്ഷിതയുണ്ടായിരുന്നു എന്നു കാണുന്നു.

പക്ഷെ ഒരു തലമുറയിൽ ശാന്തമായി ചെയ്യേണ്ട വൻകാര്യം നാലുകൊല്ലംതൊണ്ടു വേഗത്തിൽ ചെയ്തുതീർക്കുവാനുള്ള തത്രപ്പാടിൽ സ്റ്റലിനു ചില പരാജയങ്ങൾ സംഭവിച്ചിട്ടുണ്ടു്. അതായതു് റഷ്യാരാജ്യത്തിലെ കാർഷികവിഭവങ്ങൾ വിദേശങ്ങളിലേയ്ക്കയച്ചുകൊടുത്തിട്ടായിരുന്നു അവിടെനിന്നും യന്ത്രസാമഗ്രികളും വിദഗ്ദ്ധസഹകരണവും സമ്പാദിച്ചതു്. തൻമൂലം പഞ്ചവത്സരപദ്ധതി നടപ്പിലാക്കിയ അവരത്തിൽ. രാജ്യത്തിലെ കർഷകത്തൊഴിലാളികൾ ദാരിദ്ര്യത്തിൻെറയും പട്ടിണിയുടെയും അടിത്തട്ടിൽ നട്ടംതിരിയുകയായിരുന്നു,

അതുപോലെതന്നെ ഈ വൻവ്യവസായങ്ങൾമൂലം സാമാന്യപൗരന്മാക്കാവശ്യമായ വസ്ത്രം, ഭക്ഷണം, ഭവനം ഇവയുടെ നിമ്മാണത്തിനു് പ്രത്യക്ഷമായ യാതൊരു സഹായവും സിദ്ധിച്ചില്ല. എന്നുതന്നെയല്ല വിദഗ്ദ്ധന്മാരുടെ ആത്മാത്ഥമായ സഹായസഹകരണങ്ങൾ ലഭിക്കാതിരുന്നതുമൂലം മേല്പറഞ്ഞ അടിസ്ഥാനവ്യവസായങ്ങൾമൂലം നീർമ്മിക്കപ്പെട്ട സാധനങ്ങൾക്കു ശരിയായ പൂർണ്ണതയും വിലക്കൂടുതലും കിട്ടിയിരുന്നില്ല.

മേല്പറഞ്ഞ ന്യൂനതയെല്ലാമുണ്ടായിരുന്നെങ്കിലും സ്റ്റലിൻെറ ആദ്യത്തെ പഞ്ചവത്സരപദ്ധതി, ഭാവിയിൽ അദ്ദേഹം വിഭാവനം ചെയ്തിരുന്ന കാർഷികവും വ്യവസായികവുമായ സാമ്പത്തിക പരിപാടികൾക്കു പററിയ അടിസ്ഥാനമായിത്തീർന്നു എന്നു പറയാം.

(സി) ജോസഫ് സ്റ്റലിൻ 1933 മുതൽ 1938 വരെ രണ്ടാമതൊരു പഞ്ചവത്സരപദ്ധതി ഏർപ്പെടുത്തുകയുണ്ടായി. അതിൻെറ ഉദ്ദേശ്യം ജനങ്ങളുടെ അനുദിനാവശ്യങ്ങൾക്കു വേണ്ട സാധനങ്ങൾ ചുരുങ്ങിയ ചെലവിൽ റഷ്യയിൽത്തന്നെ നിർമ്മിക്കുന്നതിനായിരുന്നു. നിലംതാഴ്

ത്തി ഉഴവു നടത്തുന്നതിനുള്ള യന്ത്രക്കപ്പലുകൾ, മററു കൃഷിയായുധങ്ങൾ, വളങ്ങൾ, വസ്ത്രങ്ങൾ, ഗൃഹോപകരണങ്ങൾ മുതലായവയുടെ നിർമ്മാണമാണ് ഈ രണ്ടാം പഞ്ചവത്സരപദ്ധതിപ്രകാരം സ്റ്റാലിൻ വിഭാവനം ചെയ്തതു്. ഈ ദ്വിതീയപദ്ധതി പ്രഥമപദ്ധതിയെ അപേക്ഷിച്ചു കൂടുതൽ വിജയകരമായിത്തീൎന്നു. അടിസ്ഥാനവ്യവസായങ്ങൾ രാജ്യത്തു നടപ്പിലാക്കിയതുകൊണ്ടു് ലഘുവ്യവസായങ്ങൾക്കു വേണ്ട യന്ത്രസാമഗ്രികൾ റഷ്യയിൽത്തന്നെ നിർമ്മിക്കാമായിരുന്നു. അതാണ് ഈ വിജയത്തിനു കാരണം. തന്മൂലം ഈ ദ്വിതീയപ്രസ്ഥാനംമൂലം, പ്രഥമപ്രസ്ഥാനത്തിലെപ്പോലെ, റഷ്യയിലെ ഭക്ഷ്യവിഭവങ്ങൾ വിദേശങ്ങളിലേക്കു കയററി അയയ്ക്കേണ്ട ആവശ്യമുണ്ടായില്ല. സ്റ്റാലിന്റെ പ്രേരണയിൽ റഷ്യയിൽ രണ്ടു ലക്ഷത്തോളം കൂട്ടുകൃഷിത്തോട്ടങ്ങൾ രൂപവൽക്കരിക്കപ്പെട്ടു. മുൻപു് ഓരോ കർഷകനും പ്രത്യേകം പ്രത്യേകം കൃഷിത്തോട്ടങ്ങളുണ്ടായിരുന്നു. ഇവയെല്ലാം സംയോജിപ്പിക്കുന്നതിനും സഹകരണാടിസ്ഥാനത്തിന്മേൽ കൂട്ടുകൃഷി നടത്തുന്നതിനും വേണ്ട പ്രേരണകൾ അദ്ദേഹം നൽകി. ഇതുകൂടാതെ സൎക്കാരിന്റെ നേരിട്ടുള്ള ഉടമസ്ഥതയിൽ തുലോം വലിയ മാതൃകാകൃഷിത്തോട്ടങ്ങളും അദ്ദേഹം സ്ഥാപിച്ചു. അവയിലൊന്നിന്റെ വിസ്തീൎണ്ണം 50 ലക്ഷം ഏക്കറാണെന്നു കാണുന്നു. ഒരു ലക്ഷത്തി ഇരുപതിനായിരം മോട്ടോർ കലപ്പകൾ ഈ ദ്വിതീയപദ്ധതിയുടെ കാലത്തു നിർമ്മിച്ചു വിതരണംചെയ്തിട്ടുള്ളതായി കാണുന്നു. ഇങ്ങനെയുള്ള കാർഷികപദ്ധതിമൂലം രാജ്യത്തിലുണ്ടായിരുന്ന ഭക്ഷ്യക്ഷാമത്തിനു തുലോം പരിഹാരമുണ്ടായി.

സഹകരണപ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയും സ്റ്റാലിൻ വളരെ പ്രയത്നിച്ചിട്ടുണ്ടു്. വിനിയോക്താക്കളുടെ സഹകരണസംഘങ്ങൾ അദ്ദേഹം രാജ്യമാസകലം വ്യാപിപ്പിച്ചു. വ്യവസായീകരണവും കൃഷിപരിഷ്ക്കാരവുംമൂലം അഭിവൃദ്ധിപ്പെട്ടുവന്ന വിഭവങ്ങൾ ജനങ്ങളുടെ ഇടയിൽ സൗകര്യമായി വിതരണം ചെയ്യുന്നതിനു് അവക്കു സാധിച്ചു.

(ഡി) മേല്പറഞ്ഞവ കൂടാതെ വിദ്യാഭ്യാസം പുരോഗമിപ്പിക്കുന്നതിനും, പ്രകൃതിശാസ്ത്രപഠനം ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിച്ചു് സാമ്പത്തികാഭിവൃദ്ധി കൈവരുത്തുന്നതിനും വേണ്ട സകല പരിശ്രമങ്ങളും സ്റ്റാലിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റു റഷ്യ ചെയ്തുകൊണ്ടാണിരിക്കുന്നതു്. പക്ഷെ മതരഹിതവും മതവിരുദ്ധവുമായ ഒരു ദേശീയവിദ്യാഭ്യാസപദ്ധതിയത്രെ അവിടെ നിലവിലിരിക്കുന്നതു് എന്നുള്ളതു് വിസ്മരിക്കത്തക്കതല്ല.

(ഇ) വിദേശകാര്യങ്ങളിൽ, ഏർപ്പെടാതെ ഒഴിഞ്ഞുമാറിനിൽക്കുന്നതിനു കമ്മ്യൂണിസ്റ്റ് റഷ്യയ്ക്കു സാദ്ധ്യമായില്ല. 1939-ൽ തുടങ്ങിയ ദ്വിതീയ ലോകമഹായുദ്ധത്തിൽ റഷ്യാ, ബ്രിട്ടീഷമേരിക്കൻഫ്രഞ്ചുഭാഗത്തു ചേരുകയും അവരുടെ സഹകരണത്തോടുകൂടി അക്ഷപക്ഷക്കാരെ തോല്പിക്കുകയും ചെയ്തു. അതിന്റെ ഫലമായി സ്റ്റാലിന്റെ കീഴിൽ, ഇപ്പോഠം റഷ്യാ, ലോകത്തിലെ രണ്ടു പ്രധാന മഹാശക്തികളിൽ ഒന്നായി പരിണമിച്ചിരിക്കുന്നു. റഷ്യയിലെ സ്റ്റാലിനും അമേരിക്കയിലെ ട്രൂമാനും ആണു് ഇപ്പോഠം ലോകത്തിലെ രണ്ടു പ്രധാന ഭരണാധിപന്മാർ.

ഉപസംഹാരം.

കമ്മ്യൂണിസ്റ്റ് റഷ്യയിൽനിന്നും ലോകത്തിനു ചില നേട്ടങ്ങളെല്ലാം ലഭിച്ചിട്ടുണ്ടു്. അവയിലൊന്നു് ദേശീയസംവിധാനപദ്ധതിയത്രെ. വിദഗ്ദ്ധന്മാർ മുൻകൂട്ടി തയാറാക്കുന്ന പദ്ധതിയനുസരിച്ചു്, ചുരുങ്ങിയ കാലയളവിൽ, ഒരു രാജ്യത്തിൽ സാമ്പത്തികവും സാമൂഹ്യവുമായ അഭിവൃദ്ധികഠം വരുത്തുന്ന പദ്ധതിയെയാണു് ദേശീയസംവിധാനം അഥവാ "നാഷനൽ പ്ലാനിംഗ്" എന്നു വ്യവഹരിക്കുന്നതു്. സ്റ്റാലിന്റെ ഭരണകാലത്തു നടന്നിട്ടുള്ള പഞ്ചവത്സരപദ്ധതികഠം മൂലം, മുൻപു് പിന്നോക്കരാജ്യമായിരുന്ന റഷ്യാ, ഇപ്പോഠം ലോകത്തിലെ പ്രബലശക്തികളിൽ ഒന്നായിത്തീന്നിരിക്കുന്നു. ബ്രിട്ടൻ, അമേരിക്കാ, ഇൻഡ്യാ തുടങ്ങിയ പരിഷ്കൃതരാജ്യങ്ങളെല്ലാം ഇപ്പോഠം റഷ്യയെ അ–

നുകരിച്ചു് ഓരോ ദേശീയസംവിധാനപദ്ധതികൾ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കയാണു്.

കമ്മ്യൂണിസ്റ്റ് റഷ്യയിൽനിന്നും ആധുനിക ലോകം പഠിച്ചുവരുന്ന വേറൊരു കാര്യം, ലോകമാസകലമുള്ള തൊഴിലാളികളുടെ ക്ഷേമപരിപാലന പദ്ധതിയാകുന്നു. കാറൽമാർക്സ് എന്ന കമ്മ്യൂണിസ്റ്റ് ചിന്തകനായിരുന്നു ഇതിൽ ആദ്യമായി മാർഗ്ഗദർശനംചെയ്തതു്. ആദ്യത്തെ സർവരാജ്യ തൊഴിലാളിസംഘം (First International) 1782-ാമാണ്ടിൽ കാറൽമാർക്സ് സ്ഥാപിച്ചു. എന്നാൽ അക്കാലങ്ങളിൽ അതു പ്രചാരത്തിൽവന്നില്ല. രണ്ടാമത്തെ സർവരാജ്യതൊഴിലാളിസംഘം 1889-ൽ സ്ഥാപിക്കപ്പെട്ടു. അതു പ്രഥമ ലോകമഹായുദ്ധംവരെ മാത്രമെ ദീർഘിച്ചുള്ളു. മൂന്നാമത്തെ തൊഴിലാളിസംഘം സ്ഥാപിച്ചതു 1919-ൽ ലെനിൻ ആണു്. അദ്ദേഹം ഇതിനു കൊടുത്ത പേരു് കമ്മ്യൂണിസ്റ്റ് ഇൻറർനാഷനൽ എന്നായിരുന്നു. അതിനെ ചുരുക്കത്തിൽ കോമിൺടേൺ എന്നു വിളിച്ചുവരുന്നു. ഇതിൻെറ ഉദ്ദേശ്യം, റഷ്യയിലും ഇതരരാജ്യങ്ങളിലും ഉള്ള തൊഴിലാളികളെ റഷ്യൻ കമ്മ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു് ഭൂലോകമാസകലം കമ്മ്യൂണിസം പരത്തുക എന്നുള്ളതായിരുന്നു. എന്നാൽ രണ്ടാംലോകമഹായുദ്ധകാലത്തിൽ റഷ്യയും ബ്രിട്ടീഷ് അമേരിക്കൻ ഫ്റഞ്ചുരാജ്യങ്ങളുംതമ്മിൽ സഹകരിക്കേണ്ട ആവശ്യം നേരിട്ടപ്പോൾ അവരെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി സ്റ്റാലിൻ ഈ കോമിൺടേൺ പ്രവർത്തനംതല്ക്കാലംനിറുത്തൽചെയ്യുകയുണ്ടായി. ഇപ്പോൾ തൽസ്ഥാനത്തു് കോമിൻഫോറം (Cominform) എന്ന സർവരാജ്യതൊഴിലാളി സംഘടനയാണു് നിലവിലിരിക്കുന്നതു്. കോമിൺഫോറം എന്ന വാക്കിൻെറ അർത്ഥം കമ്മ്യൂണിസ്റ്റ് ഇൻഫർമേഷൻ എന്നാണു്. അതിലെ അംഗങ്ങൾ, റഷ്യയ്ക്കു പുറമേ, അൽബേനിയ ബൾഗേറിയാ, ചൈനാ, ഹംഗേറി, പോളണ്ടു്, റുമേനിയാ, ചെക്കോസ്ലോവിക്യ എന്നീ രാജ്യങ്ങളത്രെ. ഇതിൻെറ ഉദ്ദേശ്യവും കമ്മ്യൂണിസ്റ്റു റഷ്യയുടെ നേതൃത്വത്തിലുള്ള തൊഴിലാളിസംഘടനയത്രെ. എന്നാൽ കമ്മ്യൂണിസ്റ്റാദർശ

ങ്ങളോടു തികച്ചും വിയോജിക്കുന്ന സർവ്വരാജ്യസഖ്യവും ഐക്യരാഷ്ട്രസമിതിയും ചില പാശ്ചാത്യമതസ്സംഘടനകളും, രാജ്യാന്തരവ്യാപകമായ തൊഴിലാളിപ്രശ്നത്തെ അഭിമുഖീകരിച്ചു പലതും പ്രവർത്തിക്കുന്നുമുണ്ട്.

അദ്ധ്യായം 7.

കുറിപ്പുകൾ

നിക്കലസ് ദ്വിതീയൻ— (1894—1917) അവസാനത്തെ റഷ്യൻ ചക്രവർത്തി.

1905.	ഡ്യൂമാ (റഷ്യൻ പാർലമെൻറ) സ്ഥാപിച്ചു.
1916.	റാസ്പുട്ടിൻെറ മരണം.
1917	മാർച്ചുമാസത്തിൽ നിക്കലസ് സ്ഥാനത്യാഗം ചെയ്തു. ലവോഫ് ഭരണം
1917.	നവംബർ (പഴയകലണ്ടറിൽ ഒക്ടോബർ) മാസത്തിൽ ലവേഫ് ഭരണം അവസാനിച്ചു.
1917—24.	ലെനിൻ നടത്തിയ ഭരണം.
1918	ജെർമ്മനിയുമായി (ബ്രെസ്റ്റ് ലിസ്റ്റോവസ്ക്) ഉടമ്പടിചെയ്തു. യുദ്ധത്തിൽ നിന്നു പിൻമാറി.
,,	ബോൾഷെവിസ്റ്റ് ഭരണഘടന നിർമ്മിച്ചു
1919.	കോമിൻടേൺ സ്ഥാപിക്കപ്പെട്ടു.
1924	മുതൽ സ്റ്റാലിൻെറ ഭരണം.
1928—32—	ആദ്യത്തെ പഞ്ചവത്സര പദ്ധതി.
1933—38	രണ്ടാമത്തെ പഞ്ചവത്സരപദ്ധതി.

അദ്ധ്യായം 8.

ആധുനിക ചൈന

ആധുനിക ചൈനായും പാശ്ചാത്യസമ്പക്കവും.

ഇരുപതാം ശതകം ആരംഭിക്കുന്ന അവസരത്തിൽ ചൈനാസാമ്രാജ്യ് വളരെ വിസ്തൃതവും പ്രബലവുമായിരുന്നു. അതിൽ സാക്ഷാൽ ചീനദേശം കൂടാതെ മഞ്ചൂറിയാ മംഗോളിയാ, ടിബററ്, ടക്കിയുടെ കിഴക്കുഭാഗം എന്നിവകൂടി ഉൾപ്പെട്ടിരുന്നു. ഭൂലോകജനസംഖ്യയിൽ മൂന്നിലൊരുഭാഗം വസിച്ചിരുന്ന ഈ വിപുലസാമ്രാജ്യം ഭരിച്ചുകൊണ്ടുപോന്നതു് മഞ്ചു എന്ന രാജവംശത്തിൽപെട്ട ഒരു ചക്രവത്തിയായിരുന്നുവത്രെ.

ഈ രാജവംശം പ്രകൃത്യാ യാഥാസ്ഥിതികരായിരുന്നു. അവരുടെ ഭരണകാലത്തു് ചൈനാക്കാർ സ്ത്രീപുരുഷഭേദമെന്യേ തലയുടെ പിൻഭാഗത്തുകൂടി പന്നിവാലിന്റെ രൂപത്തിൽ തലമുടി പിന്നിയിടുകയും പെൺകുട്ടികളുടെ കാലുകൾ ചെറുപ്പംമുതൽ ഞെരുക്കി കെട്ടിയിടുകയും പതിവായിരുന്നു. ഇരുപതാം ശതകം ആരംഭിക്കുന്നതിനു മുൻപിൽതന്നെ പരിഷ്കൃതാശയരായ പാശ്ചാത്യർ ചൈനയിൽ സ്ഥിരമായ ചില വാണിജ്യബന്ധങ്ങൾ സ്ഥാപിച്ചിരുന്നതായി നമുക്കറിയാമല്ലോ. 19-ാം ശതകമദ്ധ്യത്തിൽ (1842) ചൈനയും ബ്രിട്ടനും തമ്മിൽ 'അഫീൻയുദ്ധം" എന്നു പേരായ ഒരു യുദ്ധം ഉണ്ടായതിനെപ്പററിയും, അതിന്റെ അതിന്റെ അവസാനത്തിൽ ഈ രണ്ടു രാജ്യക്കാർ തമ്മിൽ ഒരുടമ്പടി ഉണ്ടായതിനെ സംബന്ധിച്ചും ലോകചരിത്രവീക്ഷണം രണ്ടാംഭാഗത്തിൽ നാം വിവരിച്ചിട്ടുള്ളതാണു്. ആ ഉടമ്പടിപ്രകാരം ബ്രിട്ടീഷുകാർ ഹോങ്ങ്കോങ്ങ് തുറമുഖത്തിൽ കൊത്തളങ്ങൾ പണികഴിച്ചു് വാണിജ്യം നടത്തിക്കൊണ്ടിരുന്നു. ഈ പാശ്ചാത്യസമ്പക്കംമൂലം ചൈനാക്കാരുടെ ഇടയിൽ ഇംഗ്ലീഷുവിദ്യാഭ്യാസത്തിനും പാശ്ചാത്യശാസ്ത്രപഠനത്തിനും ജനകീയാദർശങ്ങൾക്കും ക്രമേണ പ്രചാരം സിദ്ധിച്ചു. ബ്രിട്ടനെ അനുകരിച്ചു് യു.

എസ്. എ.യും ഫ്റാൻസും റഷ്യയും ക്രമേണ ചൈനയുമായി വ്യാപാരബന്ധങ്ങൾ പുലൎത്തുകയും അവരുടെ കച്ചവടസ്വാതന്ത്ര്യം സുരക്ഷിതമാക്കുവാൻവേണ്ടി ഓരോ പട്ടണങ്ങളിൽ കോട്ടകൊത്തളങ്ങൾ സ്ഥാപിക്കുകയും ചെയ്തുവന്നു. തന്മൂലം പാശ്ചാത്യരുടെ സംസ്കാരവും ശാസ്ത്രങ്ങളും ഭരണരീതിയും സ്വീകരിച്ചാലല്ലാതെ ചൈനാക്കാൎക്കു യാതൊരു വിധമായ അഭിവൃദ്ധിയും ഉളവാകയില്ലെന്നുള്ള ബോധം ചൈനയിലെ ജനസാമാന്യത്തിൽ ക്രമേണ രൂഢമൂലമായി.

പക്ഷെ ചക്രവൎത്തിവംശത്തിനാകട്ടെ യാഥാസ്ഥിതികരായ ചൈനീസ് നേതാക്കന്മാൎക്കാകട്ടെ ഈ അഭിപ്രായത്തോടു യോജിപ്പില്ലായിരുന്നു. ഏതായാലും 1900-ാമാണ്ടിൽ ക്വാങ്ങ്സൂ (Quangsue) എന്ന ഉല്പതിഷ്ണുവായ ചൈനീസ് ചക്രവൎത്തി ചില പാശ്ചാത്യപരിഷ്ക്കാരങ്ങളെല്ലാം രാജ്യത്തിൽ നടപ്പിലാക്കാൻ പരിശ്രമിച്ചു. ഈ ഉല്പതിഷ്ണുത്വത്തിന്റെ ഫലമായി, യാഥാസ്ഥിതികപക്ഷക്കാർ ആ ചക്രവൎത്തിയെ കാരാഗൃഹത്തിലടയ്ക്കുകയുണ്ടായി. ഇതിനെത്തുടൎന്ന് പാശ്ചാത്യരെ ചൈനയിൽനിന്നും ബഹിഷ്ക്കരിക്കുന്നതിനുവേണ്ടിയുള്ള ഒരു രഹസ്യസംഘടനയും ചൈനായിൽ സ്ഥാപിക്കപ്പെട്ടു. യാഥാസ്ഥിതികരായ ഇവർ നവീനയുദ്ധമുറകളൊന്നും അഭ്യസിക്കാതെ പഴയ ചൈനീസ് മുഷ്ടിമുറകളാണ് പരിശീലിച്ചിരുന്നതു്. ഏതായാലും ഈ മുഷ്ടിസംഘക്കാർ അന്നു് ചൈനയിലുണ്ടായിരുന്ന ധാരാളം യൂറോപ്യന്മാരെ പ്രത്യേകകാരണമൊന്നുംകൂടാതെ വധിക്കുകയുണ്ടായി. ഇതിനു ബോക്സർയുദ്ധം (1900) എന്നുപേർ. ഈ വിപ്ലവത്തെ എതിൎക്കുന്നതിനുവേണ്ടി ചൈനയിലെ പാശ്ചാത്യവൎഗ്ഗക്കാർ യോജിച്ചു പ്രവൎത്തിക്കുകയും ഒടുവിൽ അവർ ചൈനയുമായി ഒരു സൗഹാർദ്ദ ഉടമ്പടി ഉണ്ടാക്കുകയും ചെയ്തു.

ഇതിന്റെ എല്ലാം പരിണതഫലം ചൈനാക്കാരുടെ ഇടയിൽ പാശ്ചാത്യപരിഷ്ക്കാരവും ഉല്പതിഷ്ണുത്വവും അടിയ്ക്കടി വൎദ്ധിച്ചുവന്നതാണ്. തൽഫലമായി പാശ്ചാത്യരീതിയിലുള്ള വിദ്യാലയങ്ങൾ ചൈനയിൽ ധാരാളമായി

സ്ഥാപിക്കപ്പെട്ടു. പാശ്ചാത്യശാസ്ത്രങ്ങൾ അഭ്യസിക്കുന്നവക്കു മാത്രമേ സക്കാരുദ്യോഗങ്ങൾ ലഭിക്കുകയുള്ളു എന്നുവന്നപ്പോൾ ധാരാളം വിദ്യാത്ഥികൾ അമേരിക്കയിലും യൂറോപ്പിലുംപോയി ഉന്നതപഠനം നടത്തിവന്നു. ഈ യുവനേതാക്കന്മാരുടെ സംഖ്യ വദ്ധിച്ചുവന്നതോടുകൂടി പഴയ രീതിയിലുള്ള ചക്രവത്തിഭരണത്തിനു ചൈനയിൽ സ്ഥാനമില്ലെന്നു സ്പഷ്ടമാക്കുകയും ചെയ്തു.

2. സൺയാറ്റ്സെൻ ചൈനയ്ക്കു ചെയ്ത സേവനങ്ങൾ.

ഡാക്ടർ സൺയാറ്റ്സെൻ പാശ്ചാത്യദേശങ്ങളിൽ പോയി വൈദ്യശാസ്ത്രം പഠിച്ചു ഡോക്ടർബിരുദം സമ്പാദിച്ചുവന്ന ഒരു ചൈനാക്കാരനായിരുന്നു. ചക്രവത്തിമാരുടെ യാഥാസ്ഥിതികഭരണകാലത്തെ ഉപേക്ഷിച്ചു ചൈനയിൽ പുരോഗമനപരമായ ഒരു റിപ്പബ്ലിക്കൻ ഭരണം സ്ഥാപിക്കണമെന്നായിരുന്നു ഇദ്ദേഹത്തിന്റെ തീവ്രമായ ആഗ്രഹം. ഇതിനു ജനകീയ പിൻതുണ ലഭിക്കുന്നതിനുവേണ്ടി അദ്ദേഹം (Comintang) കോമിങ്ങ്ടാങ്ങ് എന്ന പേരിൽ ഒരു ദേശീയസംഘടന സ്ഥാപിച്ചു. അതിന്റെ രാജ്യവ്യാപകമായ ശാഖകളിൽക്കൂടി ശക്തിയായ പ്രക്ഷോഭണങ്ങൾ നടത്തിവന്നു. അമേരിക്കൻ ഐക്യനാടുകളുടെ രീതിയിലുള്ള ഒരു സംയുക്ത ജനകീയ റിപ്പബ്ലിക്ക് ചൈനയ്ക്കു ലഭിക്കണമെന്നായിരുന്നു ഈ കോമിങ്ങ്ടാങ്ങ് വാദിച്ചതു്. ഈ ശക്തിമത്തായ വാദകോലാഹലങ്ങൾ കേട്ടു് ചക്രവത്തി ഭയപ്പെട്ടുപോകുകയും 1911-ൽസ്വയം സ്ഥാനത്യാഗം ചെയ്യുകയുമാണുണ്ടായതു്. ഇതാണു് ചൈനയിലെ വിപ്ലവം.

ഈ അവസരംനോക്കി, 1912-ൽ കോമിങ്ങ്ടാങ്ങിന്റെ ആഭിമുഖ്യത്തിൽ നാങ്കിങ്ങ് പട്ടണത്തിൽ ഒരു റിപ്പബ്ലിക്കൻ ഭരണകൂടം രൂപവൽക്കരിക്കപ്പെട്ടു. വിപ്ലവനേതാവായ സൺയാറ്റ്സെൻ തന്നെയായിരുന്നു അതിന്റെ പ്രഥമ പ്രസിഡണ്ടു്. പക്ഷെ ഇദ്ദേഹത്തിനു ദക്ഷിണചൈനയിൽ മാത്രമേ പ്രാബല്യമുണ്ടായിരുന്നുള്ളു. ചക്ര

വർത്തി സ്ഥാനത്യാഗം ചെയ്തിരുന്നു എങ്കിലും യുവാൻഷികെയ് എന്നു പേരുള്ള സേനാനായകൻ ഉത്തരചൈനയിൽ അതിപ്രാബല്യത്തോടുകൂടി ഭരണം നടത്തിയിരുന്നു. തെക്കും വടക്കുമുള്ള ഈ ഭാഗങ്ങൾ കൂടി യോജിക്കുന്ന പക്ഷം മാത്രമേ സുശക്തമായ ഒരു ചൈനീസ് റിപ്പബ്ലിക്കുണ്ടാകുവാൻ തരമുള്ളു എന്ന് സൺയാററ്സെന്നിനു ബോദ്ധ്യമായി. അതിനാൽ അദ്ദേഹം തന്റെ പ്രസിഡണ്ടുസ്ഥാനം സ്വയം രാജിവയ്ക്കുകയും, യുവാനെ തൽസ്ഥാനത്തിൽ ചൈനീസ് റിപ്പബ്ലിക്കിന്റെ പ്രസിഡണ്ടായി അവരോക്കുകയും ചെയ്തു.

പക്ഷെ ഇതുകൊണ്ടൊന്നും ഉദ്ദിഷ്ടഫലമുണ്ടായില്ല. റിപ്പബ്ലിക്കൻ ഭരണഘടനയെ ഉടച്ചുകളയുന്നതിനും ചക്രവർത്തിപദത്തിൽ സ്വയം സ്വേച്ഛാധികാരിയായി തുടരുന്നതിനും വേണ്ട പരിശ്രമങ്ങളാണ് യുവാൻ ചെയ്തതു്. സംഗതികൾ ഈ ഘട്ടത്തിൽ എത്തിച്ചേർന്നപ്പോൾ ഡാക്ടർ സൺയാററ്സെൻ ദക്ഷിണചൈനയിൽ ഒരെതിർഭരണം തുടങ്ങുകയും, അങ്ങനെ റിപ്പബ്ലിക്കൻ ആദർശങ്ങളെ സ്വയം പുലർത്തിക്കൊണ്ടുപോകുകയും ചെയ്തു. ഇങ്ങനെയാണ് പ്രഥമലോകമഹായുദ്ധം ആരംഭിച്ച അവസരത്തിൽ ചൈനയിൽ രണ്ടു സാമന്തര ഗവണ്മെൻറുകൾ പ്രത്യക്ഷപ്പെട്ടതു്. യുവാൻഷികെയ്, പീപ്പിംഗ്നഗരം കേന്ദ്രമാക്കി ഉത്തരചൈനയിലും, ഡാക്ടർ സൺയാററ്സെൻ, കാൻടൺ പട്ടണം കേന്ദ്രമാക്കി ദക്ഷിണചൈനയിലും ഭരണം നടത്തിക്കൊണ്ടിരുന്നു.

സൺയാററ്സെൻ പരിഷ്കൃതാശയനായ ഒരു ഭരണാധിപനായിരുന്നു. അദ്ദേഹം ചൈനയെ വിദേശാധിപത്യത്തിൽ നിന്നും സംരക്ഷിക്കുക മാത്രമല്ല ജനങ്ങൾക്കു ന്യായമായ സ്വാതന്ത്ര്യം നൽകുകയും, അമിതമായ നികുതിഭാരത്തിൽനിന്നു ജനങ്ങളെ സംരക്ഷിക്കുകയുംചെയ്തു. പന്നിവാൽ വളർത്തൽ, ബാലികമാരുടെ കാൽവരിഞ്ഞുകെട്ടൽ, മുതലായ മൂഢാചാരങ്ങളെ അദ്ദേഹം ബഹിഷ്കരിക്കുകയും ആധുനിക രീതിയിലുള്ള വിദ്യാലയങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തു. അദ്ദേഹം ശൈശവവിവാഹം നിരോധിക്കുകയും

സ്ത്രീകൾക്കു പുരുഷന്മാരോടൊപ്പം സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുകയും ചെയ്തു. ചെറുതും വലുതുമായ വ്യവസായങ്ങളെ അദ്ദേഹം പ്രോത്സാഹിപ്പിക്കുകയും, ജലസേചന പദ്ധതികൾമൂലവും ശാസ്ത്രീയ കാർഷിക വിധികൾമൂലവും കൃഷിയെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തു. രാജ്യമാസകലം ധാരാളം ഗതാഗതമാർഗ്ഗങ്ങൾ പണികഴിപ്പിച്ചു. അനീതിയായ പലിശനിരക്കിനേയും പാട്ടനിരക്കിനേയും അദ്ദേഹം ശക്തിയുക്തം നിരോധിച്ചിരുന്നു. അദ്ദേഹം ക്രിസ്തുമതം സ്വീകരിക്കുകയും, അദ്ദേഹത്തിന്റെ മാതൃക പല ചൈനീസ് നേതാക്കന്മാരും അനുകരിക്കുകയും ചെയ്തു.

ചൈനയെ ആധുനികരീതിയിലുള്ള ഒരു പരിഷ്കൃതരാജ്യമാക്കുന്നതിനുവേണ്ടി അദ്ദേഹം ബ്രിട്ടൻ, അമേരിക്കാ മുതലായ പാശ്ചാത്യരാജ്യങ്ങളുടെ സഹായസഹകരണങ്ങൾ കേണപേക്ഷിക്കുകയുണ്ടായെങ്കിലും അവർ അതിനു് വൈമനസ്യം പ്രകടിപ്പിക്കുകയാണുണ്ടായതു്. എന്നാൽ കമ്മ്യൂണിസ്റ്റ് റഷ്യയാകട്ടെ ഈ അവസരത്തിൽ ചൈനയ്ക്കു സഹകരണഹസ്തം നീട്ടിക്കൊടുക്കുകയും ചെയ്തു. റഷ്യക്കാർ വിദഗ്ദ്ധന്മാരെ അയച്ചുകൊടുത്തും, പണം വായ്പകൊടുത്തും, റിപ്പബ്ലിക്കൻ ചൈനയെ സഹായിച്ചുവന്നു. പക്ഷെ കമ്മ്യൂണിസ്റ്റുകാരുടെ മതപരവും സാമ്പത്തികവുമായ അഭിപ്രായങ്ങളോടു താൻ വിയോജിക്കുന്നു എന്നും, ആവക കാര്യങ്ങളിലുള്ള സഹായസഹകരണങ്ങൾ തനിക്കാവശ്യമില്ലെന്നും അദ്ദേഹം മുൻകൂട്ടി റഷ്യൻ നേതാക്കന്മാരെ അറിയിച്ചിട്ടുണ്ടായിരുന്നു. ഈ കരാർ ഇരുഭാഗക്കാരും അദ്ദേഹത്തിന്റെ കാലത്തോളം വിശ്വസ്തയോടുകൂടി പരിപാലിച്ചുവരികയും ചെയ്തു.

1925-ൽ ഡാക്ടർ സൺയാറ്റ്സെൻ ചരമം പ്രാപിച്ച അവസരത്തിൽ ചൈനയിലെ ജനങ്ങളെല്ലാം അദ്ദേഹത്തിന്റെ ചരമത്തിൽ പുത്രസഹജമായ ഖേദം പ്രകടിപ്പിക്കുകയുണ്ടായി. ഇൻഡ്യൻ ജനങ്ങൾ മഹാത്മാഗാന്ധിയെ തങ്ങളുടെ രാഷ്ട്രപിതാവായി ബഹുമാനിക്കുന്നതുപോലെയാണു് ചൈനീസ് ജനങ്ങൾ ഡാക്ടർ സൺയാ

ററ് സെന്നിൻെറ സ്മരണയെ ഇന്നും ബഹുമാനിച്ചുവരുന്നതു്.

8. ചിയാംഗ് കൈഷക്കും ആധുനികചൈനയും

ഡാക്ടർ സൺയാററ്സെൻ ഒരു കമ്മ്യൂണിസ്റ്റ് ശത്രു തന്നെ ആയിരുന്നു എങ്കിലും അദ്ദേഹത്തെ സഹായിക്കുന്നതിനുവേണ്ടി റഷ്യയിൽ നിന്നും വന്നുചേൎന്ന റഷ്യൻ നേതാക്കളുടെ പരിശ്രമഫലമായി ചൈനയിൽ കമ്മ്യൂണിസ്റ്റ് ആദൎശവാദികൾ ക്രമേണ വൎദ്ധമാനമായി. കമ്മ്യൂണിസ്റ്റ് സംഘടനകൾ നഗരങ്ങളിലും ഗ്രാമങ്ങളിലും വൎദ്ധിച്ചതോടുകൂടി കോമിംഗ്ടാങ്ങ് എന്ന ചൈനീസ് ജനകീയ സംഘടനയിലും കമ്മ്യൂണിസ്ററ് അംഗങ്ങൾ ധാരാളമായി. ചൈനയിലും റഷ്യയിലെപ്പോലെയുള്ള കമ്മ്യൂണിസ്റ്റ് പരിപാടികൾ നടപ്പിലാക്കുന്നതിൽ ഇഷ്ടമില്ലാത്ത ഒരു സംഘം ആളുകൾ കോമിംഗ് ടാങ്ങിലെ വലത്തുപക്ഷമായും, കമ്യൂണിസ്റ്റ് പക്ഷക്കാർ ഇടത്തുപക്ഷത്തുമായും തീൎന്നു. വലത്തുപക്ഷക്കാരുടെ നായകനായിരുന്നു ചിയാംഗ്കൈഷക്ക്. ഇദ്ദേഹം കാൻറൺ കേന്ദ്രമായുള്ള റിപ്പബ്ലിക്കൻ ഭരണത്തിൽനിന്നു പിൻവാങ്ങുകയും, 1925-ൽ നാങ്കിംഗ് കേന്ദ്രമാക്കി വേറൊരു ഭരണം രൂപവൽക്കരിക്കുകയും ചെയ്തു. ഇദ്ദേഹം വിവാഹം കഴിച്ചിട്ടുള്ളതു് ഡോക്ടർ സൺയാററ്സെന്നിൻെറ ഭാൎയ്യാസഹോദരിയും സമൎത്ഥയും ഗുണവതിയുമായ ഒരു സ്ത്രീരത്നത്തെയത്രെ.

1927-ാമാണ്ടായപ്പോഴേക്ക് ചൈനയുടെ ദക്ഷിണമദ്ധ്യഭാഗങ്ങളെല്ലാം ചൈനീസ് റിപ്പബ്ലിക്കിൽ ചേൎന്നുകഴിഞ്ഞിരുന്നു. ആ അവസരത്തിലാണു് കോമിംഗ്ടാങ്ങിനുള്ളിൽ മേല്പറഞ്ഞ ആഭ്യന്തരകക്ഷിമത്സരമുണ്ടായതു്. ഈ കക്ഷിമത്സരം മൂത്തുമൂത്തു ചൈനാദേശക്കാർ രാഷ്ട്രീയമായ ആത്മഹത്യക്കാണോ ഒരുമ്പെട്ടതെന്നു നിഷ്പക്ഷനിരീക്ഷകന്മാൎക്കു തോന്നിത്തുടങ്ങി. ഈ അവസരത്തിൽ ചൈനായുടെ തൊട്ടുവടക്കു സ്ഥിതിചെയ്യുന്ന ജപ്പാൻകാൎക്കു ഒരു ദുൎബ്ബുദ്ധിതോന്നി. അവർ ക്രമേണ ചൈനയുടെ ഉ

ത്തരഭാഗത്തുള്ള മഞ്ചൂറിയാദേശം പിടിച്ചടക്കുകയും പീപ്പിംഗ്നഗരത്തിനടുത്തുള്ള പ്രദേശങ്ങളിലേയ്ക്കു ജപ്പാൻ ജനങ്ങളെ കയററിപ്പാർപ്പിക്കുകയും ചെയ്തുതുടങ്ങി. അപ്പോൾ ചൈനയിലെ കമ്മ്യൂണിസ്ററുകാരും ചിയാങ്ങ് കക്ഷികളുംകൂടി ഒരു തൽക്കാല സന്ധി ചെയ്തുകൊണ്ടു ജപ്പാനോട്ട് എതിക്കുകയുംചെയ്തു. പക്ഷെ ചിയാംഗ്കൈഷക്കിനു ബ്രിട്ടീഷമേരിക്കൻ ശക്തികളുടെ സഹായമുണ്ടായിരുന്നെങ്കിലും ജപ്പാൻകാരുടെ ശക്തിമത്തായ ആയോധന സജ്ജീകരണത്തോടു മല്ലിട്ടു ജയിക്കുവാൻ അയാൾക്കു സാധിച്ചില്ല. ചൈനയുടെ വടക്കുനിന്നു തെക്കുവരെ കിടക്കുന്ന പീപ്പിംഗ്, ഷാംഗ്ഹെയ്, നാങ്കിംഗ്, ഹോങ്കോങ്ങ്, കാൻറൺ, തുടങ്ങിയുള്ള സകല ചൈനീസു പട്ടണങ്ങളും ജപ്പാൻെറ ബോംബാക്രമണത്തിനു വിധേയമായി. ചിയാംഗ് കൈഷക്ക് അതിനതിനു തെഴക്കോട്ടു നീക്കവുമായി. പക്ഷെ ജപ്പാൻകാർ പിടിച്ചടക്കിയ ദേശങ്ങളിലെ ജനങ്ങളെല്ലാം അവരോടെപ്പോഴും ഗോപ്യമായി എതിത്തുനിന്നിരുന്നതുകൊണ്ടു് അവരെ അടക്കി ഭരിക്കുവാൻ ജപ്പാൻകാക്കു സാധിച്ചില്ല.

ദ്വിതീയ ലോകസമരാവസാനകാലത്തു്, 1945-ൽ ജപ്പാനിലുള്ള രണ്ടു പട്ടണങ്ങളുടെമേൽ അമേരിക്കൻ ആററം ബോംബാക്രമണം നടന്നതോടുകൂടി അവരുടെ സുപ്രസിദ്ധമായ ആ ബാലാക്ക സാമ്രാജ്യംതന്നെ നാമാവശേഷമായിത്തീന്നു. അതിനോടെ ചൈനയിലെ ജപ്പാനാക്രമണം ഒരു പേക്കിനാവുപോലെ നീങ്ങിപ്പോകുകയാണുണ്ടായതു്.

പക്ഷെ ഇതുകൊണ്ടൊന്നും ചിയാംഗ്കൈഷക്കിനു ചൈനയിൽ സ്ഥിരമായ പ്രാബല്യമുണ്ടായില്ല. 1950-ാമാണ്ടിനകം ചൈനയിൽ വലുതായ കമ്മ്യൂണിസ്റ്റ് പാർട്ടി വിജയിക്കുകയും അവർ അവിടെ ഒരു കമ്മ്യൂണിസ്ററു ഭരണകൂടം സ്ഥാപിക്കുകയും ആ ഭരണകൂടം ഇപ്പോൾ യു. എസ്സ്. എസ്സ്. ആർ-ൻെറ ഒരു ആശ്രിതരാഷ്ട്രമായി കഴിഞ്ഞുകൂടുകയും ചെയ്യുന്നു. ചൈനീസ് റിപ്പബ്ലിക്കിനെ ഒരു പരിഷ്കൃത രാജ്യമാക്കുന്നതിനുവേണ്ടിയുള്ള സഹകരണം, അമേരിക്കാ, ബ്രിട്ടൻ മുതലായ പാശ്ചാത്യദേശങ്ങൾ നി

ഷേധിക്കുകയും കമ്മ്യൂണിസ്റ്റ് റഷ്യാ അത്ര സന്തോഷപൂർവ്വം പ്രദാനം ചെയ്യുകയും ചെയ്തതിൻെറ ഫലമായിട്ടാണ് ഭൂലോകജനസംഖ്യയിൽ മൂന്നിലൊരുഭാഗംവരുന്ന ചൈനാ, ഇന്ന് ഒരു റഷ്യൻ മിത്രമായിത്തീർന്നിട്ടുള്ളത്.

ഇപ്പോൾ ചിയാങ്ങ്കെയിഷേക്ക് ഫോർമോസാ ദ്വീപിൽ നിസ്സഹായനായി താമസിച്ചുവരുന്നു. ചൈനായിൽ ഭരണംനടത്തുന്നതു്, കമ്മ്യൂണിസ്റ്റ്മിത്രമായ മവോസേതുങ്ങ് എന്ന ചൈനീസ് നേതാവത്രെ. അമേരിക്കാ ഇപ്പോഴും ഈ കമ്മ്യൂണിസ്റ്റ് രാഷ്ട്രത്തെ അംഗീകരിച്ചിട്ടില്ല. ഇംഗ്ലണ്ടും ഇൻഡ്യയും അംഗീകരിച്ചുകഴിഞ്ഞു.

സ്വാതന്ത്ര്യഭാരതത്തിൻെറ ചൈനയിലെ ആദ്യത്തെ ഇൻഡ്യൻ സ്ഥാനാപതി ശ്രീ കെ. പി. എസ്. മേനോനും ഇപ്പോഴത്തെ സ്ഥാനാപതി സർദാർ കെ. എം. പണിക്കരും ആണ്.

അദ്ധ്യായം 8.

കുറിപ്പുകൾ

1842.	ബ്രിട്ടനും ചൈനയും തമ്മിൽ അഫീൻയുദ്ധം (Opium war)
1900.	ബോക്സർയുദ്ധം.
1911.	ചക്രവർത്തിയുടെ സ്ഥാനത്യാഗം ചൈനീസ് വിപ്ലവം
1912.	സൺയാററ്സെൻ പ്രസിഡണ്ടാകുന്നു.
1925.	സെൻ—ൻെറ ചരമം.
1928.	ചിയാംഗ്കെയ്ഷെക്ക് പ്രസിഡണ്ടാകുന്നു.
1950.	മവോസേതുങ്ങിൻെറ ഭരണത്തെ ബ്രിട്ടനും ഇൻഡ്യയും അംഗീകരിച്ചു.
കൊറിയാ: ഫോർമോസാ.	ചൈനായിൽനിന്നു ജപ്പാൻ പിടിച്ചെടുത്ത രാജ്യങ്ങൾ.

ഹോങ്ങ്കോങ്ങ്.	ഇംഗ്ലണ്ട് പിടിച്ചെടുത്ത പട്ടണം.
ക്യാ-ഓ-ചൗ.	ജർമ്മനി ,,
സൺയാററ്സെൻ.	ചൈനീസ് റിപ്പബ്ലിക്കിന്റെ പ്രഥമപ്രസിഡണ്ട്.
യുവാൻഷികെയ്.	റിപ്പബ്ലിക്കിന്റെ വിരോധി.
പെക്കിങ്ങ്(പീപ്പിംഗ്)	പഴയ ചൈനീസ് തലസ്ഥാനം.
നാങ്കിംഗ്	ഇപ്പോഴത്തെ തലസ്ഥാനം
ചിയാംഗ്	രണ്ടാമത്തെ ചൈനീസ്പ്രസിഡണ്ട് (ഇപ്പോൾ ഫോർമോസാ ദ്വീപിൽ)
മവോസേതുങ്ങ്.	ചൈനയിലെ ഇപ്പോഴത്തെ കമ്മ്യൂണിസ്റ്റ് ഭരണാധിപൻ.

അദ്ധ്യായം 9

ആധുനിക ജപ്പാൻ

പ്രാചീനകാലം—ജപ്പാൻ ലോകചരിത്രരംഗത്തിൽ പ്രശോഭിച്ചുകാണുന്നതു 19-ാം ശതകത്തിന്റെ അവസാനഘട്ടം മുതൽക്കാണു്. അക്കാലംവരെ ഈ പൗരസ്ത്യവർഗ്ഗക്കാർ അന്യപരിഷ്കൃതദേശീയരുമായി വലിയ സമ്പർക്കമോ കൂട്ടുകെട്ടോ പരിപാലിച്ചിരുന്നതായി കാണുന്നില്ല. ഏഷ്യാഖണ്ഡത്തിന്റെ പസഫിക്ക സമുദ്രതീരപ്രദേശത്തു് ഏകദേശം 3000 മൈൽ നീളത്തിൽ സ്ഥിതിചെയ്തിരുന്ന ഈ ജാപ്പനീസ് ദ്വീപുകളിൽ അനേകം ഇടപ്രഭുക്കന്മാർ പണ്ടേയ്ക്കുപണ്ടേ കൊല്ലും കൊലയും അടക്കിവാണിരുന്നു. അവരുടെ കീഴിൽ രണശൂരന്മാരും സ്വാമിഭക്തന്മാരുമായ ധാരാളം അശ്രിതവർഗ്ഗക്കാർ സേവനം അനുഷ്ഠിച്ചിരുന്നു. തങ്ങളുടെ യജമാനന്മാർക്കുവേണ്ടി ജീവാർപ്പണം ചെയ്തിരുന്ന ഈ ആശ്രിതന്മാരുടെ പേരു് "സാമുറേ" വർഗ്ഗക്കാ

രുന്നായിരുന്നു. മുൻകാലങ്ങളിൽ ഈ ജപ്പാൻ ദ്വീപുകൾക്ക് ഒരു കേന്ദ്രഭരണമില്ലായിരുന്നു. അതു മൂലം രാജ്യത്തിൽ സമാധാനവും ശാന്തിയുമില്ലായിരുന്നു. ആകയാൽ 19-ാം ശതകത്തിൻെറ അന്ത്യഘട്ടത്തോടടുത്തു് ജപ്പാനിൽ ഒരു ചക്രവർത്തി സ്ഥാനാരോഹണംചെയ്യുകയും അദ്ദേഹത്തിൻെറ കീഴിൽ ആധുനിക രീതിയിലുള്ള ബലവത്തായ ഒരു കേന്ദ്രഭരണം ആരംഭിക്കുകയും ചെയ്തു.

ആധുനികകാലം. 1867-നും 1912-നും ഇടയ്ക്കു ജപ്പാനിൽ വാണ "മുററ്സിഹിരോറാ" എന്ന ചക്രവർത്തിയാണു് ജപ്പാനെ ഒരു ആധുനിക രാഷ്ട്രമാക്കിത്തീർത്തതു്. അദ്ദേഹം നടത്തിയ പല പരിഷ്കാരങ്ങളിൽ പ്രധാനപ്പെട്ടവയെ താഴെ വിവരിക്കുന്നു.

1. ജപ്പാനിലുള്ള സകല സ്ഥാവരവസ്തുക്കളും ചക്രവർത്തിയുടെ വകയാണെന്നുള്ളതിലേയ്ക്കു് അദ്ദേഹം ഇടപ്രഭുക്കന്മാരുടെ സമ്മതം വാങ്ങി.

2. രാജ്യമാസകലം ഒരേവിധത്തിലുള്ള രാജനിയമസംഹിതയും നാണയങ്ങളും അദ്ദേഹം നടപ്പിലാക്കി.

3 യൂറോപ്യൻ വിദഗ്ദ്ധന്മാരുടെ സഹായത്തോടുകൂടി ജപ്പാൻ പട്ടാളക്കാരുടെ സൈനികപരിശീലനം നടത്തി.

4. കമ്പിത്തപാൽ, തീവണ്ടി ഇവ രാജ്യമാസകലം നടപ്പിലാക്കി.

5. ബ്രിട്ടീഷുകാരുടെയും ജർമ്മൻകാരുടെയും ഭരണഘടനയിൽനിന്നും ജപ്പാനു യോജിച്ച പലഭാഗങ്ങൾ തെരഞ്ഞെടുത്തു് ജപ്പാൻ സാമ്രാജ്യഭരണത്തിനു ഒരു പുതിയ ഭരണഘടന നിർമ്മിച്ചു.

6. പാശ്ചാത്യ രീതിയിലുള്ള വ്യവസായ ശാലകൾ നാടെടക്കം സ്ഥാപിക്കുകയും വിദേശങ്ങളിലേയ്ക്കു സംസ്കൃത സാധനങ്ങൾ കയററി അയച്ചു സാമ്പത്തികാഭിവൃദ്ധി ഉളവാക്കുകയും ചെയ്തു.

7. അമേരിക്ക, ഇംഗ്ലണ്ട്, ജർമ്മനി മുതലായ ദേശങ്ങളിലയച്ച്, ജാപ്പനീസ് യുവാക്കന്മാരെയും യുവതികളെയും ആധുനികശാസ്ത്രങ്ങൾ പഠിപ്പിക്കുകയും, പാശ്ചാത്യജീവിതരീതിയിലുള്ള നല്ലഭാഗങ്ങളെ ജപ്പാന്റെ ദേശീയ ജീവിതത്തിൽ അനുകരിക്കുകയും ചെയ്തു.

3. ജപ്പാന്റെ സാമ്രാജ്യസമ്പാദന ശ്രമങ്ങൾ

ഇരുപതാംനൂററാണ്ടിൽ ജപ്പാൻ ദ്വീപുകളിലെ ജനങ്ങൾക്കു സാമ്പത്തികമായും സാംസ്കാരികമായും വളരെ ഉന്നമനം ഉണ്ടായി. അവരുടെ ജനസംഖ്യ വർദ്ധിച്ചുവന്നതോടുകൂടി അടുത്തുള്ള പ്രദേശങ്ങൾ കൈവശപ്പെടുത്തി ജനങ്ങളുടെ സാമ്പത്തികപ്രയത്നങ്ങൾക്കു സൌകര്യമുണ്ടാക്കേണ്ട ആവശ്യകതയും ആവിർഭവിച്ചു. ആകയാൽ അവർ അയൽരാജ്യങ്ങളായ റഷ്യയോടും ചൈനയോടും ഓരോ കാരണവശാൽ നേരിട്ടു യുദ്ധം ചെയ്യേണ്ടതായി വന്നുകൂടിയിട്ടുണ്ട്. ഇതുകൂടാതെ ഒന്നാമത്തേയും രണ്ടാമത്തേയും ലോകമഹായുദ്ധങ്ങളിലും ജപ്പാൻ ഗണ്യമായ ഭാഗങ്ങൾ വഹിക്കുകയുണ്ടായി. അവയിൽ ഓരോന്നിനെപ്പററിയും ചുരുക്കമായി താഴെ വിവരിക്കുന്നു.

(എ) ചൈനാ–ജപ്പാൻ യുദ്ധം (1894–95)

ജപ്പാൻകാരുടെ ജനസംഖ്യ വദ്ധിച്ചുവന്നിരുന്നതുകൊണ്ടു കുടിയേററത്തിനുവേണ്ടി കൊറിയാ, ഫോർമോസാ എന്നീ സ്ഥലങ്ങളെ ജപ്പാൻകാർ 1894-ൽ പിടിച്ചടക്കി. ഒരു ചെറിയരാജ്യമായ ജപ്പാൻകാക്ക് ഒരു വലിയ രാജ്യമായ ചൈനയെ ഇങ്ങനെ നിഷ്പ്രയാസം തോല്പിക്കുവാൻ സാധിച്ചതു് ജപ്പാൻകാർ നവീനരീതിയിലുള്ള യുദ്ധോപകരണങ്ങൾ ഉപയോഗിച്ചതുകൊണ്ടായിരുന്നു. പക്ഷേ ജപ്പാന്റെ ഈ കുതിച്ചുചാട്ടം റഷ്യാ, ഫ്രാൻസ്, ജെർമ്മനി ഈ മഹാശക്തികൾക്കു വിരോധമുണ്ടാക്കി. അവരുടെ നിർദ്ദേശപ്രകാരം, ജപ്പാൻകാർ ലയോററംഗ്ഗ മുനമ്പും അവിടെയുള്ള പോർട്ടാർതർ തുറമുഖവും തിരിയെ ചൈ

നാശ്ശു വിട്ടുകൊടുക്കേണ്ടതായിവന്നു. ഏറെതാമസിയാതെ, റഷ്യാതന്നെ ഈ പോർട്ടാർതർതുറമുഖം ചൈനാക്കാരിൽനിന്നു പിടിച്ചെടുക്കുകയും ചെയ്തു.

(ബി) റൂസ്സോജാപ്പനീസ്‌യുദ്ധം (1904–1905)

ഇരുപതാംശതകത്തിൽ ആധുനികജപ്പാൻ വളരെ വേഗത്തിൽ പ്രബലപ്പെട്ട കാര്യം റഷ്യാസാമ്രാജ്യത്തിനു ബോദ്ധ്യമായില്ല. റഷ്യയുടെ ഉദ്ദേശ്യം, അവരുടെ തലസ്ഥാനനഗരമായ സെൻറ് പീറേറഴ്‌സ് ബർഗ്ഗിൽ നിന്നും കിഴക്കോട്ടു സൈബീരിയൻ സമതലംവഴി പസഫിക്കു സമുദ്ര പര്യന്തം അവരുടെ ശക്തി വികസിപ്പിക്കണമെന്നും, അതിൽ അവരെ തടയുവാൻ ഏഷ്യാഭൂഖണ്ഡത്തിൽ ആരും മുതിരുകയില്ലെന്നുമായിരുന്നു. അതിനുവേണ്ടി അവർ സുപ്രസിദ്ധമായ ട്രാൻസ്‌സൈബീരിയൻ തീവണ്ടിപ്പാതയുണ്ടാക്കുകയും, പസഫിക്കുതീരത്തുള്ളവ്‌ളാഡിവോസ്റ്റോക്കു തുറമുഖത്തു നാവിക സങ്കേതം നിർമ്മിക്കുകയും ചെയ്തു. ഇതു ജപ്പാനോടുള്ള ഒരു റഷ്യൻ വെല്ലുവിളിയാണെന്നുതന്നെ ജപ്പാൻ കരുതുകയും, ഒരു വമ്പിച്ച സമരം മൂലം റഷ്യയെ നിഷ്‌പ്രയാസം തോല്പിക്കുകയും ചെയ്തു. ഈ യുദ്ധാനന്തരം 1905-ൽ അമേരിക്കൻ പ്രസിഡണ്ടിൻെറ മദ്ധ്യസ്ഥതയിൽ അമേരിക്കയിലെ പോർട്ടസ്‌മത്തു പട്ടണത്തിൽവച്ച് ഉഭയ കക്ഷികളുംകൂടി ഒരു ഉടമ്പടിചെയ്തു. അതിൻപ്രകാരം ട്രാൻസ്‌സൈബീരിയൻ റെയിൽവേയുടെ കിഴക്കുഭാഗത്തുള്ള മഞ്ചൂറിയായും, സമീപത്തുള്ള കൊറിയാദേശവും, ലയോററംഗ്ഉമുനമ്പും, പോർട്ടാർതർപട്ടണവും റഷ്യയുടെ സകല അവകാശവാദങ്ങളും ഹനിച്ച് ജപ്പാനു ലഭിക്കുകയുണ്ടായി. [അക്കാലത്ത് അമേരിക്കാ, ചൈനാ-ജപ്പാൻ രാജ്യകാര്യങ്ങളിൽ നിഷ്‌പക്ഷനയം പാലിച്ചിരുന്നു. ആ നയത്തിനു open door policy എന്നു പേർ]

ജപ്പാനു ലഭിച്ച ഈ വമ്പിച്ച വിജയം പാശ്ചാത്യമഹാശക്തികളുടെ കണ്ണുതുറപ്പിക്കുകതന്നെ ചെയ്തു. അക്കാലം മുതൽ ജപ്പാനേയും അവർ ലോകമഹാശക്തികളിൽ ഒന്നായി പരിഗണിച്ചുതുടങ്ങി.

(സി) ജപ്പാനും പ്രഥമ ലോകമഹായുദ്ധവും.
(1914—1919)

പ്രഥമ ലോകമഹായുദ്ധം ആരംഭിച്ച അവസരത്തിൽ ജപ്പാൻ, ബ്രിട്ടീഷ് ഫ്റഞ്ചു മേരിക്കൻ ഭാഗത്തു ചേരുകയുണ്ടായി. യുദ്ധരംഗത്തുനിന്നും ദൂരെമാറിനിന്നിരുന്ന ജപ്പാനു യാതൊരു ജോലിയും നിർവഹിക്കാനില്ലായിരുന്നു. ഈ തക്കംനോക്കി അവർ ജർമ്മനിയുടെ വകയായിരുന്ന കിഔചൗ എന്ന ചൈനീസ് പ്രദേശം കൈക്കലാക്കുകയുണ്ടായി. ഒന്നാം ലോകമഹായുദ്ധം അവസാനിച്ചപ്പോൾ ജപ്പാൻകാക്ക് മുൻപു് ചൈനയിലുണ്ടായിരുന്ന സകല പ്രദേശങ്ങളും കച്ചവടസ്വാതന്ത്ര്യങ്ങളും ജപ്പാനു ലഭിച്ചു.

(ഡി) ജപ്പാൻ ചൈനായുദ്ധം.

1914—ൽ ജപ്പാൻ, ഒരു ചൈനീസ് സാമ്രാജ്യഭാഗമായ മഞ്ചൂറിയാപ്രദേശം സ്വന്തഭരണത്തിലേക്കു കയുണ്ടായി. അതിന്റെ പേരു് മഞ്ചൂക്കോ എന്നു മാററിയിട്ടു. ഇതു് ജപ്പാനും ഇതര മഹാശക്തികളും തമ്മിൽ ചെയ്തിരുന്ന പല ഉടമ്പടികൾക്കു വിരുദ്ധമായിരുന്നു. ചൈനായിലെ ഗവണ്മെൻറ് ഇതേസംബന്ധിച്ചു് സർവരാജ്യസഖ്യസമക്ഷം സങ്കടംപറഞ്ഞ അവസരത്തിൽ ജപ്പാൻകാർ ചെയ്തതു്, ശാന്തശീലരും യുദ്ധസന്നദ്ധരല്ലാത്തവരുമായ ചൈനീസ് പൌരന്മാരുടെമേൽ ഭയങ്കരമായി ബോംബുവർഷം നടത്തുകയായിരുന്നു. 1935—ൽ ജപ്പാൻ ചൈനയുടെദക്ഷിണഭാഗങ്ങളിൽക്കൂടി ബോംബാക്രമണം ചെയ്തുതുടങ്ങി. സർവരാജ്യസഖ്യത്തിന്റെ ഗർജ്ജനങ്ങളെ ജപ്പാൻ തൃണവൽഗണിക്കുകയും ആ ലോകൈകരാഷ്ട്രീയ സംഘടനയിൽനിന്നു ധിക്കാരപൂർവ്വം ഇറങ്ങിപ്പോവുകയുമാണു് ചെയ്തതു്. ചൈനാക്കാർ ചിയാംഗ്കൈഷക്കിന്റെ കീഴിൽഅണിനിരന്നു ധീരധീരം പോരാടി. പക്ഷെ ജപ്പാന്റെ ബോംബാക്രമണത്തിൽ ചൈനാക്കാർ അമരുകതന്നെ ചെയ്തു.

ഈ ചൈനാജപ്പാൻയുദ്ധം ഒടുവിൽ ദ്വിതീയ ലോകമഹാസമരത്തിന്റെ ഒരു ഭാഗമായിത്തീൎന്നു. ആ

ഗ്ലോ അമേരിക്കൻ ഫ്രഞ്ചുശക്തികൾ ചൈനയുടെ ഭാഗത്തും, അക്ഷപക്ഷരാജ്യങ്ങൾ ജപ്പാന്റെ ഭാഗത്തും, അണിനിരന്നു. അമേരിക്കൻ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ച രണ്ടു ആററംബോംബുകൾ, ജപ്പാന്റെ വക നാഗയസ്ക്കി, ഹിരോഷിമാ എന്നീ പട്ടണങ്ങളിൽ വിമാനത്തിൽ നിന്നും പതിച്ചതോടുകൂടി ജപ്പാൻസാമ്രാജ്യം തകന്നു പോകുകയാണല്ലോ ചെയ്തതു്.

അദ്ധ്യായം 8.

കുറിപ്പുകൾ

1867—1912	മുററ്സിഹിറോ എന്ന ചക്രവത്തി ജപ്പാനെ പാശ്ചാത്യീകരിച്ചു.
1894—5	ചൈനാജപ്പാൻയുദ്ധം
1904—1905	റുസ്സോ ജാപ്പാനീസ് യുദ്ധം
1905	പോർട്ട്സ്മത്തു ഉടമ്പടി
1914	ജപ്പാൻ ഒന്നാം ലോകമഹായുദ്ധത്തിൽ.
1917	ചൈനാ ....
1931	ജപ്പാൻ മഞ്ചൂറിയാ ആക്രമിച്ചു.
1935	ചൈനാ ജപ്പാൻ യുദ്ധം തുടങ്ങി ജപ്പാൻ സർവ്വരാജ്യസഖ്യത്തിൽനിന്നും വിട്ടുമാറി.
1941	ജപ്പാൻ യുദ്ധത്തിൽ പ്രവേശിച്ചു.
1945	ജപ്പാൻ കീഴടങ്ങി.
മുററ്സിഹിറോ	ജപ്പാനെ ആധുനികരാഷ്ട്രമാക്കിയ ചക്രവത്തി.
സാമുറെ.	ജപ്പാനിലെ രാജഭക്തരായ സൈനികവർഗ്ഗം.

അദ്ധ്യായം 10.

ദ്വിതീയ ലോകമഹായുദ്ധം.

(എ). അതിന്റെ കാരണങ്ങൾ.

1. പ്രധാനകാരണം. അക്ഷപക്ഷവും പാശ്ചാത്യയുറോപ്യരും തമ്മിലുള്ള സാമ്രാജ്യമത്സരമായിരുന്നു ദ്വിതീയമഹായുദ്ധത്തിന്റെ പ്രധാന കാരണം.

പ്രഥമ ലോകമഹായുദ്ധം കഴിഞ്ഞതിനുശേഷം ലോകമാസകലം ഉണ്ടായിട്ടുള്ള രാഷ്ട്രീയ വികാസങ്ങളെപ്പററി മൂന്നദ്ധ്യായങ്ങളിൽ നാം വിവരിച്ചുകഴിഞ്ഞു. 1919—ൽ ഇററലിയിൽ മുസ്സോലിനിയുടെ കീഴിൽ ഫാസിസ്റ്റ്സംഘടന ആവിർഭവിച്ചു. 1931—ൽ ജർമ്മനിയിൽ ഹിററ്ലരുടെ നേതൃത്വത്തിൽ നാസിസംഘടന രൂപവൽക്കരിക്കപ്പെട്ടു. ജപ്പാൻകാരും അവരുടെ ചക്രവർത്തിയുടെ ആഭിമുഖ്യത്തിൽ സൈനിക സംഘടനനടത്തി. അവരുടെ എല്ലാം ഉദ്ദേശ്യം, ജനകീയ സ്വാതന്ത്ര്യത്തേക്കാൾ കൂടുതലായി രാഷ്ട്രങ്ങളുടെ ശക്തിയും പ്രാബല്യവും വികസിപ്പിക്കണമെന്നായിരുന്നു. 1939—ൽ ഈ മൂന്നു രാജ്യങ്ങൾ തമ്മിൽ റോം—ബർലിൻ—ടോക്കിയോ ഉടമ്പടി നടത്തി. രാജ്യത്തിനുള്ളിൽ ക്രമവും സമാധാനവും പരിപാലിക്കുന്നതിനും, വിദേശങ്ങളിൽപോയി ഉപനിവേശസ്ഥാനങ്ങൾ കരസ്ഥമാക്കുന്നതിനും, തദ്വാരാ, ജനങ്ങൾക്കു സാമ്പത്തികക്ഷേമം വരുത്തുന്നതിനും ആയിരുന്നു അവരുടെ മുഖ്യപരിശ്രമം. ഇംഗ്ലണ്ടിലേയും ഫ്റാൻസിലേയുംപോലെ അവരുടെ ഇടയിൽ ജനകീയ ഭരണക്രമം നടപ്പിലിരുന്നില്ല. അക്കാലത്തു് ഗ്രേററുബ്രിട്ടനും ഫ്റാൻസും പാശ്ചാത്യയുറോപ്പിലെ രണ്ടു പ്രബല ജനകീയ സാമ്രാജ്യങ്ങളായിരുന്നു. ഏഷ്യയിലും ആഫ്റിക്കയിലും ഇൻഡ്യാസിലും അവക്കു ധാരാളം കുടിപാർപ്പുസ്ഥലങ്ങളും വാണിജ്യസങ്കേതങ്ങളും ഉണ്ടായിരുന്നു. ആകയാൽ അക്ഷപക്ഷക്കാരായ ഇററലിയുടെയും ജർമ്മനിയുടെയും ജപ്പാന്റെയും ഉദ്ദേശ്യം, പാ

ശ്ചാത്യ യൂറോപ്പിലെ സാമ്രാജ്യശക്തികളോട് യുദ്ധംചെയ്ത് അവരുടെ വകയായിരുന്ന ഉപനിവേശസ്ഥാനങ്ങളെയും വാണിജ്യകേന്ദ്രങ്ങളെയും പിടിച്ചെടുക്കണമെന്നായിരുന്നു. ആകയാൽ അക്ഷപക്ഷക്കാരും പാശ്ചാത്യയൂറോപ്യൻ ശക്തികളും തമ്മിൽ പ്രബലമായ സാമ്രാജ്യമത്സരം പ്രഥമലോക മഹായുദ്ധാനന്തരം നടന്നുവന്നിരുന്നു. ഈ സാമ്രാജ്യമത്സരമത്രേ രണ്ടാം ലോകമഹായുദ്ധത്തിന്റെ പ്രധാന കാരണമായിത്തീൎന്നതു്.

2. തൽക്കാലകാരണം.

1931_മുതൽ ജെർമ്മൻ രാഷ്ട്രത്തിൽ നാസികൾക്കു പ്രാബല്യം ലഭിച്ചു. 1919_ൽ ജെമ്മനിയുടെമേൽ വിജയകക്ഷികൾ കെട്ടിവച്ച ദുർവഹമായ സകല ചുമടുകളെയും അവർ നിരാകരിച്ചുവന്നു. 1931-ൽ അവർ സഖലിതകക്ഷികൾക്കു യുദ്ധക്കടം കൊടുക്കേണ്ടതില്ലെന്നു തീരുമാനിച്ചു. ഇതര മഹാശക്തികളെപ്പോലെയുള്ള സ്ഥാനം സർവ്വരാജ്യസഖ്യത്തിൽ ജെർമ്മനിക്കും ലഭിക്കണമെന്നായിരുന്നു അവരുടെ രണ്ടാമത്തെ വാദം. അക്കാൎയ്യം അനുവദിച്ചുകിട്ടായ്കയാൽ 1931_ൽ അവർ സഖ്യത്തിൽനിന്നുമാറി. 1932_ലും 1933_ലും മഹാശക്തികളുടെ ആയുധസജ്ജീകരണം കുറവുചെയ്യണമെന്നു സർവ്വരാജ്യസഖ്യം തീരുമാനിച്ചപ്പോൾ ജെർമ്മനി അതു വകവയ്ക്കാതെ, കരസൈന്യത്തേയും നാവികസൈന്യത്തേയും വിമാനസൈന്യത്തേയും വളരെ അധികം വർദ്ധിപ്പിച്ചു. 1936_ൽഹിററ്ലർ റൈൻ പ്രദേശം ഫ്രഞ്ചുകാരുടെ കൈയിൽനിന്നും പിടിച്ചെടുത്തു. തദനന്തരം 1938_ൽ ഹിററ്ലർ ആസ്ത്രീയാരാജ്യം പിടിച്ചെടുത്തു് ജെർമ്മനിയോടുചേൎത്തു. ഇതിനു "ആൻഷ്ലസ്" എന്നു പറയുന്നു. ഇതേ അവസരത്തിൽതന്നെ ഇററലിയും ജപ്പാനും സഖ്യത്തോടു പിണങ്ങിനിൽക്കുകയായിരുന്നു.1937-ൽഈമൂന്നുരാജ്യക്കാർകൂടി അക്ഷപക്ഷസഖ്യം ചെയ്യുന്നതിനു കാരണം അവരും സർവ്വരാജ്യസഖ്യവും തമ്മിലുള്ള ഭിന്നതയായിരുന്നു. 1938 ൽ ഹിററ്ലർ ചെക്കോസ്ലോവാക്യ രാജ്യത്തിലേക്കു തന്റെ സൈന്യങ്ങളെ അയച്ചു. ആ രാജ്യത്തിലുള്ള ജെർമ്മൻകാരെ അവിടത്തെ ഗവൺമെൻറ് മർദ്ദിച്ചു എന്നുള്ള

കാരണമാണ് ആരോപിക്കപ്പെട്ടത്. ഈ പടനീക്കം മൂലം യൂറോപ്പിൽ വീണ്ടും യുദ്ധമുണ്ടാകുമെന്നുള്ള ഭീതി വൎദ്ധിച്ചു. അപ്പോൾ ബ്രിട്ടീഷ് പ്രധാനമന്ത്രി ആയ നെവിൽ ചേംബർലെയിൻ ഒരു സന്ധി ആലോചനയുമായി മ്യൂണിക്ക് (Munich) പട്ടണത്തിലേക്കു പറന്നു. (1938). ഈ ഉടമ്പടിയുടെ സാരം, പകുതിയിൽ കൂടുതൽ ജെർമ്മൻകാർ നിവസിക്കുന്ന സ്ഥാനങ്ങൾ ജെർമ്മനിക്കു ചെക്കോസ്ളോവാക്യ വിട്ടുകൊടുക്കുന്ന പക്ഷം ബാക്കി ഭാഗങ്ങളൊന്നും ഹിററ്ലർ അവകാശപ്പെടുകയില്ലെന്നായിരുന്നു. ബ്രിട്ടനും ഫ്റാൻസും ഇതിനു സാക്ഷികളുമായിരുന്നു. പക്ഷേ കഷ്ടിച്ചാറുമാസം കഴിയുന്നതിനു മുൻപിൽ ഹിററ്ലർ ചെക്കോസ്ളോവാക്യാരാജ്യം പിടിച്ചടക്കുകയും 1939-ൽ അയൽരാജ്യമായ പോളണ്ടു കൂടി ആക്രമിക്കുകയും ചെയ്തു.

മിന്നൽ രീതിയിലുള്ള ജെർമ്മനിയുടെ ഈ ആക്രമണനയം ഫ്റഞ്ചുകാൎക്കും ഇംഗ്ലീഷുകാൎക്കും ഭീതിയുളവാക്കുകയാൽ, 1939 സെപ്റ്റംബർ 3-ാംതീയതി അവർ പോളണ്ടിന്റെ ഭാഗത്തുചേൎന്നു ജെർമ്മനിയോട് യുദ്ധപ്രഖ്യാപനം ചെയ്യുവാനിടയായി. ഇങ്ങനെയാണ് രണ്ടാമത്തെ ലോകമഹാസമരം ആരംഭിച്ചത്.

[ബി.) യുദ്ധത്തിന്റെ പ്രഥമഘട്ടം (1940-41]

ജൎമ്മനിയുടെ പ്രാരംഭവിജയങ്ങൾ

യുദ്ധം ആരംഭിച്ചശേഷം രണ്ടുകൊല്ലത്തേക്കു ഹിററ്ലർ വലിയ പരാക്രമങ്ങൾ പ്രകടിപ്പിക്കുകയും, അയാൾ അഞ്ചാറുകൊല്ലമായി സംഭരിച്ചുവച്ചിരുന്ന സൈനിക വെടിക്കെട്ടിന്റെ ഭൂരിഭാഗവും പ്രദർശിപ്പിക്കുകയും ചെയ്തു. ഇതിനിടയിൽ അയാൾ പോളണ്ട്, ഡെന്മാൎക്ക്, നോർവേ, ഹോളണ്ട്, ബൽജിയം, ഫ്റാൻസ് ഇത്രയും രാജ്യങ്ങൾ ഒന്നിനു പിറകെ ഒന്നായി പിടിച്ചെടുത്തു.

ഹിററ്ലറുടെമിത്രമായിരുന്ന മുസ്സോലിനിയാകട്ടെ, 1910 വരെ ക്ഷമിച്ചിരുന്നശേഷം യുദ്ധത്തിൽ പ്രവേശിച്ചു്, ഗ്രീസുരാജ്യം ആക്രമിച്ചു. പക്ഷെ ഉത്തരാഫ്രിക്കയിൽ ആദ്യം പ്രവേശിച്ചു് ബ്രിട്ടീഷ് സംരക്ഷണയിലിരുന്ന ഈജിപ്റ്റ്രാജ്യം പിടിച്ചെടുക്കുവാൻ അയാൾ നടത്തിയ പരിശ്രമം വിഫലമാക്കുകതന്നെ ചെയ്തു. എന്നുതന്നെയുമല്ല, ഇററലിക്കു് അവിടെ ഉണ്ടായിരുന്ന എത്തിയോപ്യൻ സാമ്രാജ്യനാശത്തിനുപോലും അതു കാരണമായിത്തീന്നു. ഇററലിയിൽ യുദ്ധം നയിച്ച സേനാനായകൻ ജനറൽ വേവൽ ആയിരുന്നു.

1910-ാമാണ്ടു് വിൻസ്റ്റൻചച്ച്ിൽബ്രിട്ടീഷ്ഭരണസാരഥ്യം ഏറെറടുത്തതുമുതൽ അദ്ദേഹം ബ്രിട്ടീഷ് നാവികസേനയേയും വിമാനസേനയേയും ശക്തിമത്തായി പുനസ്സംഘടിപ്പിക്കുകയുണ്ടായി. തന്മൂലം പല ജമ്മൻകപ്പലുകളെ മുക്കി നശിപ്പിക്കുന്നതിനും, ജമ്മൻവിമാനപ്പടയോടു് വിജയകരമായി യുദ്ധംചെയ്തു് ബ്രിട്ടനെ സംരക്ഷിക്കുന്നതിനും ബ്രിട്ടീഷുകാക്കു സാധിച്ചു.

ഇതിനിടയിൽ ജമ്മൻകാക്കു് സ്വന്തരാജ്യത്തിലുണ്ടായിരുന്ന പെട്രോളും മണ്ണെണ്ണയും തീർന്നുപോയി. വിമാനസേനയ്ക്കും മോട്ടോർവാഹനങ്ങൾക്കും നാവികസേനയ്ക്കും അത്യാവശ്യമായ ഈ ധാതുദ്രവ്യം ലഭിക്കുന്നതിനുവേണ്ടി, അവർ റഷ്യയെ ആക്രമിച്ചു. റഷ്യൻസേനയുടെ സംഖ്യാബലവും രണശൂരതയും വിശ്വസ്തബുദ്ധിയും കൂടാതെ, റഷ്യൻശീതകാലത്തിന്റെ ഉഗ്രതമൂലവും ജമ്മനിക്കു് ആ പ്രദേശങ്ങളിൽ വേഗത്തിൽ വിജയം സിദ്ധിച്ചു. 1941-ന്റെ ആരംഭമായപ്പോഴേക്കു് ജമ്മൻ വിജയങ്ങളുടെ നല്ലകാലം കഴിയുകണ്ടായ.

(സി) യുദ്ധത്തിന്റെ ദ്വിതീയഘട്ടം.

ജപ്പാനും അമേരിക്കയും യുദ്ധത്തിൽ ചേരുന്നതു്. (1941)

കമ്മ്യൂണിസ്റ്റ് റഷ്യയുടെ രംഗപ്രവേശത്തോടുകൂടി അവരെ ആത്മാത്ഥമായി സഹായിക്കേണ്ട ചുമതല ബ്രിട്ടീഷ്

കാൎക്കും ഫ്റഞ്ചുകാൎക്കും വന്നുചേൎന്നു. എന്നാൽ ബ്രിട്ടീഷ് കാൎക്കുതന്നെയും വളരെ യുദ്ധസാമഗ്രികളും പണവും വേണ്ടിയിരുന്നതുകൊണ്ട് അവർ യു. എസ്സ്. ഏയിൽ നിന്നും ആ വക സാമാനങ്ങൾ കടം എടുത്തുതുടങ്ങി. അമേരിക്കൻ ജനപ്രതിനിധിസഭ 1941-ൽ പാസ്സാക്കിയ പാട്ടവായ്പബിൽ (Lease Lend Biil) എന്നൊരു നിയമം മൂലമാണു ഈ സഹകരണം ഐക്യകക്ഷികൾക്കു നൾകിയതു്. യു. എസ്സ്. ഏ. യുടെ ഈ സഹകരണവാഗ്ദാനം അക്ഷപക്ഷത്തിനു് വളരെ ശല്യമുണ്ടാക്കുകയാൽ, 1941-ാമാണ്ടു് ഡിസംബർ മാസത്തിൽ ജപ്പാൻ, യാതൊരു മുന്നറിവും കൂടാതെ, അമേരിക്കയുടെ വകയായ ഹാവായി ദ്വീപിലെ, പേൾ തുറമുഖത്തു ബോംബിടുകയും അവിടെയുണ്ടായിരുന്ന അസംഖ്യം പടക്കപ്പലുകൾ നശിപ്പിക്കുകയും ചെയ്തു. ഇതുവരെ നേരിട്ടു യുദ്ധത്തിൽ പങ്കെടുക്കാതിരുന്ന യു. എസ്സ്. ഏ-യെ ദ്വിതീയ ലോകമഹായുദ്ധത്തിൽ നേരിട്ടിറക്കുന്നതിനു ജപ്പാൻെറ ഈ സഹസകൃത്യം വളരെ ഉപകരിച്ചു. ഏതായാലും വളരെക്കാലമായി ജപ്പാൻകാർ നിർവഹിച്ചുവന്നിരുന്ന സൈനികവിഭവ ശേഖരങ്ങളുടെ ഫലമായി, അവൎക്കു്, കിഴക്കേ ഏഷ്യയിലുള്ള ഫിലിപ്പൈൻ, സിംഗപ്പൂർ, മലയാ, ബർമ്മാ മുതലായ സ്ഥലങ്ങളെല്ലാം കുറേക്കാലത്തേയ്ക്കു കൈയടക്കി ഭരിക്കുവാൻ സാധിച്ചു.

(ഡി) യുദ്ധത്തിൻെറ തൃതീയഘട്ടം.

ഇററലിയുടെയും ജൎമ്മനിയുടെയും പരാജയം 1942—1945

അണയാററായ ദീപത്തിൻെറ പ്രഭാപൂരംപോലെ 1942—ൽ അക്ഷപക്ഷക്കാർ വളരെ ധീരതയോടുകൂടി യുദ്ധംചെയ്തു. ഉത്തരാഫ്റിക്കയിൽ അവൎക്കു മുൻപു പല പരാജയങ്ങൾ അനുഭവപ്പെട്ടുകൊണ്ടിരുന്ന സ്ഥലങ്ങളിലെല്ലാം, ഇപ്പോൾ അവൎക്കു വിജയം സിദ്ധിച്ചു. റഷ്യയിൽ അവർ വളരെ മുൻപോട്ടുകയറി, സ്റ്റലിൻഗ്രാഡ് വരെ ചെന്നു, ജപ്പാനാണെങ്കിൽ, തെക്കു് ആസ്ത്രേലിയൻ തീരം

വരെ ആക്രമണം നടത്തുകയും കിഴക്ക് ആസ്സാംതീരംവരെ കൈവശപ്പെടുത്തുകയും ചെയ്തു.

പക്ഷേ ഇതിനകം ആംഗ്ലോ അമേരിക്കൻ ഫ്റഞ്ചുശക്തികഠം അവരുടെ സൈനികവിഭവങ്ങഠം പൂർണ്ണമായി സംഭരിക്കുകയും സംഘടനകഠം പൂർത്തിയാക്കുകയും ചെയ്തു. അവർ ഉത്തരാഫ്റിക്കയിൽനിന്നും അക്ഷപക്ഷസേനയെ തുരത്തി. പശ്ചിമ സമരമുഖത്തിലും അവർ വിജയപൂർവം പോരാട്ടുകയുണ്ടായി. 1944_ൽ സഖ്യകക്ഷികഠം ഇററലിയിൽകയറി, റോമാനഗരംപിടിച്ചെട്ടത്തതോട്ടകൂടി, ഇററലികീഴടങ്ങുകയുണ്ടായി. റഷ്യയിൽപ്രവേശിച്ചിരുന്ന ജമ്മൻ സേനയെ 1943-ൽതന്നെഅവർ ബഹിഷ്ക്കരിച്ചിരുന്നതാണ്. 1944-ാമാണ്ടിൽ ഐക്യകക്ഷികഠം ജമ്മനിയിൽ പ്രവേശിച്ചു. ഇതേ ആണ്ടിൽതന്നെ ഫ്റാൻസിൽ പ്രവേശിച്ചിരുന്ന ജർമ്മൻ സേനയേയും അവർ തിരിച്ചയച്ചു. 1945-ാമാണ്ടായപ്പോഴേക്കു യൂറോപ്പിലുള്ള സകല സമരരംഗങ്ങളിൽ നിന്നും അക്ഷപക്ഷക്കാർ തോറേറാടേണ്ടതായിവന്നു. അതേ അവസരത്തിൽതന്നെ ഹിററ്ലരും മുസ്സോലിനിയും ശത്രുഹസ്തങ്ങഠംക്കിരയായി. അതോട്ടകൂടി വിജയകക്ഷികഠം യാഠംട്ടാ എന്ന ക്രമിയൻ പ്രദേശത്തിൽ സമ്മേളിക്കുകയും, അനന്തര നടപടികളെപ്പററിയുള്ള ആലോചനകഠം ആരംഭിക്കുകയും ചെയ്തുകഴിഞ്ഞു. ഈ ഘട്ടത്തിൽ പേരെടുത്ത ജെമ്മൻ സേനാനായകൻ റോമലും, ബ്രിട്ടീഷ് സേനാനായകൻ മോണ്ടുഗോമറിയും അമേരിക്കൻ സേനാനായകൻ ഐസൻഹവരും ആയിരുന്നു.

(ഇ) യുദ്ധത്തിൻെറ ചതുർത്ഥഘട്ടം [1945]

ജപ്പാൻെറ പരാജയം

അക്ഷപക്ഷകക്ഷികളിൽ ഇനിയും തോൽക്കാതെ അവശേഷിച്ചിരുന്നതു ജപ്പാൻ മാത്രമായിരുന്നു. അമേരിക്കരുടെ ബദ്ധശത്രുവായിരുന്ന ജപ്പാൻകാരെ തോല്പിക്കുന്നതിനുവേണ്ടി അവർ ഭഗീരഥപ്രയത്നം ചെയ്തു. യാതൊരു മുന്നറിവുംകൂടാതെ ജപ്പാൻ പിടിച്ചടക്കിയിരുന്ന പസഫി

ക്ക ദ്വീപുകളെയെല്ലാം, അമേരിക്കൻ സേനാനായകനായ മക്കാർതർ തിരിച്ചെടുത്തു. ബർമ്മായിൽനിന്നും ജപ്പാൻകാരെ തോല്പിച്ചുവിട്ടതു് മൗണ്ട്ബാററൻ എന്ന ബ്രിട്ടീഷ് സേനാനായകനായിരുന്നു. അതുകൊണ്ടൊന്നും ജപ്പാൻ തോൽവി സമ്മതിക്കായ്കയാൽ, അമേരിക്കാക്കാർ ഹിരോഷിമോ, നാഗസാക്കി എന്ന ജാപ്പ് പട്ടണങ്ങളുടെമേൽ ആററംബോംബു വർഷിച്ചു. ഈ നശീകരണ പദ്ധതിമൂലം അനേകലക്ഷം ജനങ്ങൾ മൃതിയടഞ്ഞു. അപ്പോൾ ഗത്യന്തരമില്ലാതെ ജപ്പാനും കീഴടങ്ങി. അങ്ങനെ രണ്ടാം ലോകമഹായുദ്ധവും അവസാനിച്ചു.

(എഫ്) യുദ്ധത്തിൻെറ ഫലങ്ങൾ.

(1) ഈ യുദ്ധത്തിൽ മരണം പ്രാപിക്കുകയോ അപായകരമായ അപകടങ്ങൾ ഏൽക്കുകയോ ചെയ്തിട്ടുള്ളവരുടെ സംഖ്യ 50 മില്യൻ അഥവാ 5 കോടിയാണ്. ക്ഷാമബാധകൊണ്ടും രോഗബാധകൊണ്ടും മരണംപ്രാപിച്ചവരുടെ സംഖ്യ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

(2) അനേകമനേകം കോടി രൂപാ വിലയുള്ള വസ്തുവകകളും ഭവനങ്ങളും, യന്ത്രസാമഗ്രികളും, കപ്പലുകൾ വിമാനങ്ങൾ മോട്ടാർവാഹനങ്ങൾ മുതലായവയും, ഈ യുദ്ധത്തിൽ നശിച്ചുപോയിട്ടുണ്ട്. ആററംബോംബ് ഉൾപ്പെടെയുള്ള വിവിധതരം നശീകരണ യുദ്ധോപകരണങ്ങളുടെ ഉപയോഗം മൂലമാണ് ഇത്ര വമ്പിച്ച നഷ്ടങ്ങൾ സംഭവിക്കുവാനിടയായതു്.

(3) ഭാവിയിൽ ഏതാദൃശ മഹാനാശങ്ങൾക്ക കാരണമായ മഹായുദ്ധങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി, വിജയകക്ഷികൾ (United Nations Organisation U. N. O.) ഐക്യരാഷ്ട്രസമിതി അഥവാ യു. എൻ. ഒ. എന്ന പേരിൽ ഒരു രാജ്യാന്തര സംഘടന സ്ഥാപിച്ചിട്ടുണ്ട്. ന്യൂയോക്കിൽ നിന്നും 25 മൈൽ അകലെ സ്ഥിതിചെയ്യുന്ന ലേക്ക്സക്സസ് എന്ന സ്ഥലമാണ് ഇതിൻെറ ആസ്ഥാനം. ജ

നകീയ സ്വാതന്ത്ര്യവും ലോകസമാധാനവും കൈവരുത്തു വാൻവേണ്ടിയാണു് ഈ സംഘടന സ്ഥാപിക്കപ്പെട്ടിട്ടുള്ള തു്.

അദ്ധ്യായം 11

ഐക്യരാഷ്ട്രസംഘടന

(United Nations Organisation)

പ്രഥമലോകമഹായുദ്ധം കഴിഞ്ഞശേഷം ലോകത്തിൽ സമാധാനവും ശാന്തിയും പുലത്തുന്നതിനുവേണ്ടിഅന്നത്തെ വിജയകക്ഷികഠം ഒരു സവ്വരാജ്യസഖ്യംസ്ഥാപിച്ചു എന്നും, ഒടുവിലതു നാമാവശേഷമായി തീൻ എന്നും മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. "ചരിത്രം ആവത്തിക്കപ്പെടുന്നു" എന്നൊരു പഴഞ്ചൊല്ലുണ്ടു്. രണ്ടാം ലോകമഹായുദ്ധത്തി ലെ വിജയ കക്ഷികഠം ഭാവി ലോകസമാധാനത്തെ ഉദ്ദേ ശിച്ചു് മുൻപറഞ്ഞ രീതിയിൽ സ്ഥാപിച്ച രാജ്യാന്തരസം ഘടനയത്രെ ഐക്യരാഷ്ട്രസംഘടന. ഇതിനെ യു. എൻ. ഓ. എന്നും യൂണോ എന്നും ചുരുക്കിപ്പറയാറുണ്ടു്.

ഈ സംഘടനയുടെ ഉൽഘാടനത്തിൽ മുൻകൈ എ ടുത്തു പ്രവത്തിച്ചതു് യു. എസ്. ഏ. പ്രസിഡണ്ടന്മാരായ ഫ്രാങ്കിളിൻ റൂസ്വെൽററും, ഹാരി ട്രൂമാനുമാണു്. സ വ്വരാജ്യസഖ്യത്തിൻെറ ആരംഭംമുതൽ, അതിൽനിന്നു ഒഴി ഞ്ഞുമാറി നിന്നിരുന്ന അമേരിക്കർ ഈ നവീന ലോകസം ഘടനയിൽ മുൻകൈ എടുത്തുകാണുന്നതു് ശുഭോദക്കമാ ണു്. ഈ ഐക്യരാഷ്ട്രസംഘടനയുടെ അടിസ്ഥാനതത്വ ങ്ങഠം, അററ്ലാൻറിക് ചാർട്ടർ എന്ന സുപ്രസിദ്ധ പ്രഖ്യാ പനത്തിൽ അടങ്ങിയിരിക്കുന്നവയാണു്. ബ്രിട്ടീഷ് അ മേരിക്കൻ മഹാശക്തികളുടെ പ്രതിനിധികളായ ചർച്ചി ലും റൂസ്വെൽററും 1942-ാമാണ്ടിൽ അററ്ലാൻറിക്കുസ

മുദ്രത്തിൽവച്ചു നടത്തിയ ഒരു കൂടിക്കാഴ്ചയ്ക്കുശേഷമത്രെ ഈ പ്രഖ്യാപനം നടത്തിയിട്ടുള്ളതു്. ലോകത്തിലുള്ള സകല രാഷ്ട്രങ്ങൾക്കും, ആശയപ്രകടനം, ഈശ്വരാരാധന, സാമ്പത്തികഭദ്രത, രാഷ്ട്രീയസമാധാനം എന്നീ നാലുവിഷയങ്ങളിൽ പൂർണ്ണസ്വാതന്ത്ര്യം വരുത്തുകയാണു് തങ്ങളുടെ യുദ്ധാനന്തരനയമെന്നാണു് ഈ മഹാശക്തികളുടെ പ്രതിനിധികൾ അന്നു ചെയ്ത സംയുക്തപ്രസ്താവന. 1945—ൽ യുദ്ധം മിക്കവാറും അവസാനിക്കാറായ അവസരത്തിൽ, ദക്ഷിണറഷ്യയിലുള്ള യാൾട്ടാ എന്ന സ്ഥലത്തു് മേല്പറഞ്ഞ രണ്ടു് ആംഗ്ലോ അമേരിക്കൻ നേതാക്കന്മാരും, യു. എസ്. എസ്. ആർ. പ്രധാനമന്ത്രിയായ സ്റ്റാലിനും കൂടി സമ്മേളിക്കുകയും, യുദ്ധാനന്തരലോകസംവിധാനത്തെപ്പററിയുള്ള തങ്ങളുടെ ആശയങ്ങൾ പരസ്പരം വിനിമയം ചെയ്യുകയും ചെയ്തു. അതിന്റെ ഫലമായി 1945 ഏപ്രിൽമാസത്തിൽ അമേരിക്കയിൽ സാൻഫ്റാൻസിസ്കോ നഗരത്തിൽവച്ചു്, വിജയപക്ഷത്തിലുള്ള രാജ്യപ്രതിനിധികൾ ഒരു സമ്മേളനം നടത്തുകയുണ്ടായി. ഈ സമ്മേളനം നടക്കുന്ന അവസരത്തിലേയ്ക്കു പ്രസിഡണ്ടു റൂസ്‌വെൽററ് ചരമമടഞ്ഞതുകൊണ്ടു് അദ്ദേഹത്തിന്റെ അനന്തരഗാമിയായ ഹാരി ട്രൂമാനാണു് അമേരിക്കയുടെ പ്രതിപുരുഷനെന്ന നിലയിൽ അന്നുമുതൽ യൂണോയുടെ വിജയത്തിനുവേണ്ടി പലതും പ്രവർത്തിച്ചുവരുന്നതു്.

യൂണോയുടെ ഭരണഘടന പല കാര്യങ്ങളിലും സർവ്വരാജ്യസഖ്യത്തിന്റേതുപോലെയാണു്. അതിനു ഒരു അസംബ്ലിയും, ഒരു കൗൺസിലും ഒരു സെക്രട്ടേറിയേററും, ഒരു രാജ്യാന്തരകോടതിയും, ഒരു സാമൂഹ്യസാമ്പത്തിക കൗസിലും ഉണ്ടു്. അവയിൽ ഓരോന്നും നിർവ്വഹിക്കുന്ന ജോലികളെപ്പററി ചുരുക്കമായി താഴെ വിവരിക്കുന്നു.

ഐക്യരാഷ്ട്രസമിതിയുടെ അസംബ്ലിയിൽ ഇപ്പോൾ 52 അംഗങ്ങളുണ്ടു്. ഓരോ രാജ്യത്തിനും ഓരോ വോട്ടുവീതം ലഭിക്കുന്നു. ജപ്പാൻ, ഇററലി, ജർമ്മനി എന്നീ രാജ്യക്കാർക്കു ഇപ്പോൾ അംഗത്വം അനുവദിച്ചിട്ടില്ല. യുദ്ധാ സാ

ഹചര്യങ്ങൾ പൂർണ്ണമായി മാറുമ്പോൾ അവരേയും സ്വീകരിച്ചേക്കാം. ലോകത്തിന്റെ സമാധാനപരമായ സഹകരണത്തേയും അഭിവൃദ്ധിയേയും പറ്റി ആലോചിക്കുകയാണ് അസംബ്ലിയുടെ കർത്തവ്യം. ആണ്ടിലൊരിക്കലാണ് യൂഎന്നോയുടെ അസംബ്ലി സമ്മേളിക്കുന്നതു്. ആവശ്യമെന്നു കണ്ടാൽ അതിൽ കൂടുതൽ തവണയും അസംബ്ലി വിളിച്ചുകൂട്ടാവുന്നതാണ്. അതിനു സ്ഥിരമായ പ്രസിഡണ്ടില്ല. ഓരോ സമ്മേളനവും ഓരോ പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുകയാണു പതിവ്. മൂന്നിൽ രണ്ടുഭാഗം വോട്ടു കിട്ടുന്ന പ്രമേയങ്ങൾമാത്രം പാസ്സാക്കപ്പെട്ടതായി പരിഗണിക്കപ്പെടുന്നു.

ഐക്യരാഷ്ട്രസമിതിയുടെ കൗൺസിലിൽ 11 അംഗങ്ങളുണ്ട്. അവയിൽ ചൈനാ, ഫ്രാൻസ്, ബ്രിട്ടൻ, റഷ്യ, യു. എസ്സ്. ഏ. എന്നീ അഞ്ചുരാജ്യങ്ങൾ സ്ഥിരാംഗങ്ങളാണ്. ബാക്കി അംഗങ്ങളെ രണ്ടുവർഷക്കാലത്തെ അവധിക്കു തെരഞ്ഞെടുക്കുന്നു. ഈ കൗൺസിലിന്റെ ചുമതലയത്രെ ലോകസമാധാനം ഭദ്രമായി പരിപാലിക്കേണ്ടതു്. ആകയാൽ ഇതിനു (Security Council) രക്ഷാസമിതിയെന്നും പേരുണ്ട്. 11-ൽ 7 വോട്ടു ലഭിക്കുന്ന പ്രമേയങ്ങൾ പാസ്സാക്കപ്പെട്ടതായി സാധാരണ ഗണിക്കപ്പെടുന്നു. സ്ഥിരാംഗങ്ങളിൽ ആരെങ്കിലും പ്രതികൂലിക്കുന്ന പ്രമേയം ഈ കൗൺസിലിൽ പാസ്സാക്കുവാൻ സാധിക്കുകയില്ല. തന്മൂലം രക്ഷാസമിതിമൂലം ലോകസമാധാനം സുരക്ഷിതമാക്കുവാൻ സാധിക്കാതെയാണ് ഇപ്പോൾ ഇരിക്കുന്നതു്. ലോകസമാധാനത്തെ സാരമായി സ്പർശിക്കുന്ന പല പ്രമേയങ്ങളും ഇപ്പോൾ രക്ഷാസമിതിയിൽ തള്ളപ്പെട്ടുപോകുന്നതു് റഷ്യയുടെ പ്രതികൂല വോട്ടു (Veto) മൂലമത്രെ.

ഐക്യരാഷ്ട്രസമിതിയുടെ ആഭിമുഖ്യത്തിലുള്ള സാർവ്വദേശീയ കോടതിയിൽ 15 ജഡ്ജിമാരുണ്ട്. അവരെ തെരഞ്ഞെടുക്കുന്നതു് അസംബ്ലിയിൽനിന്നത്രെ. ഓരോ അംഗരാജ്യങ്ങൾ തമ്മിലുണ്ടാകുന്ന കേസുകൾ വിചാരണ ചെയ്തു തീരുമാനിക്കുകയാണ് ഈ കോടതിയുടെ ജോലി.

Social & economic

ഐക്യരാഷ്ട്രസമിതിയുടെ സാമൂഹ്യസാമ്പത്തിക കൌൺസിലിൽ 18 അംഗങ്ങളുണ്ട്. ഇതിന്റെ അദ്ധ്യക്ഷൻ ഒരു ഭാരതീയ നേതാവായ സർ. എ. രാമസ്വാമി മുതലിയാരാണ്. ഈ കൌൺസിലിന്റെ ആഭിമുഖ്യത്തിൽ ഒരു ലോകബാങ്കുണ്ട്- അത് സാർവ ലൌകിക പണമിടപാടുകൾ നടത്തുന്നു. ലോകമാസകലമുള്ള ഭക്ഷ്യവിതരണം, വിമാനയാനം, വിദ്യാഭ്യാസം, ശാസ്ത്രാഭിവൃദ്ധി, സംസ്ക്കാരപരിപോഷണം ഇവയെപ്പററി പര്യാലോചനകൾ നടത്തുന്നതു് ഈ കൌൺസിലിൽ ആണു്.

ഈ ഐക്യരാഷ്ട്രസംഘടനയ്ക്കുള്ള ചില ന്യൂനതകളും ഇവിടെ വിസ്മരിക്കുവാൻപാടുള്ളതല്ല. ആദ്യമായി പറയുവാനുള്ള ന്യൂനത, അതിൽ ഇററലിക്കും ജർമ്മനിക്കും സ്ഥാനം അനുവദിക്കാത്തതാണു്. ഈ രണ്ടു വിദഗ്ദ്ധവ്യാവസായിക ജനപദങ്ങളുടെ സേവനവും സഹകരണവും സിദ്ധിക്കാത്ത ഒരു ലോകസംഘടന, സാക്ഷാൽ അതിന്റെ പേരിനെ അന്വർത്ഥമാക്കുന്നില്ല. രണ്ടാമത്തെ ന്യൂനത, സ്ഥിരാംഗങ്ങളുടെ പ്രതികൂലവോട്ടുമൂലം സാരമായ യാതൊരു പ്രവർത്തനവും നടത്തുന്നതിനു ഐക്യരാഷ്ട്രസമിതിക്കു ശക്തിയില്ലാതെ പോകുന്നു എന്നുള്ളതാണു്. മൂന്നാമതായി ഇതിൽ ചൂണ്ടിക്കാണിക്കുവാനുള്ള ന്യൂനത, ഓരോ അംഗരാജ്യങ്ങൾക്കും പരമാധികാരമുണ്ടെന്നുള്ള മിഥ്യാസങ്കല്പമാണു്. സാക്ഷാൽ ഐക്യരാഷ്ട്രസംഘടനയിൽ ഇപ്പോൾ നടക്കുന്നതു്, ആംഗ്ലോ അമേരിക്കൻ കക്ഷി ഒരു വശത്തും, റഷ്യ എതിർവശത്തും നടത്തുന്ന രാഷ്ട്രീയപോരാണു്. ഈ അഭിപ്രായവ്യത്യാസംമൂലമാണു് യുദ്ധാനന്തരസമാധാനവ്യവസ്ഥകൾ നടപ്പിലാകാത്തതു്. ഈ ഒളിപ്പോരിൽ ഓരോ ഭാഗത്തു ചേരുന്നതിനുള്ള ശക്തിമാത്രമേ ഇതര അംഗരാജ്യങ്ങൾക്കുള്ളു. ഈ സ്ഥിതി അനിയന്ത്രിതമായി തുടരുന്നപക്ഷം തൃതീയലോകമഹായുദ്ധം വളരെ അടുത്തുതന്നെ ഉണ്ടാകുന്നതാണു്.

കൊറിയൻ യുദ്ധം.

യുണോയുടെ ആഭിമുഖ്യത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രധാന സംഭവമാണു് കൊറിയൻ സമരം.

കൊറിയാ ഉപദ്വീപു്, പഴയ ചൈനീസ് സാമ്രാജ്യത്തിലെ ഒരു ഭാഗമായിരുന്നു. വടക്കെ കൊറിയാ, റഷ്യയുടെ അധീനത്തിലും, തെക്കെ കൊറിയാ അമേരിക്കരുടെ അധീനത്തിലും ഇരുന്ന അവസരത്തിലാണു് ദ്വിതീയ സമരത്തിൽ രണ്ടുകൂട്ടരുടെയും പൊതുശത്രുവായിരുന്ന ജപ്പാൻ കീഴടങ്ങിയതു്. അവ തമ്മിലുള്ള അതിരു 38-ാം അക്ഷാംശ രേഖയായിരുന്നു. ഇരുകൂട്ടരും സമാധാന ഉടമ്പടി ഉണ്ടാകുന്നതുവരെ ഈ അതിരു കടക്കരുതെന്നായിരുന്നു അക്കാലത്തെ തീരുമാനം. പക്ഷേ 1950 ജൂൺ 25-ാം നു- വടക്കെ കൊറിയായിലെ പട്ടാളക്കാർ ദക്ഷിണ കൊറിയായെ ആക്രമിച്ചു.

യുണോയുടെ രക്ഷാസമിതി സമ്മേളിച്ചപ്പോൾ ഈ പ്രവൃത്തി ഒരു സമാധാന ലംഘനമാണെന്നു് അവർ പ്രഖ്യാപനം ചെയ്തു. അതിനെ തുടർന്നു ജൂൺ 27-ാംനു- സമാധാന സ്ഥാപനത്തിനായി, യുണോ, ഉത്തര കൊറിയായുടെ പേരിൽ ഒരു യുദ്ധം പ്രഖ്യാപനം ചെയ്തു. പ്രസിഡണ്ടു ട്രൂമാൻ, അമേരിക്കൻ വിമാനസേനയും നാവികസേനയും ഇക്കാര്യത്തിനുവേണ്ടി നിയോഗിക്കയും, യുണോയുടെ ഇതര അംഗരാജ്യങ്ങളുടെ സഹായം അപേക്ഷിക്കുകയും ചെയ്തു. ഐക്യരാഷ്ട്രങ്ങളുടെ സർവ്വസൈന്യാധിപനായി പ്രസിഡണ്ടു ട്രൂമാൻ, ജനറൽ മക്കാർതറെ തന്നെ നിയോഗിക്കുകയുമുണ്ടായി. യുദ്ധത്തിൽ രണ്ടുപക്ഷവും 38-ാം അക്ഷാംശത്തെ കടന്നും, അതിൽ നിന്നും പിൻവാങ്ങിയും വരുന്നു. യുദ്ധം നിർണ്ണായകഘട്ടത്തിൽ എത്തിയിട്ടില്ല. യുദ്ധത്തിൽ ഐക്യരാഷ്ട്രസേനയ്ക്കു പരാജയം സംഭവിക്കുന്ന ലക്ഷണം കണ്ടപ്പോൾ, ആററംബോംബു ഉപയോഗിക്കുന്നതിനുള്ള പ്ലാൻ, ട്രൂമാൻ പുറപ്പെടുവിച്ചു. ബ്രിട്ടൺ, ഇൻ

ഡ്യാതുടങ്ങി പല അംഗരാജ്യങ്ങൾക്കും ആ അഭിപ്രായം രുചിച്ചിട്ടില്ല. കൊറിയൻ യുദ്ധത്തെ ഒരു (Local war) പ്രാദേശിക സമരമായി നിലനിറുത്തിക്കൊണ്ടു പോകണമെന്നാണ് യൂണോയിൽ ഭൂരിപക്ഷ സാമാജികന്മാരുടെ അഭിമതം. ഈ അഭിപ്രായത്തോടു യോജിക്കാതെ സ്വന്ത അഭിപ്രായങ്ങൾ പുറപ്പെടുവിച്ചു എന്ന കാരണത്താൽ 1951 ഏപ്രിൽ മാസത്തിൽ ജെനറൽ മക്കാർതറിനെ പ്രസിഡണ്ടു ട്രൂമാൻ അമേരിക്കയിലേക്കു തിരിയെ വിളിച്ചിരിക്കയാണ്. ആ സ്ഥാനത്തേക്കു സമർത്ഥനായ ലഫ്. ജനറൽ റിഡ്ജ്‌വെ എന്ന വേറൊരു സർവ്വസൈന്യാധിപൻ നിയമിതനായിരിക്കുന്നു. ഈ കൊറിയൻ യുദ്ധം മൂന്നാം ലോകമഹായുദ്ധത്തിന്റെ നാന്ദിയായിരിക്കുമെന്നുള്ള ഭയം പല സ്ഥാനങ്ങളിലും ഉള്ളതാണ്.

ദ്വിതീയ ലോകമഹാസമരം അവസാനിച്ച ഘട്ടത്തിൽ പ്രസിദ്ധനായ വെൻഡൽ വില്ക്കി എന്ന അമേരിക്കൻ മഹാൻ (One world) 'ഏക ലോകം' എന്നപേരിൽ ഒരു ഗ്രന്ഥം രചിച്ചു. എന്നാൽ ഇക്കാലത്തെ സ്ഥിതി അങ്ങനെ അല്ല. കോമിൻഫോറം സംഘടനയിൽ ഒരു 'ലോകവും' ഐക്യരാഷ്ട്രസംഘടനയിൽ വേറൊരു 'ലോകവും' കാണുന്നു. ഇവ തമ്മിൽ ഒരു സംഘട്ടനം കൂടാതെ നടക്കാമെന്നുണ്ടെങ്കിൽ മാത്രമേ ഭാവിലോകത്തിൽ യോജിപ്പും സമാധാനവും പുലരുകയുള്ളൂ.

"ലോകാസ്സമസ്താസ്സുഖിനോ ഭവന്തു." എന്നായിരിക്കട്ടെ നമ്മുടെ ആശംസ.

N. B.: പൊതുപ്രധാന്യമുള്ള ചില കാര്യങ്ങൾ.

ട്രൂമാൻ ഡോക്ട്രിൻ (Truman Doctrine)

1949 ജൂലൈ 22-ാംനു- പ്രസിഡണ്ടു് ട്രൂമാൻ ചെയ്ത ഒരു പ്രസ്താവനയിൽ ലോകോദ്ധാരണത്തിനുവേണ്ടി യു. എസ്. ഏ. സ്വീകരിച്ച 4 സുപ്രധാന വിദേശ നയങ്ങളെ ഊന്നിപ്പറഞ്ഞിരിക്കുന്നു. അവയെ ആണ്

ട്രൂമാൻ ഡോക്ട്രിൻ അഥവാ ട്രൂമാൻെറ ചതുർമുഖ പദ്ധതി (four pronged policy) എന്നു പറയുന്നതു്. അവ താഴെ പറയുന്നവയാണു്.

1) യു. എസ്സ്. എ, ക്യാനഡാ, പാശ്ചാത്യ യൂറോപ്യൻ രാഷ്ട്രങ്ങൾ, ഇവ ചേന്നു് ഒരു അററ്ലാൻറിക്കു് ഉടമ്പടി (Atlantic Pact) ചെയ്യണം. കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളുടെ ആക്രമണത്തെ ചെറുക്കുകയാണു് അതിൻെറ ഉദ്ദേശ്യം

2) പാശ്ചാത്യ യൂറോപ്യൻ രാജ്യങ്ങളുടെ സാമ്പത്തികോദ്ധാരണത്തിനുവേണ്ടി ഉദാരമായ ധനസഹായം ചെയ്യണം. 1949—50 വത്സരത്തിൽ 50 ബില്യൻ ഡോളറാണു് അമേരിക്കാ 16 പാശ്ചാത്യ യൂറോപ്യൻ ദേശങ്ങൾക്കായി വീതിച്ചുകൊടുത്തതു്. ഇതിനെ മാർഷൽ പദ്ധതി എന്നു വിളിക്കുന്നു.

3) ഐക്യരാഷ്ട്ര സമിതിയുടെ പ്രവത്തനത്തെ യു. എസ്. എ. കഴിയുന്നത്ര സഹായിക്കണം.

4) നാലാമത്തെ പദ്ധതി, സാമ്പത്തിക കഴിവുകൾ വേണ്ടത്ര വികസിച്ചിട്ടില്ലാത്ത ഇൻഡ്യാ മുതലായ പൌരസ്ത്യ രാജ്യങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി അമേരിക്കാ സഹായിക്കണം. അങ്ങനെ ചെയ്യുന്നതു്, ഡോളർ കടംകൊടുത്തുകൊണ്ടും, സാങ്കേതിക വിദഗ്ദ്ധോപദേശങ്ങൾ നൽകിക്കൊണ്ടുമാകണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. പൌരസ്ത്യദേശങ്ങളിൽ കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ നടത്തുന്ന സാമ്പത്തിക പരിശ്രമങ്ങളെ വിഫലമാക്കുന്നതിനുവേണ്ടിയാണു് അമേരിക്കാ ഈ പദ്ധതി സ്വീകരിച്ചിട്ടുള്ളതു്. ഇൻഡ്യയിലെ ജലസേചന പദ്ധതികളും കാർഷിക പരിഷ്ക്കാര പദ്ധതികളും വികസിപ്പിക്കുന്നതിനായിരിക്കും, ഈ അമേരിക്കൻ ധനസഹായം ഉപയോഗിക്കുന്നതു്.

അദ്ധ്യായം 11

കുറിപ്പുകൾ.

1942 അററ്ലാൻറിക്ക സമുദ്രത്തിൽ ആഗസ്റ്റാ എന്ന കപ്പലിൽവച്ചു 4 സ്വാതന്ത്ര്യങ്ങൾ പ്രഖ്യാപനം ചെയ്തു.

1945 യാൾട്ടാ കോൺഫറൻസ്

,, സാൻഫ്രാൻസിസ്കോ കോൺഫറൻസിൽ U. N. O. രൂപവൽക്കരിക്കപ്പെട്ടു.

1950 ജൂൺ 25 } ഉത്തരകൊറിയൻ സൈന്യം ദക്ഷിണകൊറിയ ആക്രമിച്ചു.
ജൂൺ 27 } യൂണോയുടെ യുദ്ധപ്രഖ്യാപനം.

1951 ഏപ്രിൽ മക്കാർതർ തിരിയെ വിളിക്കപ്പെട്ടു.

ലോകചരിത്ര
വീക്ഷണം

III

ആവർത്തനചോദ്യങ്ങൾ.

അദ്ധ്യായം 1.

1. നീരാവി, ഇലക്ട്രിസിററി, ഗ്യാസ് ഇവയുടെ ഉപയോഗംമൂലം മനുഷ്യരാശിയ്ക്കു് എന്തെല്ലാം സാമ്പത്തികപ്രയോജനങ്ങൾ ഉണ്ടായിട്ടുണ്ടു്?

2. ആധുനികകാലത്തു് വൈദ്യശാസ്ത്രസംബന്ധമായി ഉണ്ടായിട്ടുള്ള കണ്ടുപിടുത്തങ്ങൾ ഏവ? അതുകൊണ്ടുണ്ടായിട്ടുള്ള പ്രയോജനങ്ങളെ വിവരിക്കുക.

3. സിനിമാ കണ്ടുപിടിച്ചതാരു്? അതുമൂലം ലോകത്തിനുണ്ടായിട്ടുള്ള ഗുണങ്ങൾ ഏവ?

അദ്ധ്യായം 2.

1. ജനകീയഭരണം അഥവാ ഡിമോക്രസി എന്നാൽ എന്തു്? അതും ദേശീയബോധവും ഒരുമിച്ചു വികസിച്ചിട്ടുള്ള ആധുനിക പാശ്ചാത്യദേശങ്ങളുടെ പേരുകൾ പറയുക.

2. അമേരിക്കയിലേയും ബ്രിട്ടീഷ് സാമ്രാജ്യഘടകങ്ങളിലേയും ഡിമോക്രസികൾ തമ്മിലുള്ള വ്യത്യാസം എന്തു്?

3. ഇരുപതാം നൂററാണ്ടിൽ ജർമ്മനിയിലും ഇററലിയിലും ജനകീയതയ്ക്കു സംഭവിച്ച മാററങ്ങളെ വിവരിക്കുക.

4. ആസ്ത്രീയാ, ഹംഗറി, ടൎക്കി, റഷ്യാ ഈ രാജ്യങ്ങളിൽ ഇരുപതാം നൂററാണ്ടിൽ ജനകീയതയ്ക്കു് എന്തെല്ലാം മാററങ്ങൾ ഉണ്ടായി.

5. ഈ നൂററാണ്ടിൽ ദേശീയതയും ജനകീയതയും പൂൎണ്ണമായി സ്വീകരിച്ച പൌരസ്ത്യ രാജ്യങ്ങളേവ? അവയുടെ ഇപ്പോഴത്തെ സ്ഥിതി വിവരിക്കുക.

അദ്ധ്യായം 3.

1. പ്രഥമലോകമഹായുദ്ധത്തിൻെറ കാരണങ്ങൾ വിവരിക്കുക.

3. പ്രസ്തുത സമരത്തിലെ യുദ്ധരംഗങ്ങളേയും യുദ്ധഗതിയേയും കാലാനുക്രമരീതിയിൽ വിവരിക്കുക.

4. ആ യുദ്ധത്തിൻെറ താൽക്കാലികവും ശാശ്വതവുമായ ഫലങ്ങളെ വിവരിക്കുക.

5. വെഴ്സയി ഉടമ്പടിയുടെ ന്യൂനതകളെപ്പററിയും സർവരാജ്യസഖ്യത്തിൻെറ പരാജയകാരണങ്ങളെയുംപററി ഒരുപന്യാസമെഴുതുക.

അദ്ധ്യായം 4.

1. സർവാധിപത്യരാഷ്ട്രങ്ങൾ എന്നാലെന്തു്? അവ എങ്ങനെ ഉത്ഭവിച്ചു? അവയുടെ അധഃപതനം എങ്ങനെ സംഭവിച്ചു?

2. ടൎക്കിയിൽ കെമാൽപാഷ നടപ്പിലാക്കിയ പരിഷ്ക്കാരങ്ങളിൽ ഏതെല്ലാം സ്വീകാൎയ്യവും ഏതെല്ലാം ത്യാജ്യവുമാണെന്നു നിങ്ങൾ കരുതുന്നു? കാരണം പറയുക.

അദ്ധ്യായം 5.

1. മുസ്സോലിനിയുടെ രാഷ്ട്രീയജീവിതം വിവരിക്കുക.

3. വത്തിക്കാൻ ഉടമ്പടിമൂലം ഇററലിക്കു ലഭിച്ച നേട്ടങ്ങളേവ?

അദ്ധ്യായം 5.

1. യുദ്ധാനന്തരജർമ്മനിയിൽ ഹിററ്ലർ പ്രാബല്യം സമ്പാദിക്കുവാനുണ്ടായ ദേശീയ സാഹചര്യങ്ങളെ വിവരിക്കുക.

2. ഹിററ്ലരുടെ ഭരണനയത്തെ ഉദാഹരണസഹിതം വിശദീകരിക്കുക.

3. ഹിററ്ലർ കുറേക്കാലത്തേക്കു വിജയം കൈവരിക്കുന്നതിനുണ്ടായ സാഹചര്യങ്ങളേവ?

അദ്ധ്യായം 7.

1. റഷ്യൻ സോവിയററു വിപ്ലവത്തിന്റെ കാരണങ്ങളേവ? അവയെ വിഭജിച്ചു വിശദീകരിക്കുക.

2. ലെനിൻ, സ്റ്റാലിൻ ഇവരുടെ കീഴിൽ കമ്മ്യൂണിസ്റ്റു റഷ്യയിൽ നടപ്പിലായ പരിഷ്കാരങ്ങളെ പ്രതിപാദിക്കുക.

3. കോമിൻടേൺ, കോമിൻഫോം, First International കമ്മ്യൂണിസ്റ്റ് പ്രകടപത്രിക, ദേശീയസംവിധാനം ഇവയെപ്പററി നോട്ടുകുറിക്കുക.

അദ്ധ്യായം 8.

1. ആധുനിക ചൈനയിൽ പാശ്ചാത്യസമ്പർക്കംമൂലം ഉണ്ടായിട്ടുള്ള രാഷ്ട്രീയവും സാമൂഹ്യവുമായ വ്യത്യാസങ്ങളെ വിവരിക്കുക.

2. ഡാക്ടർ സൺയാററ്സെൻ ചൈനായ്ക്കു ചെയ്തിട്ടുള്ള സേവനങ്ങളെ ഉദാഹരണസഹിതം വിവരിക്കുക.

3. ചിയാങ്ങ് കെയിഷേക്ക് ആധുനിക ചൈനയ്ക്കു വേണ്ടി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ വിശദീകരിക്കുക.

അദ്ധ്യായം 9

1. പാശ്ചാത്യമാതൃകകൾ സ്വീകരിച്ചതുമൂലം ജപ്പാനിൽ അടുത്തകാലത്തുണ്ടായ രാഷ്ട്രീയവും സാമൂഹ്യവും സാമ്പത്തികവുമായ അഭിവൃദ്ധിയെ പരിഗണിക്കുക.

2. ദ്വിതീയ ലോകസമരത്തിൽ ജപ്പാൻ ചെയ്തിട്ടുള്ള പ്രവർത്തനങ്ങളെ വിശദീകരിക്കുക.

3. ഇപ്പോൾ ജപ്പാന്റെ സ്ഥിതി എന്ത്? അതിന്റെ കാരണങ്ങളെ വിശദീകരിച്ച് ഒരുപന്യാസമെഴുതുക.

അദ്ധ്യായം 10.

1. ദ്വിതീയ ലോകമഹായുദ്ധത്തിന്റെ പ്രധാന കാരണങ്ങളെ വിവരിക്കുക.

2. അതിന്റെ പ്രധാന ഘട്ടങ്ങളെ വിവരിക്കുകയും അതിൽ നേതൃത്വംവഹിച്ച പുരുഷകേസരികളുടെ പേരു പറയുകയും ചെയ്യുക.

3. യുദ്ധത്തിന്റെ ഫലങ്ങളെപ്പററി മൊത്തത്തിലും ഐക്യരാഷ്ട്രസമിതിയെപ്പററി വിശദമായും ഒരുപന്യാസമെഴുതുക.

4. ആധുനിക യൂറോപ്പിന്റെ ഒരു പടംവരച്ച് അതിൽ ഇന്നത്തെ രാഷ്ട്രീയനില അടയാളപ്പെടുത്തുക.

Educational

Books by the same Author.

I.	ലോകചരിത്രവീക്ഷണം.			
	1. Vol I for IV Form	1	0	0
	2. Vol II for V Form	1	0	0
	3. Vol III (for Trav. E. S. L. C.)	1	4	0
II.	ഇൻഡ്യാചരിത്രവീക്ഷണം.			
	1. Vol I for IV Form	1	4	0
	2. Vol II for V Form	1	8	0
	3. Vol III (for Trav. E. S. L. C.)	1	4	0
III.	പൌരധർമ്മപ്രവേശിക.			
	1. Vol I for IV Form	0	6	0
	2. Vol II for V Form	0	6	0
	3. Vol III (for Trav. E. S. L. C.)	0	6	0
IV.	A Hand Book of English Grammar and Composition (Designed to suit the requirements of learning English as a second Language in IV, V & VI Forms)	1	0	0
V.	Middle School Civics for I, II & III Forms	0	8	0
VI.	Civics for V Class	0	4	0

Apply to:—

The Assisi Book House,
Changanacherry.